IX. ധനകാര്യം

2005-2006 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ്

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)*: 2005-2006 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

X. നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെ പറയുന്ന ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും

(1) 2005-ലെ കേരള കിസ്സാൻ പാസ് ബുക്ക് ബിൽ

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി)*: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2005-ലെ കേരള കിസ്സാൻ പാസ് ബുക്ക് ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും കയറും വകുപ്പുമന്ത്രി *(ശ്രീമതി കെ. ആർ. ഗൗരിയമ്മ)*: സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

മി. സ്പീക്കർ : ഞാൻ നേരത്തെ പറഞ്ഞതുപോലെ എല്ലാപേരും സമയത്തിന് തീർക്കുന്ന കാര്യത്തിൽ സഹകരിക്കണം.

XI. അടിയന്തിരപ്രമേയത്തിന്മേലുള്ള ചർച്ച സംബന്ധിച്ച്

ശ്രീ. കെ. പി. രാജേന്ദ്രൻ: അടിയന്തിരപ്രമേയ ചർച്ച കഴിഞ്ഞിട്ട് ബിൽ എടുക്കാം. അത് ക്ളാസ് ബൈ ക്ളാസ് ചർച്ചയുള്ളതല്ലേ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി*(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)*: അങ്ങ് തന്നെ ഈ സഭയിൽ instruct ചെയ്തതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞുകഴിഞ്ഞപ്പോൾ അങ്ങയുടെ റൂളിംഗ് വന്നതാണ് ലെജിസ്ലേറ്റീവ് ബിസിനസ്സ് ഉടനെ എടുക്കാമെന്നുള്ളത്. അതുകൊണ്ട് ചർച്ച ലെജിസ്ലേറ്റീവ് ബിസിനസ് കഴിഞ്ഞതിനുശേഷം മതി.

മി. സ്പീക്കർ: മുഖ്യമന്ത്രിയുടെ അഭിപ്രായമെന്താണ്?

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)*: ലെജിസ്ലേറ്റീവ് ബിസിനസ് കഴിഞ്ഞിട്ട് ചർച്ച എടുക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ്: രണ്ട് കാര്യങ്ങൾ ചെയ്യാം. ഒന്നുകിൽ കീഴ്‌വഴക്കമനുസരിച്ച് അടിയന്തിരപ്രമേയ ചർച്ച ആദ്യമെടുക്കാം. അതല്ലെങ്കിൽ റൂൾസിൽ പറയുന്നപ്രകാരം ചെയ്യുക.

മി. സ്പീക്കർ: ഇങ്ങനെയൊക്കെ റൂൾ ഉണ്ടെങ്കിലും waive ചെയ്യാറുണ്ട്. ഏതായാലും കിസ്സാൻ പാസ് ബുക്ക് ബിൽ നമ്മൾ സ്റ്റാർട്ട് ചെയ്തു കഴിഞ്ഞു. അതുടനേ എടുക്കാം.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി):* ഒരുമണിക്കൂർ ചർച്ച കഴിഞ്ഞ് റെജിസ്ലേറ്റീവ് ബിസിനസ്സ് കഴിയുന്നതും വേഗം തീർക്കാം.

ശ്രീ. ടി. എം. ജേക്കബ്: ഈ മൂന്ന് ബില്ലുകളും വേഗം തീർക്കാമെന്നാണോ? ദുരന്തത്തെക്കുറിച്ചുള്ള ചർച്ച ഒരുമണിക്കൂറെന്നു പറഞ്ഞ് restrict ചെയ്യരുത്.

മി. സ്പീക്കർ: സമയബന്ധിതമായി പറഞ്ഞാലെ അതിന്റെ ഗൗരവം വരുകയുള്ളു. അല്ലാതെ കുറെ പറഞ്ഞതുകൊണ്ട് കാര്യമില്ല.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. പി. ജെ. ജോയി]

XII. നിയമനിർമ്മാണകാര്യം (ചർച്ച തുടർച്ച)

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, 2005-ലെ കേരള കിസ്സാൻ പാസ് ബുക്ക് ബിൽ ഇന്ന് ഈ സഭയിൽ ചർച്ചചെയ്ത് പാസ്സാക്കാൻ പോകുകയാണ്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി കേരളത്തിലെ കൃഷിക്കാരെ രക്ഷിക്കാനും സഹായിക്കാനും എന്ന വ്യാജേന കുറെയേറെ ബില്ലുകൾ ഈ നിയമസഭയിൽ കൊണ്ടുവരികയും അവ നിയമങ്ങളാക്കി മാറ്റുകയും ചെയ്തു. പക്ഷേ, നേരത്തെ ഇവിടെ ചർച്ചചെയ്തതുപോലെ നിയമസഭ പാസ്സാക്കിയെടുക്കുന്ന പല ബില്ലുകളും അതിന്റെ പ്രാധാന്യത്തോടുകൂടി നടപ്പിലാക്കാൻ തയ്യാറാകാത്ത ദുഃഖകരമായ ഒരു സാഹചര്യം നിലനിൽക്കുകയാണ്. അതുകൊണ്ടുതന്നെ കർഷകരുടെ രക്ഷയ്ക്കും അവരുടെ കൃഷിഭൂമിയുടെ നിർണ്ണയത്തിനും അവർക്ക് ധനകാര്യസ്ഥാപനങ്ങളിൽനിന്നും വായ്പകളും മറ്റ് ആനുകൂല്യങ്ങളും നേടിയെടുക്കാൻവേണ്ട ഡോക്യുമെന്റ് എന്നുമുള്ള നിലയിൽ കിസ്സാൻ പാസ് ബുക്ക് എന്നുള്ള സങ്കൽപ്പത്തെക്കുറിച്ച് പറയുമ്പോൾ ബഹുമാനപ്പെട്ട മാണിസാർ കൊണ്ടുവന്ന പല നിയമങ്ങളേയും പോലെ ഇതും കർഷകർക്കുവേണ്ടിയുള്ള ഒരു കസർത്ത് ആയി മാറുകയാണ്. യഥാർത്ഥത്തിൽ കർഷകരോടുള്ള താൽപ്പര്യത്തിന്റെ ഭാഗമായിട്ടല്ല ഇത് വരുന്നത്. അങ്ങനെയാണെങ്കിൽ കർഷക താൽപ്പര്യത്തിനാണെന്ന് പറഞ്ഞിട്ട് ഇതിനുമുൻപ് ബഹുമാനപ്പെട്ട മാണിസാർ കൊണ്ടുവന്നിട്ടുള്ളതുൾപ്പെടെ കുറേ സംഗതികൾ നമ്മൾ പരിശോധിക്കേണ്ടതുണ്ട്. കാർഷിക കടാശ്വാസ ബില്ലിന്റെ ആനുകൂല്യം നമ്മുടെ നാട്ടിലെ കൃഷിക്കാർക്ക് ലഭിച്ചില്ല എന്ന വിലയിരുത്തലാണ്

LIBRARY ARCHIVES Kerala Legislative Assembly

ബില്ലിന്റെ കാലാവധിക്കുശേഷം അതിനെ സംബന്ധിച്ച് ഉയർന്നുവന്ന അഭിപ്രായം. വിവിധ കാർഷിക വിളകൾ വലിയ തോതിലുള്ള പ്രതിസന്ധി അഭിമുഖീകരിക്കുന്ന ഘട്ടത്തിൽ ആ കാർഷിക വിളകളെ സംരക്ഷിക്കുന്നതിനുവേണ്ടി പ്രത്യേകമായ പാക്കേജ് പ്രഖ്യാപിച്ചു. ആ പാക്കേജുകളുടെ ലക്ഷ്യം കാണാൻ സാധിക്കുന്ന സ്ഥിതി ഉണ്ടായിട്ടില്ല. അതിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് കാർഷിക കടാശ്വാസ ബില്ലിൽ ഗവൺമെന്റ് പറഞ്ഞിട്ടുള്ള കാർഷിക വിളകളിൻമേൽ കൃഷിക്കാർക്കുള്ള സബ്സിഡി. കേരളത്തിൽ ഏറ്റവും കൂടുതൽ അടയ്ക്കാ കൃഷിചെയ്യുന്നത് കാസർഗോഡ് ജില്ലയിലാണ്. അതുകൊണ്ട് കാസർഗോഡ് ജില്ലയിലെ അടയ്ക്കാ കൃഷിക്കാർക്ക് ഒരു കിലോ അടയ്ക്കയ്ക്ക് 10 രൂപ ലഭിക്കത്തക്കവിധത്തിൽ 10 കോടി രൂപ സഹായം എന്നുള്ള നിലയിൽ അടയ്ക്ക സംഭരണവുമായി ബന്ധപ്പെട്ടുകൊണ്ട് കൃഷിക്കാരുടെ ഭാഗത്തുനിന്നും കാസർഗോഡ് ജില്ലയിലേയും അതുപോലെ തന്നെ അടയ്ക്ക ഉൽപ്പാദിപ്പിക്കുന്ന മറ്റു പ്രദേശങ്ങളിലേയും ധനകാര്യ സ്ഥാപനങ്ങളുടെ ഭാഗത്തുനിന്നും അഭിപ്രായങ്ങൾ ഉയർന്നുവന്നു. എന്നാൽ ആ അഭിപ്രായങ്ങൾ മുഖവിലയ്ക്ക് എടുത്ത് കൃഷിക്കാരുടെ താൽപ്പര്യം സംരക്ഷിക്കാൻ ഉപകരിക്കുന്ന നിലയിൽ കൃഷിക്കാർക്ക് സബ്സിഡി കിട്ടും എന്ന് ഉറപ്പു വരുത്താൻ ആവശ്യമായ സമീപനം ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായില്ല. അതുകൊണ്ടുണ്ടായത് കാസർഗോഡ് ജില്ലയിലേയും അടയ്ക്ക ഉൽപ്പാദിപ്പിക്കുന്ന മറ്റു പ്രദേശങ്ങളിലേയും അടയ്ക്ക കൃഷിക്കാർക്ക് ലഭിക്കേണ്ടിയിരുന്ന 10 കോടി രൂപയുടെ സബ്സിഡി കാംപ്കോ എന്ന് പറയുന്ന കർണ്ണാടകത്തിലെ സഹകരണ സംഘം തട്ടിയെടുത്തു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കാസർഗോഡ് ജില്ലയിൽ വന്നപ്പോൾ അവിടത്തെ കൃഷിക്കാർ മുഴുവനും ഈ പ്രശ്നം അദ്ദേഹത്തിന്റെ ശ്രദ്ധയിൽകൊണ്ടുവന്നു. കാസർഗോഡ് ജില്ലയിലെ സഹകരണ സ്ഥാപനങ്ങളെ ഉപയോഗപ്പെടുത്തണമെന്ന് എം.എൽ.എ.മാർ എല്ലാം ചേർന്ന് പറഞ്ഞു. അവിടെ കാർഷിക വികസന ബാങ്കും പ്രഗത്ഭമായ നിലയിൽ പ്രവർത്തിക്കുന്ന മറ്റ് ഒരുപാട് സർവ്വീസ് സഹകരണ സംഘങ്ങളുമുണ്ട്. ഫാർമേഴ്സ് ബാങ്കുകളുണ്ട്. ആ ബാങ്കുകളെയെല്ലാം ഉപയോഗപ്പെടുത്തി യഥാർത്ഥ അടയ്ക്കാ കൃഷിക്കാരന് സബ്സിഡി ലഭിക്കാൻ ആവശ്യമായ നടപടി സ്വീകരിച്ചിരുന്നുവെങ്കിൽ കൃഷിക്കാർക്ക് എന്തെങ്കിലുമൊക്കെ സഹായം ലഭിക്കുമായിരുന്നു. എന്നാൽ കാംപ്കോ മുഖേന സംഭരിക്കാൻ ആവശ്യമായ, അവർ പറയുന്ന കണക്ക് അനുസരിച്ചുള്ള ഒരു സംവിധാനമാണ് ഉണ്ടാക്കിയത്. കാംപ്കോയുടെ കണക്കിൽ ഏറ്റവും കൂടുതൽ അടയ്ക്കാ സംഭരിച്ചത് കോഴിക്കോട് ജില്ലയിൽനിന്നാണ്. കോഴിക്കോട് കൃഷി ചെയ്യുന്ന അടയ്ക്ക പരിമിതമാണ്. അടയ്ക്ക സംഭരിക്കുമ്പോൾ എന്താണ് സംഭവിക്കുന്നത്? കർണ്ണാടകയിൽനിന്നും തമിഴ്നാട് അതിർത്തിയിൽനിന്നും കാംപ്കോയുടെ പ്രത്യേക ഔട്ട്ലറ്റുകളിലേക്ക് കേരളത്തിൽ വരുകയാണ്. ആ അടയ്ക്ക കാംപ്കോ സംഭരിച്ചതായി കണക്കാക്കിയിട്ട് അതിനുള്ള സബ്സിഡി കാംപ്കോ

LIBRARY ARCHIVES Kerala Legislative Assembly

തട്ടിയെടുക്കുകയാണ്. യു.ഡി.എഫിന്റെ കാസർഗോഡ് ജില്ലാ കമ്മിറ്റി തന്നെ ഇതിനെതിരായി ശക്തമായ വികാരം പ്രകടിപ്പിക്കുകയും അടയ്ക്ക സംഭരിക്കുന്നതിനു വേണ്ടി ആവശ്യമായ ഒരു പ്രത്യേക സംവിധാനം ഉണ്ടാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. അപ്പോൾ യഥാർത്ഥത്തിൽ നാം സദുദ്ദേശപരമായി കൊണ്ടുവരുന്ന കോടിക്കണക്കിന് രൂപ ചെലവഴിച്ചുകൊണ്ടുള്ള സഹായങ്ങൾ ഒരിക്കലും യഥാർത്ഥ കർഷകർക്ക് ലഭിക്കുന്നില്ല.

ശ്രീ. സാജുപോൾ: എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് റവന്യൂ കാർഡും അതുപോലെ കൺസ്യൂമർ കാർഡും നടപ്പാക്കാൻ ശ്രമിച്ചപ്പോൾ അതിനെ അങ്ങേയറ്റം എതിർത്തവരാണ് മാണിസാർ ഉൾപ്പെടെയുള്ള ആളുകൾ.

ശ്രീ. കെ. എം. മാണി: എന്റെ concept ആയിരുന്നു റവന്യൂ കാർഡ് എന്ന വിവരം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

ശ്രീ. കെ. വി. കുഞ്ഞിരാമൻ: മാണിസാറിന്റെ concept ആയിരുന്നു. അത് ഇടതുപക്ഷ മുന്നണിയാണ് നടപ്പിലാക്കാൻ തുടങ്ങിയത്. യു.ഡി.എഫ്.-കാർ അതുകൊണ്ടാണ് എതിർത്തത്. അന്ന് അത് നടപ്പിലാക്കാൻ ആവശ്യമായ സംവിധാനം ഉണ്ടാക്കിയപ്പോൾ അതിനെതിരായി ശക്തമായ പ്രചാരവേലകൾ സംഘടിപ്പിച്ചു. ആ ഒരു കോൺസപ്റ്റിന്റെ അടിസ്ഥാനത്തിലാണ് ഈ ബില്ല് എന്നുപറയുന്നതിൽ കാര്യമില്ല. സബ്സിഡിയായി അനുവദിച്ച 10 കോടി രൂപ കാസർഗോഡ് ജില്ലയിലെ അടയ്ക്കാ കൃഷിക്കാർക്ക് ലഭിക്കാൻ ആവശ്യമായ സംവിധാനം ഉണ്ടായില്ല. കഴിഞ്ഞ രണ്ടു ദിവസങ്ങളിലായി ഞങ്ങൾ മുഖ്യമന്ത്രിയെ കണ്ടു, കൃഷി മന്ത്രിയെ കണ്ടു. 143 കൃഷിക്കാരുടെ വീടും അതുപോലെ സ്വത്തും തോട്ടങ്ങളും എല്ലാംതന്നെ ബാങ്ക് ജപ്തി ചെയ്തിരിക്കുകയാണ്. അതെല്ലാം ബാങ്കിന്റെ മുതൽകൂട്ടായി മാറ്റി. ഈ ജൂലായ് മാസം 30-ാം തീയതിക്കകം ബാങ്ക് തിട്ടപ്പെടുത്തിയ മുഴുവൻ തുകയ്ക്കും പുറമേ 5 ശതമാനം പലിശ കൂടി ചേർത്ത് അടച്ചില്ലെങ്കിൽ ഈ 143 കൃഷിക്കാർക്കും ജൂലായ് മാസം 30-ാം തീയതിക്കുശേഷം സ്വന്തം വീടുകളിൽ താമസിക്കാൻ കഴിയാത്ത സ്ഥിതി വരികയാണ്. 30-ാം തീയതിക്കകം ഇതിനകത്ത് ഇളവ് വരുത്താൻ ആവശ്യമായ സംവിധാനം ഉണ്ടാക്കിയില്ലെങ്കിൽ അവർ കൂട്ട ആത്മഹത്യ ചെയ്യുമെന്നാണ് മുഖ്യമന്ത്രിയെ കണ്ട് പറഞ്ഞിരിക്കുന്നത്. കൃഷിക്കാരെ സംരക്ഷിക്കാൻ പല വിധത്തിലുള്ള നിയമങ്ങൾ കൊണ്ടുവരുന്ന ആളുകൾ കൃഷിക്കാരുടെ യഥാർത്ഥ സ്ഥിതി എന്താണെന്ന് പരിശോധിക്കാൻ തയ്യാറാകുന്നില്ല എന്നാണ് കൃഷിക്കാരുടെ അനുഭവത്തിൽനിന്നും മനസ്സിലാകുന്നത്. അവരൊക്കെ ഇപ്പോൾ എല്ലാ മന്ത്രിമാരേയും കണ്ട് നടക്കുകയാണ്. കൃഷിക്കാർക്കുവേണ്ടി പ്രസംഗിക്കുന്നതല്ലാതെ കൃഷിക്കാരെ സഹായിക്കാൻ ആവശ്യമായ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. കർണ്ണാടകത്തിലേയും തമിഴ്നാട്ടിലേയും ആന്ധ്രയിലേയും ഗവൺമെന്റുകൾ തങ്ങളുടെ കർഷകർക്ക് കൊടുക്കുന്ന സഹായമെങ്കിലും നമ്മുടെ കൃഷിക്കാർക്ക് നാം കൊടുക്കണ്ടേ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കർണ്ണാടക ഗവൺമെന്റ് പാസാക്കിയിട്ടുള്ള നിയമത്തിന്റെ കോപ്പി ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഇന്നലെ കൊടുത്തു. അവിടത്തെ ഗവൺമെന്റ് പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകളിൽനിന്നും മറ്റു ധനകാര്യ സ്ഥാപനങ്ങളിൽനിന്നും കർഷകർ എടുത്തിട്ടുള്ള കടത്തിന്റെ പിഴപ്പലിശ മുഴുവൻ എഴുതിതള്ളുകയാണ്. എന്നിട്ട് യഥാർത്ഥത്തിൽ അവശേഷിക്കുന്ന തുക ദീർഘകാലവായ്പകളായി മാറ്റിക്കൊണ്ട് കൃഷിക്കാർക്ക് ഗഡുക്കളായി അടയ്ക്കുന്നതിനുള്ള സാവകാശം കൊടുത്തുകൊണ്ട് ജപ്തി നടപടികളിൽനിന്നും ഒഴിവാക്കി കൃഷിക്കാരെ സംരക്ഷിക്കാൻ ആവശ്യമായ നടപടികൾ അവിടത്തെ ഗവൺമെന്റ് കൈക്കൊള്ളുകയാണ്. കേരളം കർണ്ണാടകത്തിന്റേയും തമിഴ്നാടിന്റേയും അതിർത്തിയിൽ കിടക്കുന്ന സംസ്ഥാനമല്ലേ? അവിടത്തെ കൃഷിക്കാർക്ക് ഈ ആനുകൂല്യങ്ങൾ ലഭിക്കുമ്പോൾ അത്തരത്തിലുള്ള നടപടികൾ കേരളത്തിൽ നടപ്പാക്കുന്നില്ല. കർഷകർക്കുവേണ്ടിയിട്ട് ആയിരം നാവ് ഉപയോഗിച്ച് പ്രസംഗിച്ചിട്ട് കേരളത്തിലെ കൃഷിക്കാർക്ക് ന്യായമായ നിരക്കിൽ എന്തെങ്കിലും ആനുകൂല്യമോ സഹായമോ ചെയ്തുകൊടുക്കാൻ ആവശ്യമായ സംവിധാനം ഉണ്ടാക്കാൻവേണ്ടി ഈ ഗവൺമെന്റിന് സാധിച്ചോ? കൃഷിക്കാരോട് ഒരു ആത്മാർത്ഥതയുമില്ല എന്നുള്ളതാണ് ഈ സംഗതികളൊക്കെ സൂചിപ്പിക്കുന്നത്. 1300-ഓളം കൃഷിക്കാരാണ് കേരളത്തിൽ ആത്മഹത്യ ചെയ്തത്. സർക്കാരിന്റെ കണക്കനുസരിച്ച് അത് 240 പേരായി. ഈ ആത്മഹത്യ ചെയ്ത കുടുംബങ്ങളെ സഹായിക്കാൻ അവർക്ക് കൊടുക്കാമെന്ന് പറഞ്ഞ ഒരു ലക്ഷം രൂപ പോലും കൊടുക്കാൻ തയ്യാറാകാതെ അതൊക്കെ പരിമിതപ്പെടുത്തുകയല്ലേ ചെയ്തത്? അപ്പോൾ കൃഷിക്കാരെ സഹായിക്കുന്നതിനുവേണ്ടിയുള്ള നിയമനിർമ്മാണങ്ങൾ മാത്രമല്ല ആവശ്യം. നമ്മൾ പാസ്സാക്കിയ നിയമങ്ങൾ യഥാവിധി നടപ്പിലാക്കി കൃഷിക്കാരെ സംരക്ഷിക്കാൻ ആവശ്യമായ നടപടികളാണ് ഇന്ന് കേരളത്തിൽ ആവശ്യം. അങ്ങനെ ധീരമായ നടപടിയെടുക്കാൻ ഈ ഗവൺമെന്റ് തയ്യാറാകുമോ? അങ്ങനെ തയ്യാറാകുന്ന ഒരു ഗവൺമെന്റിന് ഇങ്ങനെ ഒരു പാസ്ബുക്ക് അടിയന്തിരമായി ഉണ്ടാക്കേണ്ട ആവശ്യമില്ല. അല്ലാതെ തന്നെ ചെയ്യാൻവേണ്ടി കഴിയും. ഇതിനകത്ത് ഒട്ടേറെ പോരായ്മകളുണ്ട്. അതിന്റെ നിർവ്വചനത്തിൽ തന്നെ കൃഷിക്കാർ എന്ന് പറയുന്ന സ്ഥാനത്ത് കൃഷി എന്നതിൽ കർഷകർ, ക്ഷീരോല്പാദകർ, കന്നുകാലികളെ വളർത്തുന്നവർ, കോഴി കർഷകർ, അതുപോലുള്ള പ്രവൃത്തികളിൽ ഏർപ്പെട്ടിരിക്കുന്ന മറ്റു വിഭാഗം ആളുകൾ എന്നിവർ സാധാരണയായി നടത്തുന്ന എന്നാണ് പറഞ്ഞിരിക്കുന്നത്. ഇതിനകത്ത് സ്പെസിഫൈ ചെയ്ത് പറയേണ്ട രണ്ട്, മൂന്ന് വിഭാഗങ്ങളുണ്ട്. കൃഷിയൊന്നും വളരെ കാര്യമായി നടത്താൻ കഴിയുന്നവരല്ല ഹരിജന, ആദിവാസി ജനവിഭാഗങ്ങൾ. ഇന്ന് ഏറ്റവും ദുരിതം അനുഭവിക്കുന്ന ഒരു വിഭാഗമാണിത്. അവർക്ക് പ്രത്യേകമായി നമ്മൾ കൊടുക്കുന്ന ആനുകൂല്യങ്ങൾ പലതും അവരുടെ കൈകളിലേക്ക് എത്തുന്നില്ല, ഇടനിലക്കാർ തട്ടിക്കൊണ്ടു പോകുകയാണ്. അവർക്ക്

നൽകുന്ന സൗജന്യ റേഷൻ പോലും കൃത്യമായി, സമയബന്ധിതമായി കൊടുക്കാനാവശ്യമായ സംവിധാനം ഉണ്ടാകുന്നില്ല.

ശ്രീ. എ. കെ. ബാലൻ: ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച ഒരു കാര്യം വളരെ പ്രസക്തമാണ്. പാവപ്പെട്ട ആദിവാസികൾക്കും കർഷകത്തൊഴിലാളികൾക്കും കിട്ടേണ്ട ഏതാണ്ട് 45,600 ഏക്കർ ഭൂമിയാണ് ബഹുമാനപ്പെട്ട മാണി സാർ അധികാരത്തിൽ വന്നതിനുശേഷം ഇല്ലാതാക്കിയത് എന്നുള്ളത് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. വി. കുഞ്ഞിരാമൻ: ആ കയ്യേറ്റത്തെ സംബന്ധിച്ചും അങ്ങനെ കയ്യേറിയ ആളുകൾക്ക് വ്യാജ പട്ടയം കൊടുക്കുന്നതിനെ സംബന്ധിച്ചുമുള്ള ആക്ഷേപങ്ങൾ ഇന്ന് വളരെ വ്യാപകമായി ഉയർന്നുവരുന്നത് ഞാൻ കാണാതിരിക്കുന്നില്ല. അവർ ഏറ്റവും വലിയ ദുരന്തത്തെ അഭിമുഖീകരിക്കുകയാണ്. അതുകൊണ്ട് ഈ നിർവ്വചനത്തിൽ തന്നെ ഹരിജനങ്ങൾ, ആദിവാസികൾ അതുപോലെ മൽസ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള ജനവിഭാഗങ്ങൾക്ക് ഈ കിസാൻ പാസ്ബുക്കിന്റെ സഹായങ്ങൾ ലഭ്യമാക്കാൻ ആവശ്യമായ സംവിധാനങ്ങൾ ഉണ്ടാകണം. ധനകാര്യ സ്ഥാപനങ്ങളുടെ കാര്യം പറഞ്ഞിട്ടുമുണ്ട്. ഇപ്പോൾ റിസർവ്വ് ബാങ്ക് ഉൾപ്പെടെയുള്ള വലിയ ധനകാര്യ സ്ഥാപനങ്ങളൊക്കെ കേന്ദ്ര റിസർവ്വ് ബാങ്ക് നിയമത്തെ അടിസ്ഥാനപ്പെടുത്തിക്കൊണ്ട് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ്. അവർ നമ്മൾ പറഞ്ഞതുപോലെ ഇത് ഒരു രേഖയായിട്ട് എടുത്തുകൊണ്ട് ലോൺ കൊടുത്തോളണം എന്ന് നിയമമൊന്നുമില്ല. പക്ഷെ നമുക്ക് ചില സ്ഥാപനങ്ങൾ ഉണ്ടല്ലോ, സംസ്ഥാന ഗവൺമെന്റിന്റെ സഹായത്തോടുകൂടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളായിട്ടുള്ള ഫിനാൻഷ്യൽ കോർപ്പറേഷൻ, ഫിനാൻഷ്യൽ എന്റർപ്രൈസസ് ഇങ്ങനെ സംസ്ഥാന ഗവൺമെന്റിന്റെ ഭാഗമായിട്ടുള്ള ധനകാര്യ സ്ഥാപനങ്ങളെ ഈ ബില്ലിന്റെ ഭാഗമായി സ്പെസിഫൈ ചെയ്ത് പറഞ്ഞിട്ടില്ല. അപ്പോൾ അത്തരം ധനകാര്യ സ്ഥാപനങ്ങളെകൂടി ഈ പാസ് ബുക്ക് ഉപയോഗിച്ചുകൊണ്ട് സഹായങ്ങൾ ലഭിക്കാനാവശ്യമായ പട്ടികയിൽപ്പെടുത്തുന്ന തിനും, കൃഷിക്കാർക്ക് അത് ലഭ്യമാക്കാനാവശ്യമായ സംവിധാനങ്ങൾ ഉണ്ടാക്കുന്നതിനും നടപടികൾ സ്വീകരിക്കണം.

ശ്രീ. വി. കെ. ചന്ദ്രൻ: കൃഷിക്കാർക്ക് കിസാൻ പാസ്ബുക്ക് കൊടുത്തിട്ട് അതുവച്ച് ലോൺ എടുക്കാമെന്നാണ് ഈ നിയമത്തിലൂടെ പറയുന്നത്. ഇവിടെ കേരള സംസ്ഥാനത്ത് വിദ്യാഭ്യാസ വായ്പയ്ക്ക് യാതൊരുവിധ ഡീഡും ഇല്ലാതെ ലോൺ കൊടുക്കാം എന്നുപറഞ്ഞിട്ട് ഒരു സ്ഥലത്തും ലോൺ കൊടുക്കുന്നില്ല. ലോൺ കിട്ടാത്തതിന്റെ ഭാഗമായി ഒട്ടനവധി വിദ്യാർത്ഥികളുടെ പഠനം തന്നെ മുടങ്ങിപ്പോയി. ഏതാണ്ട് അത്തരത്തിൽ ഒരു നടപടിയല്ലേ ഈ കിസാൻ പാസ്ബുക്കിന്റെ ഭാഗമായിട്ട് ഉണ്ടാകുന്നത്. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. വി. കുഞ്ഞിരാമൻ: തീർച്ചയായും, പല ധനകാര്യ സ്ഥാപനങ്ങളും അർഹതയുള്ള ആളുകൾക്കുപോലും വിദ്യാഭ്യാസ സൗകര്യത്തിനുവേണ്ടിയുള്ള വായ്പ കൊടുക്കാതിരിക്കുന്ന സ്ഥിതിയുണ്ട്. കിസാൻ പാസ് ബുക്ക് വരുന്നതോടുകൂടി കേരളത്തിൽ സ്വത്തിന്റെ ക്രയവിക്രയത്തിൽ പ്രശ്നങ്ങൾ ഉണ്ടാകാൻ പോകുകയാണ്. സ്വത്തിന്റെ ക്രയവിക്രയത്തിൽ ഇത് ഒരു പ്രധാനപ്പെട്ട പ്രശ്നമാകാൻ പോകുകയാണ്. ഇതിന്റെ 9-ാം വകുപ്പിൽ പറഞ്ഞിരിക്കുന്നത് 'ഒരു കിസാൻ പാസ് ബുക്കിന്റെ കൈവശക്കാരൻ നടത്തിയ അങ്ങനെയുള്ള കിസ്സാൻ പാസ് ബുക്കിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും ഭൂമിയോ അതിൻമേലുള്ള ഏതെങ്കിലും താൽപര്യമോ അതിൽ നിലവിലുള്ള ഏതെങ്കിലും വിളയോ സംബന്ധിച്ചുള്ള യാതൊരു കൈമാറ്റവും, സബ് രജിസ്ട്രാർ അദ്ദേഹത്തിന്റെ മുമ്പിൽ കിസാൻ പാസ് ബുക്ക് ഹാജരാക്കിയില്ലായെങ്കിൽ രജിസ്റ്റർ ചെയ്യാൻ പാടില്ലാത്തതും അത് ഹാജരാക്കുന്നപക്ഷം അദ്ദേഹം രജിസ്റ്റർ ചെയ്ത കൈമാറ്റത്തിന്റെ വിവരണങ്ങൾ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫോറത്തിലും രീതിയിലും അതിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്' എന്നാണ്. അപ്പോൾ പാസ് ബുക്ക് ഹാജരാക്കാതെ സ്വത്ത് കച്ചവടം ചെയ്യാൻ സാധിക്കാത്ത പ്രശ്നം ഉണ്ടാകാൻ വേണ്ടി പോകുകയാണ്. അപ്പോൾ സ്വത്തിന്റെ ക്രയവിക്രയത്തിൽ ഇത് ഏതുവിധത്തിലാണ് പ്രശ്നങ്ങൾ ഉണ്ടാക്കുക? അത് സർക്കാരിന്റെ വരുമാനത്തെ ബാധിക്കുന്ന സ്ഥിതിയുണ്ടാകും. അങ്ങനെ ഒരവസ്ഥ സ്വത്തിന്റെ ക്രയവിക്രയത്തിൽ ഉണ്ടായാൽ അതിന്റെ രജിസ്ട്രേഷനിൽ കാലതാമസത്തിനിടയാക്കും. അതുവഴി അഴിമതിയും കെടുകാര്യസ്ഥതയും സംജാതമാകാൻ സഹായിക്കുന്ന നിലയിലുള്ള ഒരു സ്ഥിതി ഒരു കാരണവശാലും ഉണ്ടാകാൻ പാടില്ലാത്തതാണ്. അതുകൊണ്ട് ആ വാക്ക് യഥാവിധത്തിൽ പരിഷ്ക്കരിക്കാനാവശ്യമായ സംവിധാനം തീർച്ചയായും ഉണ്ടാകേണ്ടതാണ്. ഈ നിലയിൽ കൃഷിക്കാർക്ക് വളരെ എളുപ്പത്തിൽ, ബാങ്കുകൾക്ക് മുമ്പാകെ ഹാജരാകാൻ, അവർക്ക് വായ്പ ലഭിക്കുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കാനുള്ള സദുദ്ദേശത്തോടുകൂടിയാണ് ഈ ബിൽ ബഹുമാനപ്പെട്ട മാണി സാർ കൊണ്ടുവരുന്നതെങ്കിൽ ഇതുപോലുള്ള പഴുതുകളെല്ലാം ഒഴിവാക്കി കുറേക്കൂടി സൗകര്യപ്രദമായ നിലയിൽ സമഗ്രമായി എല്ലാ വിഭാഗം ആളുകളേയും ഉൾക്കൊള്ളിക്കാൻ കഴിയുന്ന, എല്ലാവിഭാഗം ധനകാര്യ സ്ഥാപനങ്ങളേയും ബന്ധപ്പെടുത്താൻ സാധിക്കുന്ന, വളരെ ലളിതമായി വായ്പാ വ്യവസ്ഥകൾ നിർവ്വചിക്കാൻ വേണ്ടി സാധിക്കുന്ന ഒരു സംവിധാനമാക്കി ഇതിനെ രൂപപ്പെടുത്തിയെടുക്കാൻ ആവശ്യമായ ശ്രമം കൂടി ക്ളോസ് ബൈ ക്ളോസ് ചർച്ചയെല്ലാം നടന്നു കഴിയുന്നതോടുകൂടി ഉണ്ടാകണം. അതിനാവശ്യമായ നടപടികൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്ന് ഉണ്ടാകണം എന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ ഡിസെന്റ് രേഖപ്പെടുത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മഞ്ഞളാംകുഴി അലി: സർ, 2005-ലെ കേരള കിസ്സാൻ പാസ്ബുക്ക് ബില്ലിൽ ഉൾപ്പെട്ട നിർദ്ദേശങ്ങൾ പ്രഥമദൃഷ്ട്യാ സ്വാഗതാർഹമാണ്. കർഷകർക്ക് തങ്ങളുടെ സ്വത്തിന്റെ ഡീറ്റെയിൽസ് രേഖപ്പെടുത്താനും അതിന്റെ അടിസ്ഥാനത്തിൽ ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷനുകളിൽ നിന്നും ലോൺ എടുക്കാനും അനുയോജ്യമായ പല വകുപ്പുകളും ഈ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത് ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡം, ഈ ബുക്ക് നഷ്ടപ്പെട്ടാൽ ഉണ്ടാകാവുന്ന ബദൽ സംവിധാനം ഇതിന്റെ misuse മൂലം ഉണ്ടാകാനിടയുള്ള പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച് ഈ ബില്ലിൽ വ്യക്തത പുലർത്തിയിട്ടില്ല. ഈ കിസ്സാൻ പാസ്ബുക്കിന് വ്യാജ പാസ്ബുക്ക് ഉണ്ടാകാനുള്ള സാദ്ധ്യത വളരെ വളരെ കൂടുതലാണ്. വ്യാജ സ്റ്റാമ്പ് പേപ്പർ പോലും അച്ചടിച്ച് വിൽപ്പന നടത്തുന്ന നമ്മുടെ നാട്ടിൽ ഈ സാദാ കിസ്സാൻ പാസ്ബുക്ക് ഉണ്ടാക്കാൻ എന്താണ് പ്രയാസം? ഇത് എങ്ങനെ നിയന്ത്രിക്കാം എന്ന് ഈ ബില്ലിൽ പറയുന്നില്ല. വേറൊന്ന് പാസ്ബുക്ക് നഷ്ടപ്പെട്ടാൽ അതിന് ഡ്യൂപ്ലിക്കേറ്റ് കരസ്ഥമാക്കുന്നതിന് ഈ ബില്ലിൽ വ്യവസ്ഥയൊന്നും ചെയ്തിട്ടില്ല. ഇതിനേക്കാളും പ്രധാനപ്പെട്ട കാര്യം കിസ്സാൻ പാസ്ബുക്കുമൂലം ഉണ്ടാകാനിടയുള്ള ഭൂവിനിയോഗ ക്രമക്കേടുകളാണ്. കോടതികളിൽ അധികൃതരുടെ സഹായത്തോടെ കേസുകൾ ജയിച്ച് വനഭൂമി കൈവശം വച്ചിട്ടുള്ളവർക്കും വനനിയമം ലംഘിച്ചുകൊണ്ട് റവന്യൂസ്വത്തിൽ കൈവശാവകാശം സ്ഥാപിച്ചിട്ടുള്ളവർക്കും കൈവശഭൂമിയിലുള്ള അവകാശം സ്ഥാപിക്കുന്നതിനുള്ള ഒരു കുറുക്കുവഴിയായിട്ട് ഇത് മാറുമോ എന്ന് സംശയിക്കേണ്ടി യിരിക്കുന്നു. നമ്മുടെ പ്രധാനപ്പെട്ട നഗരങ്ങളിലെ പാതയോരങ്ങളിൽ പുറംമ്പോക്ക് ഭൂമി കൈവശപ്പെടുത്തിയ ആളുകളും പാസ് ബുക്കിൽ രേഖപ്പെടുത്തിയാൽ സർക്കാരിന് അത് നിയന്ത്രിക്കാൻ കഴിയുമെന്ന് തോന്നുന്നില്ല. കാലാകാലങ്ങളിൽ സർക്കാരിനെ കബളിപ്പിച്ചും സർക്കാരിന്റെ ഒത്താശയോടുംകൂടി വ്യാജപട്ടയം നേടിയവർക്ക് ഈ പാസ് ബുക്ക് ഒരു ഒഫിഷ്യൽ ലൈസൻസ് ആകും എന്നാണ് ആൾക്കാർ പറയുന്നത്. ഇപ്പോഴത്തെ വ്യവസ്ഥകൾ പ്രകാരം കമേഴ്സ്യൽ ബാങ്കുകളിൽ നിന്നും, കാർഷിക സഹകരണ ബാങ്കുകളിൽ നിന്നും പെട്ടെന്ന് ലോൺ ലഭിക്കാനുള്ള വ്യവസ്ഥകളൊക്കെ ഈ പാസ് ബുക്കിൽ ഉണ്ടെങ്കിലും ഭാവിയിലും ബാങ്കുകൾ ഇപ്പോൾ നൽകുന്ന എല്ലാ കടലാസുകളും അതായത് നമ്മുടെ കുടികിടപ്പ് സർട്ടിഫിക്കറ്റ്, എൻകംബ്രൻസ് സർട്ടിഫിക്കറ്റ്, ആധാരം എന്നിവയുടെ കൂടെ കിസാൻ പാസ്ബുക്കും കൂടി ചോദിക്കുന്ന ഒരവസ്ഥയിലേക്ക് എത്തിച്ചേരാൻ ഇടയുണ്ട്. അതുകൊണ്ട് ഇതൊക്കെ പരിഹരിക്കും എന്നുള്ള വിശ്വാസത്തിൽ എന്റെ ഡിസെന്റ് ഞാൻ ഇവിടെ രേഖപ്പെടുത്തുന്നു.

ശ്രീ. ബിനോയ് വിശ്വം: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള കിസ്സാൻ പാസ് ബുക്ക് ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. റവന്യൂമന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി ബില്ലുകൾ അവതരിപ്പിക്കുമ്പോൾ വാക്കുകൾക്കൊന്നും ലോപം കാണിക്കാറില്ല. ഇഷ്ടപ്പെട്ട പദങ്ങളിൽ ഒന്നാണ് മാഗ്നാകാർട്ട. അദ്ദേഹം ഇവിടെയും പറഞ്ഞു ഈ ബിൽ കർഷകന്റെ മാഗ്നാകാർട്ടയാണെന്ന്. ഇത് എടുത്ത് വായിച്ചുനോക്കിയാൽ കർഷക രക്ഷയ്ക്കുവേണ്ടി കൊണ്ടുവന്ന ഒരു രക്ഷാരേഖയെപ്പോലെ തോന്നിപ്പോകും. അങ്ങനെയാണ് അവതരിപ്പിച്ചിരിക്കുന്നത്. ശ്രീ. കെ. എം. മാണി എപ്പോഴും പറയുന്നത് അദ്ധ്വാന വർഗ്ഗത്തിന്റെ കാര്യമാണ്, അദ്ധ്വാന വർഗ്ഗവുമായി ബന്ധപ്പെട്ട സിദ്ധാന്തങ്ങളും കാര്യങ്ങളുമാണ്. അദ്ദേഹം പലപ്പോഴും സൈദ്ധാന്തിക പരിവേഷവും അണിയാറുണ്ട്. ഈ കിസ്സാൻ പാസ് ബുക്കിന്റെ ഓരോ വകുപ്പുകളും ഉപവകുപ്പുകളുമെല്ലാം വായിച്ചാൽ.......

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: അത് അദ്ധ്വാനിക്കുന്ന വർഗ്ഗമല്ല, അദ്ധ്വാനവർഗ്ഗം എന്നുപറയുന്നത് ഒരു പ്രത്യേക വർഗ്ഗമാണ്. അദ്ധ്വാനിക്കേണ്ടതല്ലാത്ത വർഗ്ഗം.

ശ്രീ. ബിനോയ് വിശ്വം: ഞാൻ ഈ വ്യത്യാസം ശ്രദ്ധിച്ചിട്ടുണ്ട്. അദ്ധ്വാനിക്കുന്ന വർഗ്ഗമെന്ന പ്രയോഗത്തിൽ.............

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി):* വാക്കുകളെല്ലാം ഓരോ കാലത്തും കോയിൻ ചെയ്തിട്ടുള്ളതാണ്. ഗ്രമാറ്റിക് ആയിട്ടുപറഞ്ഞാൽ അദ്ധ്വാനി എന്നുവേണം. പക്ഷെ അദ്ധ്വാനവർഗ്ഗമെന്നുള്ളത് കോയിൻ ചെയ്തു. അത് സ്ഥിരപ്രതിഷ്ഠ നേടിയിട്ടുണ്ട്. അത് എല്ലാപേരും അംഗീകരിച്ചിട്ടുണ്ട്. അത് toiling masses ആണ്.

ശ്രീ. ബിനോയ് വിശ്വം: Toiling masses-നുവേണ്ടി മാണി സാറും അദ്ദേഹത്തിന്റെ വർഗ്ഗ താൽപ്പര്യങ്ങളും നിൽക്കുമെങ്കിൽ സന്തോഷം. പക്ഷേ നിൽക്കാൻ ഇടയില്ല എന്നാണ് അനുഭവം. എന്തായാലും കിസ്സാൻ പാസ് ബുക്കിന്റെ മറവിൽ ഉണ്ടാകാൻ ഇടയുള്ള ഒരുപാട് അപാകതകളെപ്പറ്റി ഇവിടെ പരാമർശങ്ങൾ ഉണ്ടായി. സബ്ജക്ട് കമ്മിറ്റിയിൽ ഡിസന്റ് രേഖപ്പെടുത്തിയ സുഹൃത്തുക്കൾ പറഞ്ഞത് ഞാൻ ആവർത്തിക്കേണ്ടതില്ല. ഇന്ത്യയിലെ കർഷകർ കടത്തിൽ ജനിച്ച്, കടത്തിൽ ജീവിച്ച്, കടത്തിൽ മരിക്കുന്നവരാണ്. ആ കർഷകരുടെ ഭാഗം തന്നെയാണ് കേരളത്തിലെ കർഷകരും. കേരളത്തിലെ കൃഷിക്കാരിൽ അറുപത് ശതമാനം ആളുകളും കടബാദ്ധ്യതയിലാണ്. ആ കടത്തിന്റെ കാര്യങ്ങൾ പറയാൻ തുടങ്ങിയാൽ തീരില്ല. കേരളത്തിലെ മുഴുവൻ കാർഷിക മേഖലയിലും കർഷകന്റെ കണ്ണീർക്കയം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. അവന്റെ ഉൽപ്പന്നങ്ങൾക്കൊന്നും വില കിട്ടുന്നില്ല. അവർ വാങ്ങിച്ച കടങ്ങൾ തിരിച്ചടയ്ക്കാൻ കഴിയുന്നില്ല. പലിശയും പിഴപ്പലിശയും ജപ്തി നടപടികളുമെല്ലാമായി കേരളം മുഴുവൻ കർഷകന്റെ രോദനം ഉയർന്നുകൊണ്ടിരിക്കുകയാണ്. കൂട്ട ആത്മഹത്യയുടെ പ്രതിവിധിയെപ്പറ്റി നാം

LIBRARY ARCHIVES Kerala Legislative Assembly

ചിന്തിക്കേണ്ടതുണ്ട്. ഈ സഭയിൽ കർഷക കുടുംബങ്ങളുടെ ആത്മഹത്യയെപ്പറ്റി പല തവണ പരാമർശങ്ങൾ ഉണ്ടായി. അങ്ങനെ പരാമർശിക്കപ്പെട്ട ഘട്ടങ്ങളിലെല്ലാം അവരെ രക്ഷിക്കാൻ വേണ്ടി ഗവൺമെന്റ് എന്തൊക്കെയോ ചെയ്യുമെന്ന് ശ്രീ. മാണിയും, മുഖ്യമന്ത്രിയും പറഞ്ഞു. വയനാടിനുവേണ്ടി ഒരു പാക്കേജ് പ്രാഖ്യപിക്കപ്പെട്ടു. ഈ സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട കാർഷിക ജില്ലയായ വയനാട്ടിൽ പ്രഖ്യാപിക്കപ്പെട്ട ആ വയനാട് പാക്കേജിന്റെ സ്ഥിതിയെപ്പറ്റി ഉത്തരം പറയുമ്പോൾ ശ്രീ. കെ. എം. മാണി പറയുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. കാർഷിക പാക്കേജ് പദ്ധതി വയനാട്ടിൽ ജലരേഖയായി മാറി. കൃഷിക്കാർക്ക് ആർക്കും പാക്കേജിന്റെ ഗുണം കിട്ടിയിട്ടില്ല. ഗവൺമെന്റിന്റെ വാക്കിൽ വിശ്വാസം അർപ്പിച്ചുകൊണ്ട് കാര്യങ്ങൾ ചെയ്ത സഹകരണ ബാങ്കുകളെല്ലാം ഇന്ന് വയനാട്ടിൽ വെള്ളം കുടിക്കുകയാണ്. സർ, ശ്രീ. കെ. എം. മാണിയുടെ പാർട്ടിയുടെ ജില്ലാ പ്രസിഡന്റ് നടത്തിയ പ്രസ്താവന ഞാൻ വായിച്ചു. വയനാട് പാക്കേജ് വയനാട്ടിലെ കർഷകർക്ക് ഗുണകരമാകില്ല എന്നുള്ള സ്വന്തം പാർട്ടിയുടെ നേതാവായ വയനാട് ജില്ലാ പ്രസിഡന്റിന്റെ ആ പ്രഖ്യാപനത്തെപ്പറ്റികൂടി പാർട്ടിയുടെ നേതാവായ ശ്രീ. കെ. എം. മാണി എന്തുപറയുമെന്ന് അറിയാൻ എനിക്ക് ആകാംഷയുണ്ട്.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, വയനാട് പാക്കേജ്, അതുപോലെയുള്ള നിരവധി പാക്കേജുകൾ ഇവിടെ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. വയനാട് പോയിവന്നിട്ട് റൂൾ 300 അനുസരിച്ച് മാണിസാർ തന്നെ ഇവിടെ ഒരു ദീർഘമായ സ്റ്റേറ്റ്മെന്റ് നടത്തി. ആ പറഞ്ഞതിൽ ഒരു കാര്യവും നടപ്പിലാക്കിയിട്ടില്ല, മാത്രമല്ല വയനാട്ടിലെ കർഷകരുടെ മുഴുവൻ പ്രതിനിധികൾ, ഏതാണ്ട് പത്ത് നാന്നൂറോളം പേർ ഇവിടെ കഴിഞ്ഞദിവസം നിയമസഭയുടെ മുമ്പിൽ മാർച്ച്നടത്തുകയും വലിയ സമരം ഈ നിയമസഭയുടെ മുമ്പിൽ നടത്തുകയും ചെയ്ത വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ബിനോയ് വിശ്വം: ഒരു പാസ്ബുക്ക് ആകുന്ന മുറം കൊണ്ട് കർഷക രോഷത്തിന്റെ കൊടുങ്കാറ്റിനെ അടച്ചുവയ്ക്കാൻ ശ്രമിക്കുകയണ് ശ്രീ. കെ. എം. മാണി. കേരളത്തിലെ കർഷകരുടെ പ്രശ്നങ്ങൾ രൂക്ഷമാണ്. ആ പ്രശ്നങ്ങളുടെയെല്ലാം മുമ്പിൽ കുറ്റവാളികളാണ് ഈ ഗവൺമെന്റ്. കേരളത്തിലെ കർഷകരോട് വഞ്ചന മാത്രം കാണിച്ച ഗവൺമെന്റാണ് ഈ ഗവൺമെന്റ്. റവന്യൂ മന്ത്രി ശ്രീ. കെ. എം. മാണിയും അതുപോലെതന്നെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയും കേരളത്തിലെ സമ്പദ്ഘടനയെപ്പറ്റി എന്തെങ്കിലും ബോദ്ധ്യം ഉണ്ടെങ്കിൽ കേരളത്തിലെ കാർഷിക മേഖല ഇതുപോലെ തകരുമ്പോൾ, കർഷക ലക്ഷങ്ങൾ കണ്ണീരിൽ കഴിയുമ്പോൾ അവർക്ക് അനുകൂലമായ എന്തെങ്കിലും കാര്യങ്ങൾ ചെയ്യാനുള്ള ബാദ്ധ്യത ഉണ്ടായിരിക്കേ, ആ ബാദ്ധ്യതയിൽ നിന്നും തന്ത്രപൂർവം ഒഴിഞ്ഞുമാറാൻ വേണ്ടി അവർ പറയുകയാണ് കർഷകരുടെ പാസ്ബുക്ക് ഉണ്ടല്ലോയെന്ന്, കിസ്സാൻ പാസ് ബുക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടല്ലോയെന്ന്. എനിക്കും ഉണ്ട് ഒരു ബുക്ക് എന്നുപറഞ്ഞാൽ കർഷകർ നേരിടുന്ന പ്രായോഗികമായ വൈഷമ്യങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ കഴിയുമോയെന്നുള്ളതാണ് വിഷയം. ഈ അടിസ്ഥാനപ്രശ്നത്തെ സമ്പൂർണ്ണമായി വിസ്മരിക്കുന്ന ഏതോ മായാജാലംകൊണ്ട് എല്ലാത്തിനേയും തീർക്കാൻ കഴിയുന്ന ഒന്നാണ് ഈ കിസാൻ പാസ്ബുക്ക് എന്നു പറയാതിരിക്കാൻ പറ്റുന്നില്ല. ഗവൺമെന്റ് ഇപ്പോഴും പറയുന്ന ചില പരാമർശങ്ങളുണ്ട്. അത് ചൈനയെപ്പറ്റിയാണ്. ചൈന, ചൈന എന്നു പറഞ്ഞുകൊണ്ട് എത്ര പ്രാവശ്യമാണ് സഭയിൽ മന്ത്രിമാരെല്ലാം എഴുന്നേൽക്കാറുള്ളത്. ചൈനയുടെ കാര്യം നോക്കുക, ചൈനയിലെ ഗവൺമെന്റ് കൈക്കൊണ്ട കാർഷികമേഖലയിലെ നയങ്ങളുടെ ഫലമായി ചൈനയിലെ ദരിദ്രരായ കർഷകരുടെ എണ്ണം അഞ്ചു ശതമാനമായി ചുരുങ്ങിയിരിക്കുന്നു എന്നാണ് ഏറ്റവും പുതിയ കണക്കുകൾ വ്യക്തമാക്കുന്നതെന്ന് മന്ത്രി ശ്രീ. കെ. എം. മാണി അറിയണം. ഇന്ത്യയിൽ ദരിദ്രകൃഷിക്കാർ 30 ശതമാനമാണ്. ചൈനീസ് മാതൃകയിൽനിന്ന് എന്തെങ്കിലും പാഠങ്ങൾ പഠിക്കണമെങ്കിൽ, മുപ്പതു ശതമാനമായി തുടരുന്ന നമ്മുടെ ദരിദ്ര കർഷകരുടെ ശതമാനം താഴേക്ക് കൊണ്ടുവരാനുള്ള മാർഗ്ഗങ്ങൾ, എന്തെങ്കിലും കാര്യങ്ങൾ ഫലപ്രദമായി ചെയ്യാൻ ഈ ഗവൺമെന്റിന് ആർജ്ജവമുണ്ടോ എന്നുള്ളതാണ് എന്റെ ചോദ്യം. കടങ്ങളുടെ വിഷയമാണ് ഏറ്റവും മുഖ്യമായ വിഷയം. ഒരു ലക്ഷം കോടി രൂപയുടെ കിട്ടാക്കടം നമ്മുടെ ബാങ്കുകളിൽ ഉണ്ട്. ലക്ഷം കോടി രൂപയുടെ കിട്ടാക്കടം, എൻ.പി.എ. എന്നു വിളിക്കുന്ന ഈ കിട്ടാക്കടത്തിന്റെ ലിസ്റ്റ് വായിക്കണം. ആ ലിസ്റ്റ് വായിച്ചാൽ മനസ്സിലാകും. ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട എല്ലാ ആളുകളും സംരക്ഷിക്കാൻ ശ്രമിക്കുന്ന ഏററവും വലിയ വൻകിടക്കാരാണ് ഈ കിട്ടാക്കടത്തിന്റെ കാരണക്കാർ. ആ കിട്ടാക്കടക്കാർക്ക് മുൻപിൽ മുട്ടുകുത്തി പ്രാർത്ഥിക്കാൻപോലും മടിക്കുന്ന ഗവൺമെന്റ് നിന്റെ കടം ഇത്രയായിരിക്കുന്നു, പലിശ ഇത്രയായിരിക്കുന്നു, പലിശയും പിഴപ്പലിശയും ഇത്രാം തീയതിക്കകം അടച്ചില്ലായെങ്കിൽ നിന്റെ കുടുംബം ജപ്തി ചെയ്യുമെന്ന് പറഞ്ഞ് കൃഷിക്കാർക്ക് നോട്ടീസ് അയയ്ക്കുകയാണ്. ഞങ്ങളെല്ലാം എപ്പോഴും കാണുകയാണ്. അങ്ങും കാണുന്നുണ്ടായിരിക്കും. നമ്മുടെയെല്ലാം മണ്ഡലങ്ങളിൽ പാവപ്പെട്ട കൃഷിക്കാർ ഈ നോട്ടീസുകളുമായിട്ട് നമ്മളെ തേടിവരികയാണ്. ഈ നോട്ടീസുകളുള്ള കൃഷിക്കാരുടെ മുൻപിൽ ഈ പാസ്ബുക്കിന് എന്താണ് മറുപടി? ഈ പാസ് ബുക്കുകൊണ്ട് ജപ്തിയെ നേരിടുന്ന കൃഷിക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരമാകുമോ? കടബാദ്ധ്യതകൾക്ക് പരിഹാരമാകുമോ? അതിന്റെ മുമ്പിൽ ദയവില്ലാത്ത ഗവൺമെന്റ് സ്വന്തം നയവൈകല്യത്തിന്റെയും നയരാഹിത്യത്തിന്റെയും എല്ലാ പാപഭാരങ്ങളും മൂടിവയ്ക്കാൻവേണ്ടിയുള്ള ഒരു ശ്രമത്തിന്റെ ഭാഗമായിട്ട് കൊണ്ടുവന്നതാണ് ഈ പാസ് ബുക്ക് എന്നുള്ള കാര്യം പറയാതിരിക്കാൻ പറ്റില്ല. അതിന് സാമർത്ഥ്യപൂർവ്വമായ ഒരുപാട് വാദങ്ങളെല്ലാം കൊണ്ടുവന്നിട്ടുണ്ട്. ആദിവാസികൾക്ക് കൊടുത്ത പരിഗണന

LIBRARY ARCHIVES Kerala Legislative Assembly

വളരെ നന്നായിട്ടുണ്ട്, തർക്കമില്ല. പക്ഷേ, പ്രായോഗികമായി കൃഷിക്കാർ നേരിടുന്ന പ്രശ്നങ്ങൾക്കൊന്നുമുള്ള പരിഹാരം ചൂണ്ടിക്കാണിക്കാൻ കഴിയാത്ത ഒരു ഗവൺമെന്റാണ് ഇത്. ഉരുൾപൊട്ടി എല്ലാം തകർന്ന് ജീവിതം ആകെ ദുരിതക്കയത്തിലായ മനുഷ്യരെ കാണാൻ ബഹുമാനപ്പെട്ട മന്ത്രി 5-ാം തീയതി എന്റെ മണ്ഡലത്തിലേക്ക് വരുന്നുണ്ട്. അദ്ദേഹം വരുമ്പോൾ എക്കൽ അഭയാർത്ഥി ക്യാമ്പിൽ ഒരു കുടുംബത്തെ കാണാൻ കഴിയും. രാജന്റെയും ലക്ഷ്മിയുടെയും മകൾക്ക് നഴ്സിംഗിന് അഡ്മിഷൻ കിട്ടി. അവിടെ കൊടുക്കേണ്ട പണം കൊടുക്കാൻവേണ്ടി ബാങ്കിൽ ചെന്നു. ബാങ്കുകൾ പറഞ്ഞു, വായ്പയൊന്നുമില്ല. സർ, രജനിയെ കണ്ട നാടാണ് നമ്മുടെ നാട്. ആ ദുഃഖം മാറാത്ത ഈ മണ്ണിൽ നമുക്ക് പറയേണ്ടിവരുന്നു. ഗവൺമെന്റിന്റെയും ബാങ്കുകളുടെയും പ്രഖ്യാപനങ്ങളെല്ലാം വെറും വഞ്ചന മാത്രമായി കലാശിക്കുകയാണ്. പാവങ്ങളുടെ മക്കൾക്ക് നഴ്സിംഗിന് ചേരാൻ അഡ്മിഷൻ കിട്ടിയാൽ അവർ ബാങ്കിലേക്ക് ചെന്നാൽ ബാങ്ക് മേലാളൻമാർ പറയുന്ന ഭാഷ അവർക്ക് മനസ്സിലാകുന്നില്ല. ഒരിക്കലും മനസ്സിലാകാത്ത ഏതെല്ലാമോ ഭാഷ പറഞ്ഞുകൊണ്ട്, ഭാഷ ഇംഗ്ലീഷ് അല്ല, മലയാളത്തിൽത്തന്നെയാണ്. ആ പാവങ്ങൾ പകച്ചുനിൽക്കുന്നു. അഭയാർത്ഥിക്യാമ്പുകളിൽ മാണി സാറിന് അവരെ കാണാൻ കഴിയും. ആ മനുഷ്യർക്ക് ഈ പാസ്ബുക്ക് ഉതകുമോ? ഉത്തരം അതിനാണ് വേണ്ടത്. അത്തരം കുമിഞ്ഞുകൂടിക്കിടക്കുന്ന ഒത്തിരി പ്രശ്നങ്ങൾക്ക് പരിഹാരം കാണിച്ചു കൊണ്ടായിരിക്കണം ശ്രീ. കെ. എം. മാണി പാസ്ബുക്കുമായി ബന്ധപ്പെട്ട കാര്യങ്ങളെ സംബന്ധിച്ച് പ്രസംഗിക്കാൻ എന്നാണ് എനിക്കഭ്യർത്ഥിക്കാനുള്ളത്. 9-ാം വകുപ്പിന്റെയും അതുപോലെതന്നെ 10-ാം വകുപ്പിന്റെയും എല്ലാം അനുബന്ധമായി പറയുന്ന ഒരു ഉപവകുപ്പുണ്ട്. ഈ വകുപ്പിന് വിരുദ്ധമായി നടത്തിയ ഏതൊരു കൈമാറ്റവും അസാധുവായിരിക്കുമെന്ന് പറയുന്നു. പത്താം വകുപ്പിന്റെ 3-ാം ഉപവകുപ്പിലും അതുതന്നെ പറയുന്നുണ്ട്. വിരുദ്ധമായി നടക്കുന്ന ഏതൊരു മാറ്റവും അസാധുവായിരിക്കുന്നതാണ് എന്നു പറയുന്നു. കേരളത്തിലെ വസ്തുസംബന്ധമായ ക്രയവിക്രയങ്ങളെ ഈ പാസ്ബുക്ക് എങ്ങനെയാണ് ബാധിക്കാൻപോകുന്നത്? എല്ലാ അടിസ്ഥാനരേഖകൾക്കുംമേലെ ഒരു സ്ഥാനം കൽപ്പിക്കാൻ വേണ്ടി കൊണ്ടുവരുന്ന ഈ പാസ്ബുക്ക്, കേരളത്തിന്റെ കൃഷിഭൂമിയുടെയോ അല്ലെങ്കിൽ മറ്റ് ഭൂമികളുടെയോ കൈമാറ്റങ്ങളെയെല്ലാം പ്രതികൂലമായി ബാധിക്കുമെന്ന് എഴുതിവയ്ക്കപ്പെട്ട ഈ പാസ് ബുക്കിന്റെ ആന്തരികാർത്ഥം എന്താണ്, അതാണ് ചോദ്യം. വ്യാജൻമാർ എല്ലായിടത്തും പെരുകിക്കൊണ്ടിരിക്കുമ്പോൾ, എല്ലാ വ്യാജൻമാർക്കുവേണ്ടിയും ചൂട്ട് പിടിക്കുന്ന ഒരു ഗവൺമെന്റാണ് ഈ പാസ് ബുക്ക് കൊണ്ടുവരുന്നത്. എന്നുപറഞ്ഞാൽ, ഭൂപരിധിയിൽ നിന്ന് കശുവണ്ടിത്തോട്ടങ്ങളെ എടുത്തുമാറ്റിക്കൊണ്ട് കാർഷികബന്ധങ്ങളെപ്പോലും അട്ടിമറിക്കാൻ ശ്രമിക്കുന്ന ഒരു മന്ത്രി, കേരളത്തിന്റെ ഏറ്റവും വലിയ നേട്ടമായ, വികസനത്തിന്റെ എല്ലാം വഴികാട്ടിയായ, ഭൂപരിഷ്കരണനിയമത്തെ എത്രയോ

LIBRARY ARCHIVES Kerala Legislative Assembly

കൊള്ളങ്ങൾ പുറകിലേക്ക് തിരിച്ചുകൊണ്ടുപോകാൻ ശ്രമിക്കുന്ന ഒരു മന്ത്രി, ആ മന്ത്രി ഇത്രമാത്രം കർശനമായ വകുപ്പടങ്ങിയ ഒരു പാസ് ബുക്കുമായിട്ട് വരുമ്പോൾ അതിന്റെയർത്ഥം ഈ പാസ് ബുക്കിന്റെ മറവിൽ കേരളത്തിന്റെ ഭൂഉടമസ്ഥ ബന്ധങ്ങളിൽ ഇടപെടാനുള്ള പഴുതുകൾ അറിഞ്ഞുകൊണ്ട്, ഭൂസ്വാമിമാർക്കും കൊള്ള പ്രമാണികൾക്കും എല്ലാപേർക്കും വച്ചുനീട്ടുന്നു എന്നുള്ളതാണ്. അതുകൊണ്ട് സംശയം ഒന്നും വേണ്ട. ഒരു കാര്യം ചെയ്യുമ്പോൾ അത് ആര് ചെയ്യുന്നു എന്നത് മൗലികമാണ്. ഇറിടെ ചെയ്യുന്നത് മറ്റാരുമല്ല. കർഷകരെ മറക്കുന്ന ഗവണ്മെന്റാണ്. കാർഷിക മേഖലയെ എപ്പോഴും കണ്ണീർക്കയങ്ങളിലേക്ക് ആഴ്ത്തിയ ഗവണ്മെന്റാണ്. കാർഷിക രംഗത്തെ എല്ലാ കൊള്ളകൾക്കും കൂട്ടുനിൽക്കുന്ന ഗവണ്മെന്റാണ്. അവരുടെ എല്ലാവരുടേയും വർഗ്ഗബന്ധുവായ ശ്രീ. കെ. എം. മാണിയാണ് ഈ പാസ്ബുക്കുമായി വരുന്നത്. അതുകൊണ്ട് ശ്രീ. കെ. എം. മാണി എന്ന വ്യക്തിയെപ്പറ്റിയുള്ള സ്നേഹം മുറ്റിനിൽക്കുമ്പോൾ പറയട്ടെ, അദ്ദേഹത്തെക്കുറിച്ച് അറിയുമ്പോൾ പറയാതിരിക്കാൻ പറ്റുന്നില്ല. ഇത് ഭൂമിയിൽ കൊള്ള നടത്തിക്കൊണ്ട് പാവങ്ങളെ വഞ്ചിച്ച്, വനഭൂമി കയ്യേറുന്ന, പൊതുഭൂമി കയ്യേറുന്ന എല്ലാം സ്വന്തമാക്കാൻ ശ്രമിക്കുന്ന, എത്ര കിട്ടിയാലും മതിയാകാത്ത, ആർത്തിപൂണ്ട, കാർഷികപ്രമാണിമാർക്ക് പാസ്ബുക്കിന്റെ മറവിൽ കാർഷികമേഖലയിൽ തന്നിഷ്ടം പരിപാലിക്കാൻവേണ്ടിയുള്ള ഒരു നിയമമായി മാറുമെന്ന് ഞാൻ ഭയപ്പെടുന്നു. കാരണം, കേരള കോൺഗ്രസിന്റെ വർഗ്ഗതാൽപ്പര്യത്തെപ്പറ്റിയുള്ള എന്റെ ആശങ്കയാണ്. കേരള കോൺഗ്രസ് (എം) എന്ന് പറയുന്ന പാർട്ടി അദ്ധ്വാനവർഗ്ഗത്തെപ്പറ്റി വർത്തമാനം മാത്രമേ പറയൂ. പ്രവൃത്തികളെല്ലാം അവർക്കെതിരായിരിക്കും. കേരളത്തിലെ കർഷകർ ദുരിതങ്ങൾകൊണ്ട് പൊറുതിമുട്ടിയപ്പോൾ അവർക്ക് താങ്ങും തണലുമായി ഒരിക്കലും യു.ഡി.എഫ്. വന്നിട്ടില്ല. കാരണം, യു.ഡി.എഫ്. പരിപാലിക്കുന്നത് ഭൂമിയുടെ വെട്ടിപ്പിടിത്തക്കാരെയാണ്. വനഭൂമി സ്വന്തമാക്കാൻ ശ്രമിക്കുന്നവരെയാണ്. യു.ഡി.എഫ്. പരിപാലിക്കേണ്ടത് ആരെയാണ്? ഭൂപരിഷ്കരണ നിയമത്തിന്റെ നേട്ടങ്ങൾ ഉണ്ടായ പാവങ്ങളെ ഒഴിവാക്കിക്കൊണ്ട് അതിന്റെ വിരുദ്ധഭാഗത്തേക്ക് നിയമത്തെ ആരെല്ലാമാണോ വലിക്കാൻ ശ്രമിക്കുന്നത് അവർക്കുവേണ്ടിയാണ് കേരള കോൺഗ്രസ് (എം) നിൽക്കേണ്ടത്. അതുകൊണ്ട് അങ്ങനെയുള്ള ഒരുപാട് നിയമങ്ങൾക്കുള്ള മറയായി വരാനിരിക്കുന്ന കറുത്ത നീക്കങ്ങളുടെയെല്ലാം ആമുഖമായി ഈ പാസ് ബുക്ക് മാറുമോ എന്നുള്ള ആശങ്ക ഈ സഭയ്ക്കു മുമ്പിൽ അവതരിപ്പിച്ചുകൊണ്ട് ഞാൻ എന്റെ ഭേദഗതി മൂവ് ചെയ്യുന്നു.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള കിസാൻ പാസ്ബുക്ക് ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. അദ്ധ്വാനിക്കുന്നവന്റെ സുവിശേഷം എഴുതിയ, ശ്രീ. കെ. എം. മാണി എഴുതിയ ഈ

LIBRARY ARCHIVES Kerala Legislative Assembly

കിസാൻ പാസ്ബുക്ക് ബില്ലിൽ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുകയാണ്. ശ്രീ. കെ. എം. മാണിയുടെ വിശാലമായ ഭാവനയുടെയും, അതുപോലെതന്നെ പ്രതിബദ്ധതയുടെയും ഭാഗമായി ഉടലെടുത്തതാണ് കിസാൻ പാസ്ബുക്ക്. അദ്ദേഹം തന്നെ സൂചിപ്പിച്ചതുപോലെ ഇത് കർഷകരുടെ മാഗ്നാകാർട്ടയാണ്. 'മാഗ്നാകാർട്ട' എന്നത് ഇംഗ്ലണ്ടിലെ ഒരു സംഭവമാണ്. 1215-ൽ ജനാധിപത്യ അവകാശങ്ങൾക്കുവേണ്ടി പാർലമെന്റിന് അധികാരം നൽകുന്നതിനുവേണ്ടിയുള്ള ജനങ്ങളുടെ പോരാട്ടത്തിന്റെ ഭാഗമായി ഇംഗ്ലണ്ടിലെ റണ്ണിമേട് എന്ന സ്ഥലത്ത് ജോൺ രാജാവിനെ തടഞ്ഞുനിർത്തി ജനങ്ങൾ ഒപ്പുവച്ച പ്രമേയമാണ് 'മാഗ്നാകാർട്ട.' അത് ഇംഗ്ലണ്ടിലെ ജനാധിപത്യ പ്രക്രിയയിലെ വഴിത്തിരിവായതുകൊണ്ടാണ്, ജനാധിപത്യത്തിന്റെ മാഗ്നാകാർട്ടയെന്ന് വിശേഷിപ്പിക്കുന്നത്. ഇത് കേരളത്തിലെ കർഷകരുടെ മാഗ്നാകാർട്ട എന്ന് ശ്രീ. കെ. എം. മാണിസാർ പറഞ്ഞപ്പോൾ, നിങ്ങൾ അതിനെ എതിർക്കുന്നത് ഉത്തരം മുട്ടുമ്പോൾ കൊഞ്ഞനം കുത്തുന്നതുപോലെയാണ്. ഇന്നലെ എന്തായിരുന്നു കർഷകന്റെ സ്ഥിതി? ഇന്ത്യയിലെ കർഷകന്റെ, കഴിഞ്ഞ 100 കൊല്ലം മുമ്പത്തെ ചരിത്രം പരിശോധിച്ചുനോക്കിയാൽ, ചങ്ങമ്പുഴയുടെ "വാഴക്കുല" വായിച്ചുനോക്കിയാൽ മതി. "മലയപ്പുലയനാ മാടത്തിൻ മുറ്റത്ത് മഴവന്ന നാളൊരു വാഴ നട്ടു, അരുമക്കിടാങ്ങളിലൊ ന്നായിക്കരുതിയതിനെ അഴകിപ്പുലക്കള്ളി ഓമനിച്ചു. മനതാരിലാശകൾപോലതിലൊരു മരതകക്കാമ്പു മുളച്ചുവന്നു മക്കൾ എല്ലാപേരും അതിന്റെ അടുത്തു പോയിരുന്ന് ഇതെന്റേതെന്ന് കരുതിയിരുന്നു." പക്ഷേ, One day the Jenmi came, cut down the Kula and went away. ഫ്യൂഡലിസത്തെക്കുറിച്ച് പഠിക്കുമ്പോൾ നമ്മുടെ മനസ്സിൽ കൃഷിക്കാരന് കൃഷിഭൂമിയിൽ അവകാശമില്ല. അതുപോലെതന്നെ വീട് നിർമ്മിക്കുന്നവന് വീടില്ല, ചെരുപ്പുണ്ടാക്കുന്നവന് ചെരുപ്പില്ല, മനോഹരമായി വസ്ത്രം തുന്നുന്നവന് വസ്ത്രമില്ല എന്നൊക്കെ പറയുന്നതായിരുന്നു സ്ഥിതിയെങ്കിൽ, ഇന്ന് ആ രംഗത്തിന് എത്രയോ മാറ്റം വന്നു.

ഡോ. എ. നീലലോഹിതദാസൻ നാടാർ: സർ, കൃഷിഭൂമിയിൽ കർഷകന് അവകാശമില്ലെന്നു പറഞ്ഞു. സ്വാതന്ത്ര്യസമരകാലത്ത് കറാച്ചി കോൺഗ്രസ്സിന്റെ പ്രമേയം .... Land to the Tiller എന്നായിരുന്നു. സ്വാതന്ത്ര്യം കിട്ടിയിട്ട് 58 വർഷം തികയാൻ പോകുമ്പോൾ ഇന്ത്യയിൽ ഒരു സ്ഥലത്തും കർഷകത്തൊഴിലാളികൾക്ക് കൃഷിഭൂമിയിൽ അവകാശം ലഭിച്ചിട്ടില്ല എന്നുള്ളത് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, അത് പൂർണ്ണമായും ശരിയല്ല. കേരളം പോലെയുള്ള സംസ്ഥാനങ്ങൾ അക്കാര്യത്തിൽ മാതൃകാപരമായ ഭൂപരിഷ്കരണ നിയമങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇന്ത്യൻ സ്വാതന്ത്ര്യസമരകാലഘട്ട ത്തിൽ, മഹാത്മാഗാന്ധി ആദ്യമായി ബീഹാറിൽ നീലം കർഷകർക്കുവേണ്ടിയുള്ള സമരത്തിൽ ഇടപെട്ടു. കർഷകരുടെ സമരം നയിക്കുന്ന കാര്യത്തിൽ ആർക്കും, ആരേയും

LIBRARY ARCHIVES Kerala Legislative Assembly

കുറച്ചുകാണാൻ കഴിയില്ല. ഇതൊന്നും ഇടതുപക്ഷത്തിന്റെ കുത്തകാവകാശമൊന്നുമല്ല, കാലം മാറി. കർഷകന്റെ നട്ടെല്ല് ഒടിക്കുന്ന രീതിയിലേക്ക് കാര്യങ്ങൾ പോയി. അതിലേക്ക് പോകുന്നതിന് യഥാർത്ഥത്തിൽ എന്താണ് സംഭവിച്ചത്? കൃഷിയിൽനിന്നുള്ള ഉൽപ്പാദനം കുറഞ്ഞപ്പോൾ വരുമാനം കുറഞ്ഞു. അപ്പോൾ കടബാദ്ധ്യത വർദ്ധിച്ചു. ഈ കർഷകരെ കടത്തിൽനിന്നും രക്ഷപ്പെടുത്തുന്നതിനുള്ള പല ശ്രമങ്ങളും ഈ നാട്ടിൽ നടന്നിട്ടുണ്ട്. കേരളത്തിലെ 60 ശതമാനം കർഷകരും കടബാദ്ധ്യതയുള്ളവരാണ്. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഇന്ത്യൻ സംസ്ഥാനങ്ങളിൽ കേരളത്തിന് നാലാംസ്ഥാനമാണ്. അതുപോലെതന്നെ, കാർഷികമേഖലയിൽ വളർച്ച ഉണ്ടായാലേ വ്യവസായമേഖലയിലും അതനുസരിച്ച് അനുബന്ധമായ വളർച്ച ഉണ്ടാകൂ. ഇവ ഇന്റർറിലേറ്റഡാണ്.

ശ്രീ. വി. കെ. ചന്ദ്രൻ: സർ, ഈ നിയമം കൃഷിക്കാരുടെ മാഗ്നാകാർട്ടയാണ്, അത് ശ്രീ. കെ. എം. മാണിയാണ് കൊണ്ടുവന്നതെന്ന് പറയുന്നു. കോൺഗ്രസ് ഇമ്മാതിരിയുള്ള മാഗ്നാകാർട്ടയുമായിട്ടാണ് പണ്ടു വന്നത്. ആഗോളവൽക്കരണനയവും, പുത്തൻ സാമ്പത്തികനയവും, ഗാട്ടുകരാറുമായിട്ടൊക്കെ വന്നപ്പോഴും കർഷകരെ സംരക്ഷിക്കാനാണെന്നു പറഞ്ഞാണ് കൊണ്ടുവന്നത്. ആ മാഗ്നാകാർട്ടയുടെ ഭാഗമായിട്ടാണ് കേരളത്തിലെ 1300-ഓളം വരുന്ന കർഷകർ ആത്മഹത്യ ചെയ്യേണ്ടി വന്നത്. കേരളത്തിൽ മാത്രമല്ല, ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ കടക്കെണിമൂലവും, കാർഷികോൽപ്പന്നങ്ങൾക്ക് വിലയില്ലാതായതുമൂലവും, കർഷകർ ആത്മഹത്യ ചെയ്യേണ്ട അവസ്ഥ ഉണ്ടാക്കിയത് ആ മാഗ്നാകാർട്ടയാണ്. അതേരൂപത്തിലുള്ള ഒരു മാഗ്നാകാർട്ടയല്ലേ ബഹുമാനപ്പെട്ട റവന്യു വകുപ്പുമന്ത്രി കിസാൻ പാസ് ബുക്ക് എന്ന പേരിൽ കൊണ്ടുവന്നിരിക്കുന്നത്?

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, 'ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും കൊതുകിന് ചോരതന്നെ കൗതുകം' എന്നു പറഞ്ഞതുപോലെ, ഏതു നല്ല കാര്യം പറയുമ്പോഴും നിങ്ങൾ ഇങ്ങനെയേ സംസാരിച്ചിട്ടുള്ളു. ഇന്ത്യൻ ഭരണഘടനയുടെ ആദ്യത്തെ ഭേദഗതി, ഇന്ത്യൻ ഭരണഘടനയ്ക്കുവേണ്ടി നിർദ്ദേശിക്കപ്പെട്ട്, അവതരിപ്പിക്കപ്പെട്ട്, പാസ്സാക്കിയത്— Abolition of the Zameendari system ആയിരുന്നു. നൂറ്റാണ്ടുകളായി നിലനിന്നിരുന്ന 'ജന്മിത്വ-വ്യവസ്ഥിതി' അവസാനിപ്പിച്ചുകൊണ്ട് ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ നിയമത്തോടനുബന്ധിച്ച് ധാരാളം നിയമനിർമ്മാണങ്ങൾ നടന്നു. അതുവഴി, നമ്മളെല്ലാം വളരെ മുമ്പോട്ടു പോയിട്ടുണ്ട്. ഇവിടെ ശ്രീ. ബിനോയ് വിശ്വം, ചൈനയുടെ കാര്യം ചൂണ്ടിക്കാണിച്ചു. അതിന് ഞാൻ എതിരല്ല. ഏഷ്യൻ രാജ്യങ്ങളിൽ സാമ്പത്തികപുരോഗതിയുടെ കാര്യത്തിൽ ഇന്ത്യയെ ബഹുദൂരം പിന്നിലാക്കിക്കൊണ്ട് ചൈന വളരെ മുമ്പിലാണ്. അവിടത്തെ വളർച്ച 9.5 ശതമാനമായിരിക്കുമ്പോൾ, ഇന്ത്യയുടേത് 5.8 ശതമാനം മാത്രമാണ്. ഇന്ത്യയെക്കാൾ മൂന്നിരട്ടി

LIBRARY ARCHIVES Kerala Legislative Assembly

വിസ്തൃതിയുണ്ട് ചൈനയ്ക്ക്. അതുകൊണ്ടുതന്നെ വളരെ ലാഭകരമായ രീതിയിൽ അങ്ങനെയുള്ള വിളകൾ കൃഷി ചെയ്യുന്നതിനും, മറ്റ് സഹായങ്ങൾ ലഭ്യമാക്കി ആ കൃഷിയെ പ്രോൽസാഹിപ്പിക്കുന്നതിനും ചൈനയിൽ ലഭിക്കുന്ന സൗകര്യങ്ങൾ ഇന്ത്യയിൽ ലഭിക്കുന്നില്ല. പ്രത്യേകിച്ചും കേരളംപോലെയുള്ള ഒരു ചെറിയ സംസ്ഥാനത്ത് ഒട്ടും ലഭിക്കുന്നില്ല. ഇക്കാര്യത്തിൽ ശ്രീ. ബിനോയ് വിശ്വം ചൂണ്ടിക്കാണിച്ച കാര്യങ്ങളിൽ എനിക്ക് എതിരഭിപ്രായമില്ല. അതുപോലെ, കേരളത്തിൽ വരുത്താത്തതിനെക്കുറിച്ചുള്ള കാരണവും തെരക്കണം എന്നു മാത്രമാണ് എനിക്ക് പറയാനുള്ളത്. ഈവക കാര്യങ്ങളിലെല്ലാം നിങ്ങൾ എതിര് നിൽക്കുന്നതുകൊണ്ടാണ്, പല കാര്യങ്ങളിലും തടസ്സം വന്നിട്ടുള്ളത്. യഥാർത്ഥത്തിൽ ഈ ബില്ലിൽ അദ്ദേഹം എല്ലാ കർഷകരെയും ഒരുപോലെ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ശ്രീ. കെ. വി. കുഞ്ഞിരാമൻ, കോഴി കർഷകരും, കന്നുകാലി കർഷകരും, കർഷകർ അല്ലെന്ന മട്ടിൽ സംസാരിച്ചു. യഥാർത്ഥത്തിൽ കന്നുകാലി വളർത്തലെന്നു പറയുന്നത് മനുഷ്യന്റെ ഉൽപ്പത്തിതൊട്ടുള്ള, ആദ്യത്തെ മനുഷ്യന്റെ കൃഷിയുടെ ഭാഗമായിട്ടുള്ള പ്രധാനപ്പെട്ട കൃഷിയാണ്. കന്നുകാലി സമ്പത്തിൽ, ഇന്ത്യയും ആസ്ത്രേലിയയും ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കിയിട്ടുണ്ട്. കേരളം ഇന്ന് ഈ കാര്യത്തിൽ പിറകോട്ടുപോകാനുള്ള കാരണം നമ്മൾ എല്ലാപേരും ചേർന്നു തന്നെയാണ് ഉണ്ടാക്കിയത്. ഇന്നു രാവിലെ നമ്മൾ എല്ലാപേരും ഒന്നിലധികം ചായ കുടിച്ചവരാണ്. ഈ പാൽ അന്യസംസ്ഥാനങ്ങളിൽനിന്നും വരാനുണ്ടായ സാഹചര്യം; കർഷകർക്ക് അതനുസരിച്ചുള്ള അവസരങ്ങളിൽ, നിന്നുപിഴയ്ക്കാനുള്ള മാർഗ്ഗങ്ങളിൽ, പല തടസ്സങ്ങളുമുണ്ടായതുകൊണ്ടാണ്. ആധുനികവൽക്കരണത്തിന്റെ ഭാഗമായി, ഇതൊക്കെ കുറച്ചുകാണുന്ന തോന്നൽ, വല്ലാതെ സമൂഹത്തിൽ വന്നതുകൊണ്ടാണ്. അങ്ങനെ എല്ലാ തരത്തിലും മലയോര കർഷകർ ഉൾപ്പെടെ കൃഷി ചെയ്യുന്ന എല്ലാ വിഭാഗം ജനങ്ങളെയും ഈ പാസ് ബുക്കിന്റെ പരിധിയിൽ ഒരു വിശാലമായ മേഖലയായി, എല്ലാ തരത്തിലുള്ള കർഷകരെയും ഉൾക്കൊള്ളിച്ചു എന്ന ഒറ്റ കാരണംകൊണ്ടുമാത്രം ഈ ബില്ലിന്റെ ആത്മാർത്ഥതയെ അംഗീകരിക്കണം. ഇന്ത്യൻ ഭരണഘടനയിലെ ആർട്ടിക്കിൾ 17 (അബോളിഷൻ ഓഫ് അൺടച്ചബിലിറ്റി) അതിനുവേണ്ടിയുള്ള ചർച്ച നടക്കുമ്പോൾ ഡോക്ടർ അംബേദ്കർ പറഞ്ഞു, ഈ ആർട്ടിക്കിൾ എങ്കിലും ചർച്ചകൂടാതെ പാസ്സാക്കണം. It was really a tribute to Mahatma Gandhi എന്നു പറഞ്ഞുകൊണ്ടാണ് അദ്ദേഹം പ്രസംഗം തുടങ്ങിയത്. അതുപോലെതന്നെ ആർട്ടിക്കിൾ-17, യാതൊരു ചർച്ചയും കൂടാതെ നമ്മൾ, ഇൻഡ്യയിലെ കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലി പാസ്സാക്കി. അതുപോലെ, ഈ ബില്ലും യഥാർത്ഥത്തിൽ ചർച്ചകൂടാതെ പാസ്സാക്കേണ്ട ഒരു ബില്ലായിരുന്നു എന്നുള്ളതാണ് എന്റെ അഭിപ്രായം. അതുപോലെ, ദീപിക എഡിറ്റോറിയലിൽ കാസർഗോഡുള്ള അടയ്ക്കാ കർഷകരുടെ കാര്യം ചൂണ്ടിക്കാണിച്ചു. അത് ഇവിടെ പറഞ്ഞു. അടയ്ക്കാ കർഷകരുടെ പ്രശ്നം തീർച്ചയായും ഒരു പ്രശ്നംതന്നെയാണ്. ഒരു പ്രശ്നത്തെയും

LIBRARY ARCHIVES Kerala Legislative Assembly

നമ്മൾ കുറച്ചുകാണുന്നില്ല. അതുപോലെ പ്രൊഫസ്സർ കെ. പി. പ്രഭാകരൻനായർ, മാതൃഭൂമിയിൽ ഒരു ലേഖനം എഴുതി. അക്കാര്യം വളരെ ശ്രദ്ധിക്കേണ്ട ഒരു വിഷയമാണ്. നമ്മൾ കൃഷിക്കുവേണ്ടി, കൃഷിരംഗത്തെ ഗവേഷണത്തിനു വേണ്ടി, ഖജനാവിൽ നിന്നും കോടികൾ ചെലവഴിച്ചിട്ടും, നമ്മുടെ കൃഷി കാലവർഷത്തിന്റെ കാരുണ്യത്തിൽ നടക്കുന്ന ഒരു ചൂതാട്ടമായി തുടരുകയാണ്. ഇന്നലെക്കൂടി, ഇവിടെ ഉരുൾപൊട്ടലും കൃഷിനാശവും സംഭവിച്ചിട്ടുണ്ട്. പ്രകൃതി തിരിഞ്ഞുനിന്നാൽ നമ്മുടെ കൃഷിയെല്ലാം തകരുന്ന ഒരു സ്ഥിതിയാണ്. ഇതുകൊണ്ടുകൂടിയാണ് കർഷകന് ഈ ഭാരവും, അവന്റെ നട്ടെല്ല് ഒടിയുന്ന രീതിയിലുള്ള കാര്യങ്ങളിലേക്കും എത്തിച്ചേരുന്നത്. കാലവർഷം വൈകിയ വേളയിൽ, കേരള കാർഷിക സർവ്വകലാശാലയ്ക്കും മറ്റ് കാർഷികവകുപ്പുകൾക്കും എന്ത് ബദൽ പദ്ധതിയാണ് കർഷകർക്ക് മുൻപിൽ അവതരിപ്പിക്കാനുള്ളത് എന്ന് ഇവിടെ ചോദിച്ചു, നെൽക്കൃഷി പിഴച്ചാൽ കർഷകൻ എന്ത് ചെയ്യുമെന്ന് അദ്ദേഹം ചോദിച്ചു. വളരെ പ്രസക്തമായ ചോദ്യമാണ്. ഇക്കാര്യത്തിൽ നമ്മൾ ഗൗരവപരമായിട്ട് ചർച്ച നടത്തണമെന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്. എട്ടാം പദ്ധതിക്കാലത്ത്, കാർഷികമേഖലയിലെ വളർച്ചാനിരക്ക് 4.7 ശതമാനമായിരുന്നത്, ഒൻപതാം പദ്ധതിക്കാലത്ത് 2.1 ശതമാനമായി കുറഞ്ഞു. അത് 4 ശതമാനമായി ഉയർത്തുക എന്ന പത്താം പദ്ധതിയുടെ ലക്ഷ്യം നേടുന്നതിനുവേണ്ടി ഇങ്ങനെയുള്ള നിയമങ്ങൾ സഹായിക്കുമെന്നാണ് എന്റെ അഭിപ്രായം. അതുപോലെ തന്നെ, ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി ശ്രീമതി കെ. ആർ. ഗൗരിയമ്മ ഇവിടെ 12-ാം സമ്മേളനകാലത്ത്, നക്ഷത്രചിഹ്നമിടാത്ത ചോദ്യം 400-ന് മറുപടിയായി പറഞ്ഞത് — ബ്യൂറോ ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സിന്റെ കണക്കുപ്രകാരം 1995-ൽ 7.3 ലക്ഷം ഹെക്ടറിലുണ്ടായിരുന്ന നെൽക്കൃഷി 2003-04-ൽ 2.9 ലക്ഷമായി ചുരുങ്ങി. അതുപോലെതന്നെ മറ്റ് നാണ്യവിളകളായ — കുരുമുളകിന്റെയും അടയ്ക്കയുടെയും നെല്ലിന്റെയും വിലയിടിവ് നേരിടുന്നതിന് സർക്കാർ സംവരണപദ്ധതി നടപ്പിലാക്കാൻ ആലോചിക്കുകയാണെന്ന്. ഈ മൂന്ന് വിഭാഗം കാർഷികമേഖലയിലും വളരെയധികം ബുദ്ധിമുട്ട് ഇന്നും അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. അത് പരിഹരിക്കുന്നതിനുകൂടിയുള്ള ഒരു ബില്ലായിട്ടാണ് ബഹുമാനപ്പെട്ട മാണിസാർ ഈ ബിൽ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. കേരളത്തിലെ കർഷകർ അവരുടെ ഭൂമിയിൽ കൃഷി ചെയ്യുന്നതിന് തുക സമാഹരിക്കുന്നത് ബാങ്കുകൾ, സഹകരണ സ്ഥാപനങ്ങൾ മുതലായ സ്ഥാപനങ്ങളിൽനിന്നാണ്. ഞാനും ഒരു സഹകരണ സംഘത്തിന്റെ പ്രസിഡന്റാണ്. അതുകൊണ്ട് അവരുടെ സങ്കടകരമായ അവസ്ഥയെക്കുറിച്ച് പറയാതെ, മുഖം നോക്കുമ്പോൾത്തന്നെ മനസ്സിലാക്കാൻ കഴിയുന്ന, നേരിട്ട് അനുഭവമുള്ള ഒരു വ്യക്തി എന്നുള്ള നിലയ്ക്ക്, ഈ സർക്കാർ ഇക്കാര്യത്തിൽ എടുത്തിരിക്കുന്ന ശുഷ്കാന്തിയുടെയും, താൽപ്പര്യത്തിന്റെയും പ്രതിഫലനമാണ് — ഈ ബിൽ. അതുകൊണ്ട് ഇത് ചർച്ച കൂടാതെ, എതിർപ്പുകൂടാതെ അംഗീകരിക്കണമെന്നുള്ള നിർദ്ദേശംകൂടി വച്ചുകൊണ്ട് ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവും നിയമവും വകുപ്പുമന്ത്രി (*ശ്രീ. കെ. എം. മാണി*): പ്രതിപക്ഷത്തുനിന്ന് സംസാരിച്ച മെമ്പർമാരെല്ലാംതന്നെ ഈ കിസാൻ പാസ് ബുക്ക് നിയമത്തെ സ്വാഗതം ചെയ്തിരിക്കുകയാണ്. അതിൽ എനിക്ക് വളരെ സന്തോഷമുണ്ട്.
11.30 A.M.] ഞാൻ പ്രത്യേകിച്ച് അതിന് നന്ദി രേഖപ്പെടുത്തുന്നു. ബില്ലിന്റെ പരിധിയിൽ മത്സ്യത്തൊഴിലാളികൾ, ആദിവാസികൾ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ എന്നിവരെ ഉൾപ്പെടുത്തണമെന്നാണ് ഡിസെന്റിംഗ് നോട്ട് എഴുതിയിട്ടുള്ള സർവ്വശ്രീ കുഞ്ഞിരാമന്റെയും മഞ്ഞളാംകുഴി അലിയുടെയും ആവശ്യം. അതിന് അവരോട് എനിക്ക് പറയാനുളളത്, ഇത് ഏതെങ്കിലും ഒരു പ്രത്യേക വിഭാഗത്തെ ഉൾപ്പെടുത്തേണ്ട പ്രശ്നമല്ല. കേരളത്തിൽ രണ്ട് സെന്റെങ്കിലും ഭൂമിയുള്ള മുഴുവൻ വ്യക്തികളെയും ഈ ബില്ലിന്റെ പരിധിയിൽ കൊണ്ടുവരുന്നുണ്ട്. അതിന് മത്സ്യത്തൊഴിലാളി എന്നോ ആദിവാസി എന്നോ പട്ടികജാതി/പട്ടികവർഗ്ഗമെന്നോ ഇല്ല. രണ്ട് സെന്റ് ഭൂമിയെങ്കിലും ഉണ്ടെങ്കിൽ അവർ ഈ ബില്ലിനകത്ത് വരും. അങ്ങനെയുളളവർക്ക് വേണ്ടിയാണ് ഈ നിയമം. രണ്ടാമത് പറഞ്ഞിരിക്കുന്നത്, 2(ഇ)-ൽ ധനകാര്യസ്ഥാപനങ്ങളുടെ പട്ടികയിൽ കെ.എഫ്.സി.യെയും കെ.എസ്.എഫ്.ഇ.യെയും കൂട്ടിച്ചേർക്കണം എന്നുള്ളതാണ്. അത് എടുത്തുപറയണമെന്നില്ല. 2(ഇ)-ൽ 11-ാമത്തെ ഐറ്റത്തിൽ പറയുന്നുണ്ട്, ധനകാര്യസ്ഥാപനങ്ങളെ ഒരു വിജ്ഞാപനംവഴി ഗവൺമെന്റിന് കൂട്ടിച്ചേർക്കാം. ഏത് സ്ഥാപനത്തെ വേണമെങ്കിലും നമുക്ക് ഈ ബില്ലിന്റെ പരിധിയിൽ കൊണ്ടുവരാം. അതിന് ഒരു വിജ്ഞാപനം നടത്താനായിട്ട് 2(ഇ) ഐറ്റം 11-ൽ വ്യവസ്ഥയുണ്ട്. അതുകൊണ്ട് അതൊരു വിജ്ഞാപനത്തിൽക്കൂടി ചെയ്യാം. മൂന്നാമത്, രജിസ്ട്രേഷൻ സമയത്ത് പാസ് ബുക്ക് ഹാജരാക്കണം അല്ലെങ്കിൽ രജിസ്റ്റർ ചെയ്ത് കൊടുക്കില്ല എന്നുള്ള നിയമം തെറ്റാണ്, ശരിയല്ല എന്നുളള ആശങ്ക പ്രകടിപ്പിച്ചു. അത് ഹാജരാക്കണം. അതിനകത്തുള്ള എൻട്രി പരിശോധിക്കണം. പരിശോധിച്ചെങ്കിൽ മാത്രമേ ബാദ്ധ്യത മനസ്സിലാകുകയുള്ളൂ. അതിനുശേഷം അവരുടെ പ്രമാണങ്ങൾ രജിസ്റ്റർ ആകുമ്പോൾ അതും ഈ പാസ് ബുക്കിൽ രേഖപ്പെടുത്തും. എന്നിട്ട് ആ എൻട്രി സബ് രജിസ്ട്രാർ ഓഫീസിൽനിന്നും റവന്യൂ ഓഫീസിലേക്ക് കമ്മ്യൂണിക്കേറ്റ് ചെയ്യുകയാണ്. ഇതിൽ വ്യാജ പാസ് ബുക്കൊന്നും ഉണ്ടാകില്ല. വ്യാജങ്ങൾ എവിടെയുമുണ്ട്. സബ് രജിസ്ട്രാർ ഓഫീസിൽ വ്യാജപ്രമാണം രജിസ്റ്റർ ചെയ്യില്ലേ? വ്യാജങ്ങൾ കണ്ടുപിടിക്കാൻ നിയമങ്ങൾ വേറെയുണ്ട്. അവരെ ശിക്ഷിക്കാനും വേറെ നിയമമുണ്ട്. അത് വേറെ കാര്യം, ഈ പാസ് ബുക്കിനെ സംബന്ധിച്ചിടത്തോളം വ്യാജമൊന്നും വരില്ല. വ്യാജമെന്ന് പറയുന്നത് വേറെ കാറ്റഗറിയാണ്. ഈ നിയമത്തെ സംബന്ധിച്ചിടത്തോളം, നിയമത്തിൽ loopholes ഒന്നുമില്ല. ഇത് നിയമപരമായി റവന്യു ഡിപ്പാർട്ടുമെന്റിൽനിന്നും തയ്യാറാക്കുന്ന പാസ്ബുക്കാണ്. അതിന് Record of Right Act-ന്റെ നിയമ പ്രാബല്യമുണ്ട്. ആ നിയമവ്യവസ്ഥയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

പാസ്ബുക്കാണ്. എല്ലാ വിവരങ്ങളും അതിൽ കാണും. അതിനെ സംബന്ധിച്ചിടത്തോളം യാതൊരു കുഴപ്പവുമില്ല. വ്യാജൻ ഇവിടെ കടന്നുകൂടാൻ ഇടയില്ല. ഇവിടെ സംസാരിച്ചപ്പോൾ പഴയ റവന്യു കാർഡ് എവിടെപ്പോയി എന്ന് ചോദിച്ചു. അതിന്റെ ഉപജ്ഞാതാവ് അല്ലെങ്കിൽ അതിന്റെ കൺസെപ്റ്റ് കൊണ്ടുവന്നത് ഞാനാണ്. ഞാൻ അന്ന് റവന്യു മന്ത്രിയായിരുന്നപ്പോൾ റവന്യു കാർഡ് കൊണ്ടുവരുമെന്ന് പറഞ്ഞു. പക്ഷേ, ആ ഗവൺമെന്റ് പെട്ടെന്ന് പോയി. അതിനുശേഷം എൽ.ഡി.എഫ്. ഗവൺമെന്റ് വന്നു. എൽ.ഡി.എഫ്. ഗവൺമെന്റ് വന്ന് രാജാവിനെക്കാൾ വലിയ രാജഭക്തി കാണിക്കുന്നതു പോലെ പെട്ടെന്ന് നടപടിക്രമങ്ങളൊന്നും പാലിക്കാതെ നടപ്പിലാക്കി. സർവ്വേ നടത്തിയില്ല, താലൂക്ക് റിക്കാർഡ് ശരിയാക്കിയില്ല, ആക്ടും ചട്ടങ്ങളും ഉണ്ടാക്കിയില്ല, നോട്ടിഫിക്കേഷൻ നടത്തിയില്ല. ആ നിയമത്തിനകത്ത് ഒരു കാര്യം ഉണ്ടായിരുന്നു It may come into force on such date as may be notified. നോട്ടിഫിക്കേഷൻ വേണം, നിയമം നിലവിൽ വരണം. ഒരു സെക്കന്റ് നോട്ടിഫിക്കേഷനും വേണം. ആ സെക്കന്റ് നോട്ടിഫിക്കേഷൻ നടത്താതെ നിയമം നടപ്പിലായിരിക്കുന്നു എന്നു പറഞ്ഞു. യഥാർത്ഥത്തിൽ നിയമം നടപ്പിലായിട്ടില്ല. അങ്ങനെ എൽ.ഡി.എഫ്. ഗവൺമെന്റ് അത് കുഴച്ചു കളയുകയാണ് ചെയ്തത്. യു.ഡി.എഫ്. ഗവൺമെന്റ് ഇതിൽ വ്യക്തമായ ഒരു നിലപാടെടുത്തിട്ടുണ്ട്. ഇപ്പോൾ കമ്പ്യൂട്ടറൈസേഷന്റെ കാലഘട്ടമാണ്. വില്ലേജ് ഓഫീസുകളിലെ റവന്യു റിക്കാർഡ്സ് മുഴുവൻ കമ്പ്യൂട്ടറൈസ് ചെയ്യാൻ പോവുകയാണ്. കമ്പ്യൂട്ടറൈസേഷൻ പൂർത്തിയായിക്കഴിയുമ്പോൾ കമ്പ്യൂട്ടറൈസ്ഡ് ഫോമിൽ റവന്യു കാർഡ് കൊടുക്കാമെന്നുള്ളതാണ്. കമ്പ്യൂട്ടറൈസ് ചെയ്യുന്നതുകൊണ്ട് പോക്കുവരവ് നടത്തുമ്പോൾ തത്സമയം റവന്യു കാർഡിൽ മാറ്റം വരും. പീരിയോഡിക്കൽ സർവ്വേയുടെ ആവശ്യമില്ല. അതുകൊണ്ട് റവന്യു കാർഡ് ഉപേക്ഷിച്ചിട്ടില്ല. നിയമസഭ പാസ്സാക്കിയ ഒരു നിയമമാണ്. കമ്പ്യൂട്ടറൈസേഷൻ പൂർത്തിയായിക്കഴിഞ്ഞാൽ ഉടനെ കമ്പ്യൂട്ടറൈസ്ഡ് ഫോമിൽ പുതിയ രീതിയിൽ അത് നമുക്ക് നടപ്പിലാക്കാൻ കഴിയും. അതിന്റെ ചർച്ച ഇപ്പോൾ വേണ്ട. ഞാൻ സാങ്കൽപ്പികമായി പറഞ്ഞു എന്നേയുള്ളു.

ശ്രീ. സാജുപോൾ: ഇവിടെ റവന്യു വകുപ്പിൽ സാർവ്വത്രികമായി കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കി, ഏറ്റവും താഴെത്തട്ടിലുള്ള വില്ലേജ് ഓഫീസിലും കൊണ്ടുവരുമെന്ന് പറഞ്ഞു. ഇന്ന് നിലവിൽ എറണാകുളം അടക്കമുള്ള ജില്ലാ സർവ്വേ ഓഫീസുകൾ മനുഷ്യരായി ജനിച്ച ആർക്കും കയറിപോകാൻ പറ്റാത്തവിധത്തിൽ പൊടിപടലങ്ങൾ കൊണ്ട് ജീർണ്ണിച്ച അവസ്ഥയിലാണ്. ഇത് എന്ന് നടപ്പിലാക്കുമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഉദ്ദേശിച്ചതെന്ന് വ്യക്തമാക്കുമോ?

ശ്രീ. കെ. എം. മാണി: ഏത് ഗവണ്മെന്റിന്റെ കാലത്തും സർക്കാർ ഓഫീസുകൾ ജീർണ്ണിച്ച അവസ്ഥയിലാണ്. അത് മോഡണൈസ് ചെയ്യാം. സൗകര്യമില്ലാത്ത എല്ലാ

LIBRARY ARCHIVES Kerala Legislative Assembly

ഓഫീസുകളുടെയും കെട്ടിടങ്ങൾക്ക് സൗകര്യം ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട സാജുപോൾ ആ ഓഫീസിന്റെ വിവരം പറഞ്ഞാൽ അതിന് പ്രയോരിറ്റി നൽകാം.

ശ്രീ. കെ. പി. രാജേന്ദ്രൻ: റവന്യൂ കാർഡ് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ധൃതിപിടിച്ച് കൊണ്ടുവന്നു. രണ്ട് നോട്ടിഫിക്കേഷൻ നടത്തിയില്ല എന്നുപറഞ്ഞു. എന്തായാലും ആക്ട് ഇവിടെയുണ്ടല്ലോ. കമ്പ്യൂട്ടറൈസേഷനൊക്കെ വരുന്ന സാഹചര്യത്തിൽ ആവശ്യമായ ഭേദഗതികൾ നിലവിലുള്ള ആക്ടിൽ കൊണ്ടുവന്ന് ആ ആക്ട് കുറ്റമറ്റ രീതിയിൽ നടപ്പിലാക്കാൻ നമുക്ക് കഴിയില്ലേ? അതിന് അങ്ങ് നടപടി സ്വീകരിക്കുന്നുണ്ടോ?

ശ്രീ. കെ. എം. മാണി: അതിന് ഭേദഗതിയുടെ ആവശ്യമില്ല. ഞാൻ പറഞ്ഞത്, ഒരു വീട്ടിൽ എത്ര ആളുകളുണ്ട്, വിധവയുണ്ടോ, എത്ര വസ്തുക്കളുണ്ട് എന്നീ വിവരങ്ങൾ അപ്പഴപ്പോൾ മാറാം, രണ്ട് കൊല്ലം കഴിഞ്ഞ് വീണ്ടും സർവ്വേ നടത്തി ആ വിവരങ്ങൾ റവന്യൂ കാർഡിനകത്ത് ചേർക്കണം. അതിനു പകരം ലാൻഡ് റിക്കാർഡുകൾ മുഴുവൻ കമ്പ്യൂട്ടറൈസ് ചെയ്തുകഴിഞ്ഞാൽ സർവ്വേയുടെ ആവശ്യമില്ല. വിവരങ്ങൾ അപ്-ടു-ഡേറ്റായിരിക്കും. അതുകൊണ്ട് ഇത് നടപ്പിലാക്കാൻ ഭേദഗതി വേണ്ട. ഈ വർഷം അവസാനമാകുമ്പോഴേക്കും മുഴുവൻ കമ്പ്യൂട്ടറൈസ് ചെയ്യും. അതുകഴിഞ്ഞ് നടപ്പിലാക്കാം.

മി. ചെയർമാൻ (ശ്രീ. പി. ജെ. ജോയ്): ശ്രീ. ബിനോയ് വിശ്വം, അങ്ങയുടെ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ബിനോയ് വിശ്വം: സർ, ഞാൻ എന്റെ ഭേദഗതി പ്രസ് ചെയ്യുന്നു.

മി. ചെയർമാൻ: ശ്രീ. ബിനോയ് വിശ്വം അവതരിപ്പിച്ച ഭേദഗതി നിരാകരിക്കണമെന്ന പ്രശ്നത്തെ സംബന്ധിച്ച്;

അനുകൂലിക്കുന്നവർ ....

പ്രതികൂലിക്കുന്നവർ ....

ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ അങ്ങയുടെ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : സർ, പ്രസ് ചെയ്യുന്നില്ല.

മി. ചെയർമാൻ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

LIBRARY ARCHIVES Kerala Legislative Assembly

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള കിസാൻ പാസ് ബുക്ക് ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ സംബന്ധിച്ച്;

അനുകൂലിക്കുന്നവർ ....

പ്രതികൂലിക്കുന്നവർ.............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്ക് എടുക്കുന്നു.

2-ാം വകുപ്പ്

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(95) ഖണ്ഡം 2 (എ)യിലെ 2-ാമത്തെ വരിയിൽ "കോഴി" എന്ന വാക്കിനുശേഷം "താറാവ്" എന്നും "കർഷകർ" എന്ന വാക്കിനുശേഷം "പുഷ്പക്കൃഷി തേനീച്ച വളർത്തൽ" എന്നും "ഭൂമി തയ്യാറാക്കൽ" എന്നീ വാക്കുകൾക്കുശേഷം "വെള്ളം സംഭരിക്കൽ, സാമൂഹ്യജലസേചനം, കൂട്ടുകൃഷി" എന്നീ വാക്കുകളും കൂട്ടിച്ചേർക്കുക.

(113) ഖണ്ഡം 2(എ) യിൽ "കൊണ്ടുപോകൽ" എന്ന വാക്കിനുശേഷം "കൃഷി ഉൽപ്പന്നങ്ങൾ സംസ്കരിക്കുന്നത്" എന്നു കൂടി ചേർക്കുക.

(116) ഖണ്ഡം 2 (ബി)യിൽ "കർഷകൻ എന്നാൽ" എന്ന വാക്കുകൾക്കുശേഷം "ചെറുകിട കൃഷിക്കാരനെന്നോ" എന്നും "ആളോ" എന്ന വാക്കിനുശേഷം "കൂട്ടു കൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകത്തൊഴിലാളികളോ" എന്നും കൂട്ടിച്ചേർക്കുക.

(129) ഖണ്ഡം 2 (ബി)ക്കുശേഷം പുതുതായി (ബി ബി) എന്ന പുതിയ ഇനം കൂട്ടിച്ചേർക്കുക:

"(ബി ബി) "ക്ഷീരകർഷകൻ" എന്നാൽ പാൽ ഉൽപ്പാദനവുമായി ബന്ധപ്പെട്ട് പശു, എരുമ, ആട് തുടങ്ങിയ കന്നുകാലികളെ വളർത്തുകയും അത് ഉപജീവന മാർഗ്ഗമായി സ്വീകരിക്കുകയും ചെയ്തിട്ടുള്ള കൃഷിക്കാരൻ എന്നർത്ഥമാകുന്നു."

(133) ഖണ്ഡം 2 (സി) താഴെ പറയുന്ന വിധം ഭേദഗതി ചെയ്യുക:

"സഹകരണ സംഘം" എന്നാൽ 1969-ലെ കേരള സഹകരണ സംഘങ്ങൾ ആക്ടിൻ (1969-ലെ 20) കീഴിൽ രജിസ്റ്റർ ചെയ്തതോ രജിസ്റ്റർ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഒരു സഹകരണ സംഘവും, സംസ്ഥാനത്ത് ക്ഷീരവകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന ക്ഷീരസംഘങ്ങളും ഉൾപ്പെട്ടതാകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(137) ഖണ്ഡം 2 (ഡി)യിൽ "ആവശ്യങ്ങൾക്കായി"എന്ന വാക്കിനുശേഷം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"കൃഷിക്കാർക്ക് നൽകുന്ന ഇളവുകളും സബ്സിഡികളും കാലവർഷക്കെടുതിയും വരൾച്ചയുംമൂലം തകർച്ച നേരിടുന്ന കൃഷിക്കാർക്ക് നൽകുന്ന പ്രത്യേക സഹായങ്ങളായോ".

(143) ഖണ്ഡം 2 (ഇ) (VIII)-ൽ "സഹകരണ സംഘമോ" എന്നതിനുശേഷം "സെറിഫെഡ്, കയർഫെഡ്, മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ, റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ എന്നിവയോ" എന്നുകൂടി ചേർക്കുക.

(144) ഖണ്ഡം 2 (ഇ) (IX)-ൽ താഴെപ്പറയുന്നവകൂടി ചേർക്കുക:

"പ്ലാന്റേഷൻ കോർപ്പറേഷൻ, കേരള ഫാമിംഗ് കോർപ്പറേഷൻ, കേരള ആഗ്രോ മെഷിനറീസ് കോർപ്പറേഷൻ (KAMCO), കേരള സ്റ്റേറ്റ് ഹോർട്ടിക്കൾച്ചറൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ".

(157) ഖണ്ഡം 2 (എഫ്)-ൽ "ഒരാൾ" എന്ന വാക്കിനുശേഷം താഴെ പറയുന്നതുകൂടി ചേർക്കുക:

"കൂട്ടുകൃഷി അടിസ്ഥാനത്തിലും, ഗ്രൂപ്പ് ഫാമിംഗായും നടത്തുന്ന കൃഷിഭൂമി."

(165) ഖണ്ഡം 2 (ജി)യിൽ "എന്നാൽ" എന്ന വാക്കിനുശേഷം "ക്ഷീര കർഷകരുടെ കൈവശമുള്ളതും, അവർ സ്വന്തമായും, സംയുക്തമായും പാൽ ഉൽപ്പാദനത്തിനായി വളർത്തുന്ന മൃഗങ്ങൾ ഉൾപ്പെടെ" എന്നും "നിന്നോ" എന്ന വാക്കിനുശേഷം "1999- ലെ കേരള റവന്യൂ കാർഡ് ആക്ട് അനുസരിച്ച് കുടുംബങ്ങൾ കൈവശം വച്ചിട്ടുള്ള റവന്യൂ കാർഡിൽ ഉൾപ്പെടുത്തിയിട്ടുള്ള ആവശ്യമുള്ള വിവരങ്ങൾ കൂടി ഉൾപ്പെട്ട കിസാൻ പാസ് ബുക്ക് എന്നർത്ഥമാകുന്നു."

ബില്ലിന്റെ ഉദ്ദേശശുദ്ധിയിൽനിന്നുകൊണ്ട് കർഷകർക്ക് ഉപകാരപ്രദമായ രീതിയിൽ ഇത് ലഭിക്കുന്നതിനുവേണ്ടിയുള്ള നിർവ്വചനത്തിൽ ചിലതുകൂടി കൂട്ടിച്ചേർക്കാൻവേണ്ടിയാണ്. ഇതിൽ കൃഷി എന്നു പറയുമ്പോൾ വിപുലമായ മേഖലയാണ്. വെറും കൃഷിഭൂമികളുടെ ഭൂമി മാത്രമല്ല, നമ്മുടെ സംസ്ഥാനത്തെ കാർഷികമേഖലയുമായി ബന്ധപ്പെട്ട്, കൃഷി ഉപജീവനവുമായി ബന്ധപ്പെട്ട് ധാരാളം മേഖലകൾ ഉണ്ട്. ക്ഷീരകർഷകരെക്കുറിച്ച് ഇങ്ങനെ പറയുന്നുണ്ട്, ചില സ്ഥലത്ത് തേനീച്ചവളർത്തലിനെക്കുറിച്ച് പറയുന്നുണ്ട്. വ്യക്തമായി കൃഷി എന്ന നിർവ്വചനത്തിൽ ഉൾപ്പെടുത്തേണ്ടത് ഏതൊക്കെയെന്നത് സംബന്ധിച്ച് എത്രത്തോളം അതിന് സ്കോപ്പുണ്ട്, അത്രത്തോളം അത് ഉൾപ്പെടുത്താൻ നോക്കണം എന്നാണ് ഞാൻ അതിൽ ഉദ്ദേശിക്കുന്നത്. കോഴിക്കൃഷി എന്നു പറയുമ്പോൾ, കോഴി എന്നു കേൾക്കുമ്പോഴേക്കും അലർജി കാണിക്കേണ്ട കാര്യമില്ല. ഇന്നലെ ഇവിടെ ഒരു മന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

പെട്ടെന്നുതന്നെ പേടിച്ചു. കോഴി എന്നു നിങ്ങൾ വിളിക്കും, അതുകൊണ്ട് കോഴിയുടെ കാര്യം പറയല്ലേ, അങ്ങനെ ഭയപ്പെടരുത്. കോഴിക്കൃഷി, കോഴി ഇറച്ചി, കോഴി വളർത്തൽ ഇതൊക്കെ നമ്മുടെ രാജ്യത്തുള്ളതാണ്. അതിന് നികുതി ഏർപ്പെടുത്തി അവരെ കൂടുതൽ പ്രയാസപ്പെടുത്തുകയാണ്. കോഴിപോലെതന്നെ താറാവുകൃഷി വ്യാപകമായിട്ടുണ്ട്. അതുപോലെതന്നെ പുഷ്പകൃഷി, കൃഷിവകുപ്പിന് ഒരുപാട് പദ്ധതികൾ ഉള്ളതല്ലേ? പുഷ്പകൃഷി വാണിജ്യാടിസ്ഥാനത്തിൽ വിപുലമായ രീതിയിൽ പല മേഖലകളിലും വരുന്നുണ്ട്. പിന്നെ ഭൂമി ഇതിനു തയ്യാറാക്കൽ, കൂട്ടുകൃഷി, ഗ്രൂപ്പ് ഫാമിംഗ്, കർഷകൻ എന്ന നിർവ്വചനത്തിൽ കർഷകൻ മാത്രമാകും, സ്വന്തമായി ഭൂമി കുറച്ചുള്ളവൻ. പക്ഷേ, കർഷകത്തൊഴിലാളിക്ക് സ്വന്തമായി ഭൂമിയില്ല. ഇത് ചെയ്യാൻ കഴിയുമെങ്കിൽ ആലോചിക്കേണ്ടതാണ്. ഗ്രൂപ്പ് ഫാമിംഗ്, പാട്ടത്തിന് എടുത്തു നടത്തുന്ന കൃഷി, വാഴക്കൃഷി, ചിലപ്പോൾ ഒരു വർഷത്തിന് എടുത്ത് നടത്തുന്ന കൃഷി, ചിലപ്പോൾ ഏതെങ്കിലും ഇടവിള കൃഷി ചെയ്യുവാൻവേണ്ടി, കൂർക്ക കൃഷിക്ക് 3-4 മാസം മതി. അങ്ങനെ ഇടവിള കൃഷിചെയ്യുന്ന കർഷകത്തൊഴിലാളികൾ, ഭൂമിയില്ലാത്ത ആളുകൾ ചെയ്യുന്ന കൂട്ടുകൃഷി, ഗ്രൂപ്പ് ഫാമിംഗ് ഇവിടങ്ങളിലെ കൃഷിക്കാരെയൊക്കെ ഉൾപ്പെടുത്തേണ്ട കാര്യമുണ്ട്. അതുപോലെ കൃഷി അനുബന്ധമായി വരുന്നത്—ആ കൃഷിയുടെ കാർഷിക ഉൽപ്പന്നങ്ങളുടെ സംസ്കരണം, അത്തരം സംസ്കരണ മേഖലയിൽ ഏർപ്പെട്ടിട്ടുള്ള കൃഷിക്കാർ, ഇപ്പോൾ നെല്ല് സംഭരണം എന്നു പറയുമ്പോൾത്തന്നെ നെൽക്കൃഷി ചെയ്യുന്ന നെൽക്കൃഷിക്കാരോടൊപ്പംതന്നെയാണ് നെല്ല് സംഭരിച്ച് സംസ്കരിക്കുന്നതും. അതും കാർഷികമേഖലയുമായി ബന്ധപ്പെട്ടു വരുന്ന ഒരു പ്രവൃത്തിയാണ്. അതുപോലെ കർഷകത്തൊഴിലാളികളെ സംബന്ധിച്ച് നിർവ്വചനത്തിൽ ഒരു വ്യക്തത ഇതിൽ ഉണ്ടാകണം. ഇതിന്റെ ഗുണഭോക്താക്കൾ കർഷകത്തൊഴിലാളികൾ ആയതുകൊണ്ടുകൂടിയാണ് ഞാൻ പറയുന്നത്. ക്ഷീര കർഷകൻ എന്നുപറയുമ്പോൾ അതിന്റെ നിർവ്വചനം, ക്ഷീരകർഷകർ ഇപ്പോൾ ഇവിടെ പറഞ്ഞപ്രകാരം 10 ലക്ഷത്തിലേറെ ഉണ്ട്. കേരളത്തിൽ ജീവിക്കാൻ ആവശ്യമായ വരുമാനം കണക്കാക്കിയാൽ 10 ലക്ഷത്തോളം ക്ഷീരകർഷകർ നമ്മുടെ സംസ്ഥാനത്തുണ്ട്. അതിൽ ക്ഷീരകർഷകർ എന്നുള്ളത് കന്നുകാലികളെ വളർത്തുന്നതായാലും പാൽ ലഭിക്കാൻവേണ്ടി വളർത്തുന്നതായാലും ഇറച്ചി ലഭിക്കാൻവേണ്ടി വളർത്തുന്നതായാലും മറ്റ് രീതിയിലായാലും വിപുലമായ വിധത്തിലാണ് ക്ഷീരകർഷകർ ഉൾപ്പെടെ വരുന്ന വിവിധ മേഖലകൾ. അവരെ അതിൽ ഉൾപ്പെടുത്തണം. പിന്നെ കൃഷിക്കാർക്ക് നൽകുന്ന ഇളവുകളും സബ്സിഡികളും ഇതിൽ വരേണ്ടതാണ്. ധാരാളമായിട്ടുള്ള ഇളവുകൾ ഗവൺമെന്റ് പ്രഖ്യാപിക്കുന്നുണ്ട്. സബ്സിഡികൾ ഗവൺമെന്റ് പ്രഖ്യാപിക്കുന്നുണ്ട്. അതുപോലെ കാലവർഷക്കെടുതി വരുന്നു. വരൾച്ച വരുന്നു. ഇപ്പോൾ ഉണ്ടായതുപോലുള്ള ദുരന്തസംഭവങ്ങൾ വരുന്നു. നമ്മൾ പ്രതീക്ഷിക്കുന്നതല്ല. അതിൽ ഏറ്റവും പ്രത്യക്ഷത്തിൽ വൈഷമ്യം നേരിടുന്നത് കൃഷിക്കാർക്കാണ്. ഉൽപ്പാദനം ഒരു പ്രധാനപ്പെട്ട കാര്യം ആയതുകൊണ്ടാണ് പറയുന്നത്. കാലവർഷക്കെടുതിയും വരൾച്ചയുംമൂലം തകർച്ച നേരിടുന്ന കർഷകർക്ക് നൽകുന്ന പ്രത്യേക സഹായങ്ങൾ അതൊക്കെ രേഖപ്പെടുത്താനും അതൊക്കെ അവർക്ക് ലഭ്യമാകുന്നുണ്ടോ എന്നു ഉറപ്പു

LIBRARY ARCHIVES Kerala Legislative Assembly

വരുത്താനും നടപടിയുണ്ടാകണം. സഹകരണ സംഘം എന്നു പറയുമ്പോൾ സഹകരണ ആക്ട് അനുസരിച്ചുള്ള സംഘം മാത്രമല്ല, അത് അല്ലാതെയുള്ള വ്യാവസായിക സഹകരണ സംഘങ്ങളുണ്ട്. ക്ഷീര സഹകരണ സംഘങ്ങളുണ്ട്. വനിതാ സഹകരണ സംഘങ്ങളുണ്ട്. ഇതൊക്കെ പരസ്പരം ബന്ധപ്പെട്ട്, കാർഷിക മേഖലയുമായി ബന്ധപ്പെട്ടുവരുമ്പോൾ പലതരത്തിലുള്ള സഹായങ്ങൾ ചെയ്യുന്നതാണ്. അപ്പോൾ സംഘങ്ങൾ എന്നു പറയുമ്പോൾ സഹകരണ സംഘങ്ങൾ എന്നു മാത്രം ക്ലിപ്തപ്പെടുത്തിയാൽ അതിന്റെ നിർവ്വചനത്തിൽ മറ്റ് സംഘങ്ങൾകൂടി ഉൾപ്പെടുന്നില്ലെങ്കിൽ പിന്നീട് വൈഷമ്യങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ട്. കർഷകർക്ക് സഹായം കൊടുക്കുന്ന സെറിഫെഡ്, പട്ടുനൂൽപ്പുഴുവളർത്തലുമായി ബന്ധപ്പെട്ട്, കയർഫെഡ്, മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ മറ്റു തരത്തിലുള്ള ഒരുപാട് കാർഷിക സംഘങ്ങളുണ്ട്. പല സഹകരണ സംഘങ്ങളും ഫെഡറേഷനുകളുമുണ്ട്. അത്തരം സ്ഥാപനങ്ങളെ ഉൾപ്പെടുത്തണം. കെ.എസ്.എഫ്.ഇ. കർഷകർക്ക് വായ്പ കൊടുക്കുന്നതല്ലേ? കെ.എസ്.എഫ്.ഇ. ഉൾപ്പെടെ ഗവൺമെന്റിന്റെ പല ധനകാര്യസ്ഥാപനങ്ങൾ വരുമ്പോൾ അത്തരം സ്ഥാപനങ്ങളെ ഉൾപ്പെടുത്തണം. പിന്നെ റവന്യു കാർഡ് എന്നു പറയുമ്പോൾ ശ്രീ. കെ. എം. മാണിസാറാണ് ഇതിന്റെ ആശയ ഉടമസ്ഥൻ എന്നു പറഞ്ഞു. ഏതായാലും അങ്ങയുടെകൂടി ആശയം ഉൾക്കൊണ്ടുകൊണ്ടാണല്ലോ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ശ്രീ. കെ. ഇ. ഇസ്മയിൽ അത് കൊണ്ടുവന്നത്. അന്ന് എല്ലാവരും അംഗീകരിച്ച ഒന്നാണ് റവന്യു കാർഡ്. നമ്മൾ സെലക്ട് കമ്മിറ്റി അടക്കം പോയി പരിശോധിച്ച്, വിപുലമായി പഠിച്ച് തയ്യാറാക്കി ഏകകണ്ഠമായി പാസ്സാക്കിയ ആ റവന്യു കാർഡിൽ ഒരുപാട് കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ രേഖപ്പെടുത്തിയിട്ടുള്ള പല കാര്യങ്ങളും നമുക്ക് ഇതിൽക്കൂടി ഉൾപ്പെടുത്താവുന്നതാണ്. അപ്പോൾ അത്തരം കാര്യങ്ങൾകൂടി ഉൾപ്പെടുത്തിയ ബിൽ, ഈ നിയമത്തെ സമ്പുഷ്ടമാക്കാൻ റവന്യു കാർഡിനോട് ഒരു അലർജി മാണിസാർ കാണിക്കരുത്. അങ്ങയുടെകൂടി ആശയം എന്നു പറഞ്ഞതുകൊണ്ട് അത് നടപ്പിലാക്കിയത്, അല്ലെങ്കിൽ എൽ.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്നത് എന്നതുകൊണ്ട് അത് തിരസ്ക്കരിക്കുന്ന ഒരു സമീപനത്തിലേക്ക് പോകരുത്. അപ്പോൾ റവന്യു കാർഡിൽ ഉൾപ്പെടുന്ന അതിൽ പറയുന്ന കാര്യങ്ങൾകൂടി ഇതിൽ ഉൾപ്പെടുത്തണം. അങ്ങനെ ഈ നിർവ്വചനത്തിന്റെ ക്ലാസ് വിപുലീകരിച്ച് എല്ലാവർക്കും അതിന്റെ ഗുണം കിട്ടുന്ന രീതിയിൽ ഉറപ്പുവരുത്തണം. ഞാൻ എന്റെ ഭേദഗതികൾ എല്ലാം അവതരിപ്പിക്കുന്നു.

ശ്രീ. ഇസ്ഹാക് കുരിക്കൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(96) ഖണ്ഡം 2 (എ)യിൽ "കോഴികർഷകർ"എന്ന വാക്കുകൾക്കും "അതുപോലുള്ള പ്രവൃത്തികൾ" എന്നീ വാക്കുകൾക്കും ഇടയിലായി "പുഷ്പഫല കർഷകർ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

(98) ഖണ്ഡം 2 (എ)യിൽ "കോഴികർഷകർ" എന്ന വാക്കുകൾക്കുശേഷം "മൽസ്യ കർഷകർ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(100) ഖണ്ഡം 2 (എ)യിൽ "കോഴികർഷകർ" എന്ന വാക്കുകൾക്കുശേഷം "നാണ്യവിള കർഷകർ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(110) ഖണ്ഡം 2 (എ)യിൽ "കോഴിവളർത്തൽ" എന്ന വാക്കുകൾക്കുശേഷം "മൽസ്യം വളർത്തൽ" എന്ന വാക്കുകൾകൂടി ചേർക്കുക.

(145) ഖണ്ഡം 2 (ഇ)യിൽ (X)-നുശേഷം, താഴെ പറയുന്ന ഇനം ചേർക്കേണ്ടതാണ്:

"(Xഎ) കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്."

(173) ഖണ്ഡം 2 (കെ)യിൽ "സർക്കാർ ഉദ്യോഗസ്ഥൻ" എന്ന് വരുന്നിടത്തെല്ലാം "പബ്ലിക് സർവന്റ്" എന്നാക്കി മാറ്റേണ്ടതാണ്.

ശ്രീ. എം. എം. ഹസ്സൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(101) ഖണ്ഡം 2 (എ)യിൽ "സാധാരണയായി" എന്ന വാക്ക് നീക്കം ചെയ്യേണ്ടതാണ്.

(119) ഖണ്ഡം 2 (ബി)യിൽ "അതിൽ" എന്നതിനുശേഷം "ഗവൺമെന്റ് പദ്ധതി പ്രകാരം സ്വകാര്യവ്യക്തികളുടെ സമ്മതത്തോടെ അയാളുടെ ഭൂമി കൈവശം വച്ച് കൃഷി ചെയ്യുന്ന കുടുംബശ്രീ യൂണിറ്റോ" എന്നത് കൂട്ടിച്ചേർക്കുക.

(171) ഖണ്ഡം 2 (എച്ച്)-ൽ "എടുപ്പുകളുടെയും" എന്നതിനുശേഷം "കുളങ്ങൾ, കിണറുകൾ പൊതുവായിട്ടുള്ളതല്ലാത്ത മറ്റു ജലസ്രോതസ്സുകൾ എന്നിവയുടെയും" എന്നീ വാക്കുകൾ കൂട്ടിച്ചേർക്കുക.

ഈ കൃഷിഭൂമി ഇപ്പോൾ നമ്മുടെ കുടുംബശ്രീ യൂണിറ്റുകൾ ഏതെങ്കിലും സ്വകാര്യവ്യക്തികൾ അവരെ ചുമതലപ്പെടുത്തിയാൽ അവരുടെ കൈവശമുള്ള കൃഷി ഭൂമിക്ക് അവകാശം വേണമെങ്കിൽ കുടുംബശ്രീ യൂണിറ്റിനെക്കൂടി കർഷകനായി അംഗീകരിക്കണമെന്നുള്ളതാണ് എന്റെ ഒരു ഭേദഗതി. അതുപോലെ സാധാരണ നടത്തുന്ന കൃഷിക്ക് ഭൂമി തയ്യാറാക്കുന്നതു മാത്രമേ ഇപ്പോൾ ഈ കൃഷിയിൽ വരികയുള്ളു. ഏതെങ്കിലും പുതിയ കൃഷിക്ക് ഭൂമി ഒരുക്കുന്നതിന് ഇത് ഉൾപ്പെടുന്നില്ല. അതുകൊണ്ട് അതുകൂടി ഉൾപ്പെടുത്തണമെന്നുള്ളതാണ്. പറമ്പിൽ സ്വന്തമായിട്ട് കുളം, കിണർ, പൊതുവായിട്ടുള്ള മറ്റ് ജല സ്രോതസ്സുകൾ ഉണ്ടെങ്കിൽ അവയെക്കൂടി ഭൂമിയായി കണക്കാക്കണമെന്നുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ജെ പൗലോസ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(104) ഖണ്ഡം 2 (എ)യിൽ "ഭൂവികസന നടപടികൾ" എന്നതിനുശേഷം "കാർഷിക ഉപകരണങ്ങളുടെ വാങ്ങൽ" എന്നത് കൂട്ടിച്ചേർക്കുക.

(124) ഖണ്ഡം 2 (ബി)യിൽ "അത് പതിച്ചുകിട്ടിയ ആളോ" എന്നതു നീക്കം ചെയ്യുക.

(135) ഖണ്ഡം 2 (ഡി)യിൽ "സർക്കാരോ" എന്നതിനുശേഷം "സർക്കാർ വകുപ്പോ" എന്നു ചേർക്കുക.

ശ്രീ. എം. മുരളി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(105) ഖണ്ഡം 2 (എ)യിൽ "കൃഷിയിറക്കലും" എന്നതിനുശേഷം "പരിപാലനവും" എന്ന വാക്ക് ചേർക്കുക.

(121) ഖണ്ഡം 2 (ബി)യിൽ "പാട്ടക്കാരനോ" എന്നതിനുശേഷം "ഏതെങ്കിലും കോടതി ഉത്തരവുവഴി സർക്കാർഭൂമി കൈവശം വച്ചിരിക്കുന്നയാളോ" എന്നത് കൂട്ടിച്ചേർക്കുക.

(172) ഖണ്ഡം 2 (ഐ)യിൽ "ഗസറ്റിലെ വിജ്ഞാപനം" എന്നത് "ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനം" എന്നാക്കി മാറ്റുക.

ശ്രീ. കോവൂർ കുഞ്ഞുമോൻ : സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(108) ഖണ്ഡം 2 (എ)യിൽ "തേനീച്ച വളർത്തൽ, പന്നി വളർത്തൽ" എന്നിവയ്ക്കുശേഷം "ആട് വളർത്തൽ, താറാവ് വളർത്തൽ" എന്നീ വാക്കുകൾകൂടി ചേർക്കേണ്ടതാണ്.

ശ്രീ. വി. ഡി. സതീശൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(111) ഖണ്ഡം 2 (എ)യിൽ "ഉൽപ്പന്നങ്ങൾ കൊണ്ടുപോകൽ" എന്നതിനു പകരം "ഉൽപ്പന്നങ്ങളുടെ കൊണ്ടുപോകൽ" എന്നാക്കുക.

(117) ഖണ്ഡം 2 (ബി)യിൽ "പട്ടാധാരൻ" എന്നതിനുപകരം "പട്ടയദാർ" എന്ന് ചേർക്കുക.

GPM. 2/588/2012—34

LIBRARY ARCHIVES Kerala Legislative Assembly

ചില വാക്കുകൾ മറ്റ് കാർഷികനിയമങ്ങളിൽ ഉള്ളതുപോലെതന്നെയുള്ള വാക്കുകളാണ്. പട്ടയദാർ എന്നുള്ള വാക്കാണ് സാധാരണ മറ്റ് കാർഷികനിയമങ്ങളിൽ പ്രയോഗിച്ചുവരുന്നത്. അതുതന്നെ ഈ നിയമത്തിലും സ്വീകരിക്കണമെന്നാണ് പറയാനുള്ളത്.

12.00 Noon] *ശ്രീ. ടി. എം. ജേക്കബ്* : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(114) ഖണ്ഡം 2 (എ)യിൽ "വ്യാഖ്യാനിക്കപ്പെടേണ്ടതുമാണ്" എന്ന വാക്കിനു പകരം "കരുതപ്പെടേണ്ടതാണ്" എന്ന വാക്ക് ചേർക്കുക.

(120) ഖണ്ഡം 2 (ബി)യിൽ "സർക്കാർ ഭൂമിയുടെ" എന്നതിനുപകരം "സർക്കാർ ഭൂമിയുടെയോ, സർക്കാരേതര ഭൂമിയുടെയോ" എന്നു ചേർക്കുക.

(159) ഖണ്ഡം 2 (എഫ്)ൽ "ഒരു തുണ്ടോ, തുണ്ടുകളായതോ ആയ" എന്ന വാക്കുകൾ വിട്ടുകളയുക.

(162) ഖണ്ഡം 2 (ജി)യിൽ "കിസാൻ പാസ് ബുക്ക്" എന്നതിനുപകരം "കർഷക പാസ് ബുക്ക്" എന്ന് ചേർക്കുക.

(175) ഖണ്ഡം 2 (എൽ)ൽ "നിർണ്ണയിക്കപ്പെട്ട" എന്ന വാക്ക് വിട്ടുകളയുക.

114-ൽ ഞാൻ ആവശ്യപ്പെട്ടിരിക്കുന്നത് ഇവിടെ പറഞ്ഞിരിക്കുന്നത് വ്യാഖ്യാനിക്കപ്പെടേണ്ടതാണ് എന്നാണ്. അതായത് ഇതിൽ 2(1)(എ)യിൽ പറയുന്നുണ്ട് കൃഷി ഉൽപ്പന്നങ്ങൾ കൊണ്ടുപോകൽ ഉൾപ്പെടെയുള്ള മറ്റ് പ്രവർത്തനങ്ങൾ മുതലായവ ഉൾപ്പെടുന്നതും കാർഷിക ആവശ്യങ്ങൾ എന്ന വാക്കുകൾ അതിന് അനുസരണമായി വ്യാഖ്യാനിക്കപ്പെടേണ്ടതുമാണ് എന്ന്. വ്യാഖ്യാനിക്കുക എന്നു പറയുന്നത് നിയമത്തിൽ ചേർക്കുന്ന ഒരു അപ്രോപ്രിയേറ്റ് വേർഡ് അല്ല. കരുതപ്പെടേണ്ടതാണ്. വ്യാഖ്യാനം എന്നു പറയുന്നത് ഇന്റർപ്രിട്ടേഷനായിട്ടാണ് ഇംഗ്ലീഷിൽ വരിക. അങ്ങനേയും കരുതപ്പെടേണ്ടതാണ് എന്ന വാക്കാണ് അവിടെ ചേർക്കേണ്ടത്, അനുയോജ്യമായിട്ടുള്ളത്. രണ്ടാമത്തേത് 2 (ബി)യിൽ പറയുന്ന "കർഷകൻ" എന്നാൽ ഭൂവുടമസ്ഥനെന്നോ ഒറ്റിക്കാരനെന്നോ പട്ടാദാരനെന്നോ ഉള്ള നിലയിൽ ഒരു കൈവശഭൂമിയിൽ താൽപ്പര്യമുള്ള ഒരാൾ എന്നർത്ഥമാകുന്നതും അതിൽ സർക്കാർ ഭൂമിയുടെ പാട്ടക്കാരനോ അത് പതിച്ചുകിട്ടിയ ആളോ ഉൾപ്പെടുന്നതുമാകുന്നു. ഇതിൽ ഡെഫനിഷൻ ക്ലോസ് കഴിഞ്ഞ് ബാക്കി ഓപ്പറേറ്റീവ്

LIBRARY ARCHIVES Kerala Legislative Assembly

പാർട്ടിലേക്കു പോകുമ്പോൾ ഗവൺമെന്റ് പറയുന്നത് സർക്കാർഭൂമി മാത്രം കിട്ടിയ ആളെക്കുറിച്ചല്ല സർക്കാരിതര ഭൂമിയും കൈവശം കിട്ടിയവനും ആ ആനുകൂല്യങ്ങൾ എല്ലാം ആകുന്നു എന്നു പറയുന്നുണ്ട്. പാസ് ബുക്ക് എൻട്രി ചെയ്ത് കിട്ടിക്കഴിഞ്ഞാൽ അതുകൊണ്ട് ഏതെങ്കിലും ഒരു സ്ഥലത്തു ചെന്നു ബാങ്കിൽ നിന്നു കടം എടുക്കണമെങ്കിൽ ഇത് ബേസിക് ഡോക്യുമെന്റായിട്ട് കണക്കാക്കണമെന്നാണ് ഇനി വരുന്ന വകുപ്പുകളിൽ വരുന്നത്. അവിടെ കൊടുത്തിരിക്കുന്ന ഈ കർഷകൻ എന്ന വാക്കിന്റെ ഡെഫനിഷനകത്ത് സർക്കാർ ഭൂമിയുടെ കാര്യം മാത്രം പറഞ്ഞാൽ പോരാ. സർക്കാർ ഭൂമിയുടെയോ സർക്കാരിതര ഭൂമിയുടെയോ പാട്ടക്കാരനോ അത് പതിച്ചുകിട്ടിയ ആളുകൾ ഉൾപ്പെടുന്നവയാകുന്നു. അതാണ് അതിൽ ചേർക്കേണ്ടത്. അല്ലെങ്കിൽ ഈ ഒരു വ്യാഖ്യാനത്തിന്റെ അടിസ്ഥാനത്തിൽ ഡെഫനിഷൻ ക്ലോസിൽ അത് ക്ലിയറായിട്ട് വന്നില്ലെങ്കിൽ ഇനിയുള്ള ഘട്ടങ്ങളിൽ അത് ബുദ്ധിമുട്ടായിവരും. അടുത്ത ഭേദഗതി 159 ആണ്. അത് (എഫ്)നാണ് ഞാൻ അമെന്റ്മെൻറ് നിർദ്ദേശിച്ചിരിക്കുന്നത്. ഞാൻ പറഞ്ഞിരിക്കുന്നത് തുണ്ടോ തുണ്ടുകളായതോ കൈവശഭൂമി എന്നാൽ അതിക്രമിച്ചുകടക്കുന്ന ആൾ ഒഴികെയുള്ള ഒരാൾ കൈവശം വച്ചിരിക്കുന്ന ഭൂമി എന്ന് അർത്ഥമാകുന്നു. ഭൂമി സംബന്ധിച്ച് മെഷർമെന്റല്ലേ വരുന്നത്. ഇത്ര സെന്റ് അല്ലെങ്കിൽ ഇത്ര ആർ. മെഷർമെന്റാണ് വരുന്നത്. ഇവിടെ ഇത് സാധാരണ കൊളോക്കിയൽ ആയിട്ടാണ് നിയമത്തിൽ ഉപയോഗിച്ചിരിക്കുന്നത്. അത് ശരിയല്ല. കൈവശഭൂമി എന്നാൽ അതിക്രമിച്ചുകടക്കുന്ന ആൾ ഒഴികെയുള്ള ഒരാൾ കൈവശം വച്ചിരിക്കുന്ന ഭൂമി എന്ന് അർത്ഥമാകും. പറഞ്ഞിരിക്കുന്നത് ഒരു തുണ്ടോ തുണ്ടുകളായതോ ആയ അങ്ങനെ പറയാറില്ല. ഭൂമിയെ സംബന്ധിച്ച് കൈവശഭൂമി എന്താണെന്നു കൃത്യമായിട്ട് ഡിഫൈൻ ചെയ്താൽ മതി. അടുത്തത് 162. കിസാൻ വാക്കിന്റെ അർത്ഥം എന്താണ്? അത് ഹിന്ദി വാക്കാണ്. ഇവിടെ മലയാളത്തിൽ പറഞ്ഞാൽ പോരേ? കർഷക പാസ് ബുക്കെന്നു........

ശ്രീ. എം. എം. ഹസ്സൻ : സർ, ഇംഗ്ലീഷ് വാക്കുകൾ പ്രചാരത്തിൽ വന്നു കഴിഞ്ഞാൽ, ഡസ്കിന് ഇപ്പോൾ മലയാളം പറയാൻ പറ്റുമോ? അങ്ങനെയാണെങ്കിൽ ജേക്കബ് എന്നത് ഇംഗ്ലീഷ് പദമാണോ, ലാറ്റിനാണോ, മലയാളമല്ലല്ലോ?

ശ്രീ. ടി. എം. ജേക്കബ് : ഹസ്സൻ എന്നു പറയുന്നത് എന്താണ്?

ശ്രീ. എം. എം. ഹസ്സൻ : സർ, അറബി വാക്കാണ്, അതിന്റെ അർത്ഥവും അറിയാം. അതിന്റെ അർത്ഥം എന്താണെന്നറിയാമോ?

ശ്രീ. ടി. എം. ജേക്കബ് : ജേക്കബ് എന്ന വാക്കിന് അർത്ഥമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. ഹസ്സൻ : ചോദിച്ച സ്ഥിതിക്ക് പറഞ്ഞേക്കാം. ഹസ്സൻ എന്നു പറയുന്നത് അറബി വാക്കാണ്. മുഹമ്മദ് നബിയുടെ പേരക്കുട്ടികളാണ്. ഹസ്സനും ഹുസൈനും. ഹസ്സൻ എന്ന വാക്കിന്റെ അർത്ഥം നല്ല കുട്ടിയെന്നാണ്.

ശ്രീ. പി. കെ. കെ. ബാവ : ജേക്കബ് എന്നത് യാക്കോബാണ്. അതും അറബിയാണ്.

മി. ചെയർമാൻ (ശ്രീ. പി. ജെ. ജോയ്) : വകുപ്പ് തിരിച്ചുള്ള ചർച്ചയിൽ ഉപചോദ്യമില്ല. ആരായാലും അതു ശരിയാവുകയില്ല.

ശ്രീ. ടി. എം. ജേക്കബ് : കുഴപ്പമില്ല. ശ്രീ. ഹസ്സന് ഇങ്ങനെ ഇടയ്ക്കിയിടയ്ക്ക് ഓരോ സംശയങ്ങൾ വരുന്നതാണ്. ഹസ്സന്റെ സംശയങ്ങൾ അവിടെ നിൽക്കട്ടെ. അത് ചർച്ചാ വിഷയമാക്കേണ്ട. ഇവിടെ ഞാൻ പറയുന്നത് പാസ് ബുക്ക് എന്നുള്ളത് അത് നമ്മൾ ഇവിടെ പറഞ്ഞ ഒരു കാര്യത്തോട് ഞാൻ യോജിക്കുകയാണ്. ചില ഇംഗ്ലീഷ് വാക്കുകൾ നമ്മൾ മലയാളത്തിൽ അംഗീകരിച്ചിട്ടുണ്ട്. അതിപ്പോൾ നമ്മൾ പല ബില്ലിന്റെയും ചർച്ചയ്ക്ക് എടുക്കുമ്പോൾ ഈ ബില്ലിന്റെ ട്രാൻസലേഷൻ തന്നെ വരുമ്പോൾ ഇംഗ്ലീഷിൽ അവതരിപ്പിക്കുന്ന ബിൽ പരിഭാഷപ്പെടുത്തി മലയാളത്തിൽ കൊണ്ടുവരുമ്പോൾ പല ഇംഗ്ലീഷ് പദങ്ങളും നമ്മൾ എടുക്കുന്നുണ്ട് എന്നു പറയുന്നതുപോലെ ഹിന്ദി വാക്കുകൾ നമ്മൾ എടുക്കാറില്ല. അത് പരിശോധിച്ച് ഇവിടുത്തെ പരിഭാഷയും ബില്ലിന്റെ ചർച്ചകളും മലയാളത്തിൽ വരുന്ന ബില്ലുകളും ചില ഇംഗ്ലീഷ് വാക്കുകളുടെ മലയാളത്തിനു പകരമായിത്തന്നെ ഉപയോഗിക്കുന്നുണ്ട്. പാസ്സ് ബുക്ക് എന്നുള്ളത് മാറ്റണമെന്നു ഞാൻ പറയുന്നില്ല. കിസാൻ എന്നുള്ള ഹിന്ദി ഭാഷ ഇവിടെ എടുക്കാറില്ല. അത് മന്ത്രി ഇവിടെ ആദ്യം മുതലെ കിസാൻ, കിസാൻ, ജയ് ജവാൻ ജയ് കിസാൻ എന്നു പറയുന്നതുപോലെ, ഞാൻ ഒരു അഭിപ്രായം പറഞ്ഞെന്നേയുള്ളൂ. സ്വീകരിക്കുകയോ സ്വീകരിക്കാതിരിക്കുകയോ ചെയ്യുന്നതു മന്ത്രിയുടെ യുക്തം പോലെ ചെയ്യുക. പിന്നെ അടുത്തത് 175 ആണ്. അത് മന്ത്രി പ്രത്യേകമായിട്ട് ശ്രദ്ധിക്കണം. 2 (എൽ) എന്നു പറയുന്നത് റവന്യൂ ഉദ്യോഗസ്ഥൻ എന്നാൽ റവന്യൂ വകുപ്പിലെ നിർണ്ണയിക്കപ്പെട്ട ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു. ഈ നിർണ്ണയിക്കപ്പെടുക എന്നു ഉദ്ദേശിക്കുന്നത് റൂൾസിൽ പറയാനായിരിക്കാം. അതിന്റെ ആവശ്യമില്ല. റവന്യൂ ഉദ്യോഗസ്ഥൻ എന്നാൽ റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥൻ എന്നർത്ഥമാണ്. അത് പിന്നെ നിർണ്ണയിക്കപ്പെടേണ്ട, അത് റൂൾസിൽ പറയേണ്ട ആവശ്യമില്ല. അതാണോ മന്ത്രി ഉദ്ദേശിക്കുന്നത് എന്ന് എനിക്ക് അറിഞ്ഞുകൂടാ. എഴുതിവച്ചത് എന്താണെന്നു നോട്ട് ചെയ്ത് പറഞ്ഞാൽ വേണ്ടില്ല. (എൽ)-ൽ റവന്യൂ ഉദ്യോഗസ്ഥൻ എന്നാൽ റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു

LIBRARY ARCHIVES Kerala Legislative Assembly

അതിന്റെ ആവശ്യമേയുള്ളു. ഞാൻ ഈ പറഞ്ഞ കാര്യങ്ങൾ ഡെഫനിഷൻ ക്ലോസിൽ നിർവ്വചന ക്ലാസിൽ വന്നാൽ അത് കുറെക്കൂടി നന്നായിരിക്കും. നിർബന്ധമായും വരേണ്ടതാണ്.

ശ്രീ. വി. കെ. ചന്ദ്രൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(118) വകുപ്പ് 2 (ബി)യിൽ 'പട്ടാദാരനെന്നോ' എന്നതിനുശേഷം

"പാട്ടക്കരാർ വ്യവസ്ഥയിൽ കൃഷി ചെയ്യുന്നവരോ" എന്നുകൂടി ചേർക്കുക.

(132) ഖണ്ഡം 2 (സി)യിൽ "രജിസ്റ്റർ ചെയ്തതായി കരുതപ്പെടുന്നതോ" എന്ന വാക്കുകൾ ഒഴിവാക്കുക.

(134) ഖണ്ഡം 2 (ഡി)യിൽ "എന്നാൽ" എന്നവാക്കിനും "ഒരു" എന്നവാക്കിനും ഇടയിൽ "സർക്കാർ നിയന്ത്രണത്തിലുള്ളതോ ജനകീയ സമിതികളാൽ നിയന്ത്രിക്കുന്നതോ ആയ" എന്നു ചേർക്കുക.

(155) ഖണ്ഡം 2 (എഫ്)ൽ 'അതിക്രമിച്ച് കടക്കുന്ന ആൾ' എന്നതിനുപകരം 'കയ്യേറ്റഭൂമി' എന്ന് ചേർക്കുക.

(168) ഖണ്ഡം 2 (ജി)യിൽ "അവകാശത്തിന്റെ സ്വഭാവവും വ്യാപ്തിയും കാണിക്കുന്ന" എന്നതിനുശേഷം "ഒഴിവാക്കിയതോ കൈമാറ്റം ചെയ്യപ്പെട്ടതോ ആയ ഭൂമിയുടെ വിവരവും" എന്നുകൂടി ചേർക്കുക.

ഇതിൽ കൃഷിക്കാരന്റെ ഡെഫനിഷൻ "കർഷകൻ" എന്നാൽ ഭൂവുടമസ്ഥനെന്നോ ഒറ്റിക്കാരനെന്നോ പട്ടാദാരനെന്നോ ഉള്ള നിലയിൽ അങ്ങനെയാണ് പറയുന്നത്. ഇതിൽ നമ്മുടെ സംസ്ഥാനത്ത് യഥാർത്ഥ കർഷകനല്ല കൃഷി ചെയ്യുന്നത്. പാട്ടത്തിന് ഭൂമി കൊടുത്ത് അതിനു നിശ്ചയപ്പാട്ടം വച്ചിട്ടാണ് ഇപ്പോൾ കൃഷി ചെയ്യുന്നത്. അത്തരത്തിലുള്ള ആളുകൾ ഇതിൽ വരേണ്ടതാണ്. അതുകൊണ്ട് പാട്ടവ്യവസ്ഥയിൽ കൃഷി ചെയ്യുന്നവരോ എന്നുകൂടി അതിൽ ഉൾപ്പെടുത്തണം. അതുപോലെ 132-ൽ അവിടെ പറയുന്നത് സഹകരണ സംഘം രജിസ്ട്രേഷനുമായി ബന്ധപ്പെട്ടാണ്. അതിൽ 1969-ലെ കേരള സഹകരണസംഘങ്ങൾ ആക്ടിൻ കീഴിൽ രജിസ്റ്റർ ചെയ്തതോ രജിസ്റ്റർ ചെയ്തതായി കരുതപ്പെടുന്നതോ ആയ എന്നാണ്. അസിസ്റ്റന്റ് രജിസ്ട്രാർക്കോ ജോയിന്റ് രജിസ്ട്രാർക്കോ ഒരു സംഘം

LIBRARY ARCHIVES Kerala Legislative Assembly

രജിസ്റ്റർ ചെയ്യാൻവേണ്ടി അപേക്ഷ കൊടുത്തുകഴിഞ്ഞാൽ അതും ഇതിന്റെ പരിധിയിൽ വരികയാണ്. അത് ഒരു തെറ്റായ കീഴ്വഴക്കത്തിലേക്കാണ് പോവുക. ചില സംഘങ്ങൾ നമ്മുടെ സമൂഹത്തിൽ ഇങ്ങനെ രൂപപ്പെട്ട് വരുന്നുണ്ടെങ്കിൽ അത് ചില കാര്യങ്ങൾക്കുവേണ്ടി രൂപപ്പെട്ട് വരികയാണ്. അത്തരം സംഘങ്ങളെ ഇത്തരം അധികാര പരിധിയിൽ കൊണ്ടുവരുന്നത് ശരിയല്ല. അതുകൊണ്ട് അത് ഒഴിവാക്കണമെന്നാണ് എന്റെ അഭിപ്രായം.

134-ൽ പറയുന്നത് സാമ്പത്തിക സഹായം എന്നാൽ ഒരു ധനകാര്യ സ്ഥാപനമോ സർക്കാരോ കൃഷി ആവശ്യങ്ങൾക്കായി വായ്പകളായോ അഡ്വാൻസുകളായോ മറ്റ് വിധത്തിലോ നൽകുന്ന സഹായം എന്നർത്ഥമാകുന്നു. ഡെഫിനിഷന് ക്ലാരിറ്റി വരണമെങ്കിൽ സാമ്പത്തിക സഹായം എന്നാൽ സർക്കാർ നിയന്ത്രണത്തിലുള്ളതോ ജനകീയ സമിതികളാൽ നിയന്ത്രിക്കുന്നതോ ആയ ഒരു ധനകാര്യ സ്ഥാപനമോ സർക്കാരോ കൃഷി ആവശ്യങ്ങൾക്കായി വായ്പകളോ അഡ്വാൻസുകളോ മറ്റോ നൽകുന്നത് എന്നാക്കി മാറ്റണം. അതുപോലെ 155-ൽ പറയുന്നത് കൈവശ ഭൂമിയെ സംബന്ധിച്ചാണ്. കൈവശഭൂമി എന്നാൽ അതിക്രമിച്ച് കടക്കുന്ന ആൾ ഒഴികെയുള്ള ഒരാൾ കൈവശം വച്ചിരിക്കുന്ന ഒരു തുണ്ടോ തുണ്ടുകളായതോ ആയ ഭൂമി എന്നർത്ഥമാകുന്നു. എന്തിനാണ് വളഞ്ഞുതിരിഞ്ഞ് മൂക്ക് പിടിക്കുന്നത്? കൈവശഭൂമി എന്നാൽ അതിക്രമിച്ചു കടക്കുന്ന ആൾ എന്നതിനുപകരം കയ്യേറ്റഭൂമി എന്നാക്കി മാറ്റിയാൽ ആ വാചകത്തിന് ക്ലാരിറ്റി വരും. 168-ൽ പറയുന്നത് കിസാൻ പാസ് ബുക്കിന്റെ അവകാശം സംബന്ധിച്ചാണ്. ഒരു കർഷകന് തന്റെ കൃഷിഭൂമിയിലോ ഒരു റവന്യു എസ്റ്റേറ്റിലെ ഭൂമിയിലോ ഉള്ള അവകാശത്തിന്റെ സ്വഭാവവും വ്യാപ്തിയും കാണിക്കുന്ന എന്നാണ്. അതിൽ ഒഴിവാക്കിയ ഭൂമിയും കൈമാറ്റം ചെയ്യപ്പെട്ട ഭൂമിയുടെ വിവരവും ഇതിൽ ഉൾപ്പെടുത്തണമെന്നതാണ് എന്റെ ഭേദഗതി.

ശ്രീ. എം. വി. ജയരാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(123) ഖണ്ഡം 2 (ബി)യിൽ നാലാമത്തെ വരിയിൽ "പതിച്ചുകിട്ടിയ" എന്ന വാക്കിന് മുമ്പിൽ "നിയമാനുസൃതം" എന്ന വാക്ക് ചേർക്കുകയും "ആളോ" എന്ന വാക്കിനുശേഷം "മത്സ്യത്തൊഴിലാളികൾ, പട്ടികവിഭാഗക്കാർ എന്നിവരോ" എന്നുകൂടി ചേർക്കേണ്ടതാണ്.

(138) ഖണ്ഡം 2 ഉപഖണ്ഡം (ഡി)യിൽ "അഡ്വാൻസുകളായോ" എന്ന പദത്തിനുശേഷം "ഗ്രാന്റായോ" എന്ന പദംകൂടി ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(156) ഖണ്ഡം 2 ഉപഖണ്ഡം (എഫ്) ൽ "അതിക്രമിച്ച് കടക്കുന്ന ആൾ ഒഴികെയുള്ള ഒരാൾ കൈവശം വച്ചിരിക്കുന്ന" എന്നതിന് പകരം "ഒരാൾ അതിക്രമിച്ച് കടന്ന് കൈവശം വച്ചിരിക്കുന്ന ഭൂമി ഒഴികെയുള്ള" എന്ന് ചേർക്കുക.

(160) ഖണ്ഡം 2 (എഫ്)ൽ മൂന്നാമത്തെ വരിയിൽ "എന്നർത്ഥമാകുന്നു" എന്ന വാക്ക് ഒഴിവാക്കി താഴെപ്പറയുന്ന ഭാഗം കൂടി ചേർക്കുക:

"എന്നർത്ഥമാകുന്നതും എന്നാൽ, വ്യാജ പട്ടയംമൂലം സ്വന്തമാക്കിയിട്ടുള്ള ഭൂമിയും വനം വകുപ്പിന് റവന്യൂ വകുപ്പ് വിട്ടുകൊടുത്ത ഭൂമിയിൽ അനധികൃത കയ്യേറ്റം നടത്തി സ്വന്തമാക്കിയ ഭൂമിയും ഈ നിർവ്വചനത്തിന്റെ പരിധിയിൽപ്പെടാത്തതുമാകുന്നു".

(166) ഖണ്ഡം 2 (ജി)ൽ രണ്ടാമത്തെ വരിയിൽ "കൃഷിഭൂമിയിലോ" എന്ന വാക്കിനുപകരം "കൃഷിഭൂമിയിലെ" എന്ന വാക്ക് ചേർക്കുകയും "ഒരു റവന്യു എസ്റ്റേറ്റിലെ ഭൂമിയിലോ ഉള്ള" എന്നീ വാക്കുകൾ ഒഴിവാക്കുകയും ചെയ്യുക.

123-ൽ ഡെഫിനിഷൻ ക്ലാസ്സ് 2 (ബി)യിൽ ഇപ്പോൾ കർഷകനെ സംബന്ധിച്ച ഒരു ഡെഫിനിഷനാണ് വിശദീകരിക്കുന്നത്. ഇവിടെ പറയുന്നത് ഭൂവുടമസ്ഥനെന്നോ ഒറ്റിക്കാരനെന്നോ പട്ടാദാരനെന്നോ ഉള്ള നിലയിൽ ഒരു കൈവശഭൂമിയിൽ താല്പര്യമുള്ള ആൾ എന്നർത്ഥമാകുന്നതും എന്നാണ്. അതിൽ പതിച്ചുകിട്ടിയ ആളെക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. പതിച്ചുകിട്ടിയ എന്ന വാക്കിനുമുമ്പ് നിയമാനുസൃതമായി പതിച്ചുകിട്ടിയ ആളോ എന്ന് ശരിയായ രീതിയിൽ അത് ഡിഫൈൻ ചെയ്യേണ്ടതല്ലേ? അങ്ങനെ ചെയ്യുന്നില്ലെങ്കിൽ യഥാർത്ഥത്തിൽ ഭൂമിയുടെ കയ്യേറ്റക്കാരെക്കൂടി ഇതിൽ ഉൾപ്പെടുത്തുന്ന നിലയിൽ അത് മാറിയേക്കും. അതുപോലെ മത്സ്യത്തൊഴിലാളികൾ, പട്ടികവിഭാഗങ്ങൾ എന്നിവരെക്കൂടി കൂട്ടിച്ചേർക്കേണ്ടതാണ്. കാരണം തീരദേശത്തും വനത്തിനകത്തും കഴിയുന്ന ആദിവാസികൾ ഉൾപ്പെടെയുള്ളവർ കൈവശം വച്ച് വരുന്ന ഭൂമിക്ക് കൈവശ സർട്ടിഫിക്കറ്റാണ് കൊടുക്കുന്നത്. അവർ അവിടെ കൃഷി ചെയ്യുന്നതും കാണാൻ കഴിയും. അത്തരത്തിലുള്ള ദുർബല ജനവിഭാഗങ്ങൾ കൂടി കർഷകർ എന്ന ഡെഫനിഷനിൽ വരുന്ന വിധത്തിൽ ഈ ഡെഫനിഷൻ മാറ്റേണ്ടതാണ്.

138-ൽ സാമ്പത്തിക സഹായം ഡിഫൈൻ ചെയ്തിരിക്കുന്നു. അതിൽ രണ്ട് കാര്യങ്ങളാണ് ഡിഫൈൻ ചെയ്യുന്നത്. ധനകാര്യ സ്ഥാപനമോ സർക്കാരോ കൃഷി ആവശ്യങ്ങൾക്കായി വായ്പകളായോ അഡ്വാൻസുകളായോ എന്നാണ് പറയുന്നത്. എന്നാൽ അഡ്വാൻസ് എന്നുപറയുന്നത് ശരിയല്ല. യഥാർത്ഥത്തിൽ കൃഷി

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യത്തിനായി വായ്പകളായോ ഗ്രാന്റായോ ആണ് നൽകുന്നത്. എങ്ങനെയാണ് അഡ്വാൻസ് വന്നതെന്ന് മനസ്സിലാകുന്നില്ല. സർക്കാരോ ധനകാര്യ സ്ഥാപനങ്ങളോ കൊടുക്കുന്നത് വായ്പകളോ സബ്സിഡികളോ ആണ്. മാണി സാർ അത് പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ടാവുമെന്നാണ് തോന്നുന്നത്. കാരണം അഡ്വാൻസ് എന്നുപറയുന്നത് യാതൊരുവിധത്തിലും ബാധിക്കുന്ന കാര്യമല്ല.

156-ൽ ആവശ്യമായ ഭേദഗതി വരുത്താവുന്നതാണ്. കൈവശഭൂമിയാണ് 2 (എഫ്)ൽ ഡിഫൈൻ ചെയ്തിട്ടുള്ളത്. അതിൽ പറയുന്നത് 'അതിക്രമിച്ചു കടക്കുന്ന ആൾ ഒഴികെയുള്ള ഒരാൾ കൈവശം വച്ചിരിക്കുന്ന ഒരു തുണ്ടോ തുണ്ടുകളായതോ ആയ ഭൂമി എന്നർത്ഥമാകുന്നു. തുണ്ടോ, തുണ്ടുകളായതോ എന്നതിനെപ്പറ്റി ശ്രീ. ടി. എം. ജേക്കബ് ഇവിടെ ചില ഭേദഗതികൾ അവതരിപ്പിച്ചിട്ടുണ്ട്. പക്ഷേ അതിന്റെ വാചക ഘടന ശരിയല്ല. ഞാൻ പ്രൊപ്പോസ് ചെയ്യുന്നത് ഒരാൾ അതിക്രമിച്ച് കടന്ന് കൈവശം വച്ചിരിക്കുന്ന ഭൂമി ഒഴികെയുള്ള എന്നുള്ള നിലയിൽ ശരിയായി വാചക ഘടനയിൽ മാറ്റം വരുത്തേണ്ടതുണ്ട് എന്നുള്ളതാണ്. അത് സ്വീകരിക്കാവുന്നതേയുള്ളൂ എന്നാണ് എനിക്ക് തോന്നുന്നത്.

2 (എഫ്)ൽ ഒരു കൂട്ടിച്ചേർക്കൽ കൂടി വേണമെന്നുള്ളതുകൊണ്ടാണ് 160-ാം ഭേദഗതി ഞാൻ പ്രൊപ്പോസ് ചെയ്യുന്നത്. കൈവശഭൂമി ഡിഫൈൻ ചെയ്തുകൊണ്ട് ഭൂമി എന്നർത്ഥമാകുന്നു. എന്നതിനുശേഷം എന്നർത്ഥമാകുന്നതും അതിൽ ഭൂമിയുടെ കൈവശരേഖ കിട്ടിയിട്ടുള്ളതോ എന്നാൽ വ്യാജ പട്ടയംമൂലം സ്വന്തമാക്കിയിട്ടുള്ള ഭൂമിയും വനംവകുപ്പിന് റവന്യൂ വകുപ്പ് വിട്ടുകൊടുത്ത ഭൂമിയിൽ അനധികൃത കയ്യേറ്റം നടത്തി സ്വന്തമാക്കിയ ഭൂമിയും ഈ നിർവ്വചനത്തിന്റെ പരിധിയിൽപ്പെടാത്തതുമാകുന്നു. ഇത് കൃത്യമായി ഡിഫൈൻ ചെയ്യണം. വ്യാജ പട്ടയംമൂലം ഒരുപാട് ആളുകൾ ഭൂമി കയ്യേറിയിട്ടുണ്ട്. അതുപോലെ റവന്യൂ വകുപ്പ് വനം വകുപ്പിന് വിട്ടുകൊടുത്തിട്ടുള്ള ഭൂമി കൈവശം വച്ചിട്ടുള്ള ഒരുപാട് ആൾക്കാരുണ്ട്. നിലമ്പൂരിലെ വനത്തിനകത്ത് ഏക്കർ കണക്കിന് ഭൂമി കൈവശം വച്ചിട്ടുള്ള ആളുകളെ കാണാൻ കഴിയും. അന്യായമായി കയ്യേറ്റം നടന്ന, ബഹുമാനപ്പെട്ട കോടതി അടക്കം ചൂണ്ടിക്കാണിച്ചത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. അതുകൊണ്ട് വ്യാജപട്ടയം മുഖേനയോ തെറ്റായ രേഖകൾ വഴിയോ കൈവശം വയ്ക്കുന്ന ഭൂമി കൈവശഭൂമി എന്നുപറയുന്ന ഡെഫിനിഷനിൽ വരാൻ പാടില്ല എന്നുള്ളതാണ് ഞാൻ ഉദ്ദേശിക്കുന്നത്.

166 കൊണ്ടുദ്ദേശിക്കുന്നത് 2 (ജി)യിൽ വരുത്തേണ്ട മാറ്റം സംബന്ധിച്ചാണ്. കിസാൻ പാസ് ബുക്ക് സംബന്ധിച്ചുള്ള ഡെഫിനിഷനാണ്. അതിൽ ഒരു റവന്യൂ

LIBRARY ARCHIVES Kerala Legislative Assembly

എസ്റ്റേറ്റിലെ ഭൂമിയിലോ ഉള്ള എന്നത് ഇതിൽ കാണുന്നുണ്ട്. യഥാർത്ഥത്തിൽ അതിന്റെ ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. കർഷകന് തന്റെ കൃഷിഭൂമിയിൽ എന്ന നിലയിലേക്ക് മാറ്റിയാൽ തന്നെ പൂർണ്ണമാകുന്നതാണ്. അതുകൊണ്ട് റവന്യൂ എസ്റ്റേറ്റിലെ ഭൂമി എന്നുപറയുന്ന ഭാഗം അതിൽ നിന്ന് മാറ്റേണ്ടതാണ്.

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(125) ഖണ്ഡം 2(ബി)യിൽ "ആളോ" എന്നതിനുശേഷം "മത്സ്യത്തൊഴിലാളിയോ, ആദിവാസി, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരോ" എന്ന് കൂട്ടിച്ചേർക്കേണ്ടതാണ്.

(154) ഖണ്ഡം 2 (ഇ) (xi)-നുശേഷം താഴെ പറയുന്നത് (xii)-ാം ഇനമായി ചേർക്കേണ്ടതാണ്.

"(xii) കെ.എഫ്.സി., കെ.എസ്.എഫ്.ഇ. എന്നീ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ"

ഇതിൽ കൃഷി നിർവ്വചിച്ചതിൽ കാർഷികവൃത്തിയുമായി ബന്ധപ്പെട്ടിട്ടുള്ള ഏറെക്കുറെ ഭാഗങ്ങൾ വരുന്നുണ്ട്. കൃഷി നിർവ്വചനത്തിന്റെ ഇൻഗ്രീഡിയൻസ് ഉൾക്കൊള്ളുന്ന വിഭാഗം കർഷകന്റെ നിർവ്വചനത്തിൽ വരുന്നില്ല. കർഷകൻ എന്നുള്ളതിൽ കുറച്ചുകൂടി വ്യാപ്തിയുണ്ടാകുന്നത് നന്നായിരിക്കുമെന്നാണ് തോന്നുന്നത്.

154 സാമ്പത്തിക സ്ഥാപനങ്ങളുടെ ധനസഹായത്തിൽ കേരള ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള നിരവധി സ്ഥാപനങ്ങൾ പറഞ്ഞുപോകുന്നുണ്ട്. അതിൽ കെ.എസ്.എഫ്.ഇ.-യും കെ.എഫ്.സി.-യും എടുത്തുപറയുന്നത് നന്നായിരിക്കും. കാരണം ഗവൺമെന്റ് സ്ഥാപനമാണല്ലോ. ഒരു ധനകാര്യ സ്ഥാപനമാണെന്ന പ്രചരണംകൂടി കിട്ടും. ബഹുമാനപ്പെട്ട മന്ത്രി നേരത്തെ സൂചിപ്പിച്ചതുപോലെ അത് പെടുത്തുന്നതിന് വകുപ്പുണ്ട്. സംസ്ഥാന സർക്കാർ ഇതിലേക്കായി വിജ്ഞാപനം ചെയ്തേക്കാവുന്ന ധനകാര്യ സ്ഥാപനമെന്ന് ഐറ്റം xi-ൽ പറയുന്നുണ്ട്. പക്ഷേ സംസ്ഥാന ഖാദിഗ്രാമ വ്യവസായ ബോർഡും അഗ്രോ ഇൻഡസ്ട്രീസും പറയുന്ന സ്ഥിതിക്ക് വളരെ പ്രധാനപ്പെട്ട ഒരു സാമ്പത്തിക സ്ഥാപനം എന്നുള്ള നിലയിൽ ഇത് എടുത്തുപറയുന്നത് നന്നായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോണി നെല്ലൂർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(126) ഖണ്ഡം 2 (ബി) "കർഷകൻ" എന്നാൽ, ഭൂവുടമസ്ഥനെന്നോ ഒറ്റിക്കാരനെന്നോ പട്ടാദാരനെന്നോ ഉള്ള നിലയിൽ കൈവശഭൂമിയിൽ താല്പര്യമുള്ള ആൾ എന്നർത്ഥമാകുന്നതും അതിൽ സർക്കാർ ഭൂമിയുടെ പാട്ടക്കാരനോ അത് പതിച്ചു കിട്ടിയ ആളോ ഉൾപ്പെടുന്നതുമാകുന്നു" എന്ന് ഭേദഗതി ചെയ്യണം.

(140) ഖണ്ഡം 2 (ഡി) താഴെപറയും പ്രകാരം ഭേദഗതി ചെയ്യുക:

"സാമ്പത്തിക സഹായം" എന്നാൽ കേന്ദ്ര സംസ്ഥാന സർക്കാരുകളോ ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളോ കൃഷി ആവശ്യത്തിനായി ഗ്രാന്റായോ വായ്പകളായോ അഡ്വാൻസുകളായോ മറ്റ് വിധത്തിലോ നൽകുന്ന സഹായം എന്നർത്ഥമാകുന്നു.

(151) ഖണ്ഡം 2 (ഇ)യിൽ (xi) ആയി താഴെ പറയുന്നത് ചേർക്കുകയും നിലവിലുള്ള (xi) (xii) ആയി പുനഃക്രമീകരിക്കുകയും ചെയ്യുക.

"(xi)" "സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ, കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങൾ".

കൈവശഭൂമിയിൽ താൽപര്യമുള്ള ഒരാൾ എന്ന് ആവശ്യമില്ല. താൽപര്യമുള്ള ആൾ എന്ന് അർത്ഥമാകുന്നതും, എന്നാക്കി മാറ്റണമെന്നാണ് എന്റെ ഭേദഗതി. സാമ്പത്തിക സഹായമെന്നാൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയോ എന്നാക്കി മാറ്റണം. കേന്ദ്രത്തെ കൂടി ഉൾപ്പെടുത്തണം. കാരണം ഇപ്പോൾ കേന്ദ്ര സർക്കാരിന്റെ സഹായവും കിട്ടാൻ സാധ്യതയുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടേയോ ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളുടേയോ എന്നാക്കി മാറ്റണം.

ഡോ. എ. നീലലോഹിതദാസൻ നാടാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(130) ഖണ്ഡം 2 (ബി)ക്കുശേഷം (സി) ആയി താഴെപ്പറയുന്നത് ചേർക്കുകയും അതുനുശേഷമുള്ളവ പുനഃക്രമീകരിക്കുകയും ചെയ്യുക.

"മൽസ്യത്തൊഴിലാളി" എന്നാൽ മത്സ്യബന്ധനത്തിലോ, വിപണനത്തിലോ, മത്സ്യത്തിന്റെ കയറ്റിറക്കിലോ, പരമ്പരാഗതമായി ഏർപ്പെട്ടിരിക്കുന്നവർ എന്നർത്ഥമാകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(131) പുതുതായി ചേർത്ത ഖണ്ഡം 2 (സി)ക്ക് ശേഷം താഴെപ്പറയുന്നവ (ഡി) ആയി ചേർക്കുകയും ശേഷമുള്ളവ പുനഃകമീകരിക്കുകയും ചെയ്യുക.

"പട്ടികജാതി-പട്ടികവർഗ്ഗക്കാർ" എന്നാൽ ആ സമുദായങ്ങളിൽ പാരമ്പര്യമായി ജനിച്ചുവളർന്നവർ എന്ന് അർത്ഥമാകുന്നു.

(141) ഖണ്ഡം 2 (ഡി)ക്ക് പകരം താഴെപ്പറയുന്നത് ചേർക്കുകയും ബാക്കിയുള്ളവ പുനഃക്രമീകരിക്കുകയും ചെയ്യുക.

"സാമ്പത്തിക സഹായമെന്നാൽ ഒരു ധനകാര്യ സ്ഥാപനമോ, സർക്കാരോ കൃഷിക്കാർക്കോ, മത്സ്യത്തൊഴിലാളികൾക്കോ, പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കോ അവരുടെ ആവശ്യങ്ങൾക്കായി വായ്പകളായോ അഡ്വാൻസുകളായോ മറ്റ് വിധത്തിലോ നൽകുന്ന സഹായം എന്നർത്ഥമാകുന്നു.

കർഷകൻ എന്നുള്ള നിർവ്വചനത്തിൽ കുറേക്കൂടി വിപുലമായി ഈ പാസ്ബുക്കിന്റെ പ്രയോജനം മൽസ്യത്തൊഴിലാളികൾക്കും അതുപോലെ പട്ടികജാതിക്കാർക്കും കൂടി ലഭിക്കണം എന്നുള്ള അടിസ്ഥാനത്തിലാണ് ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുന്നത്. ഇത് ബഹുമാനപ്പെട്ട മന്ത്രി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

റവന്യുവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി)*: ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച ഖണ്ഡം 2(ബി)യിൽ 'പട്ടാധാരൻ' എന്നതിനുപകരം 'പട്ടയദാർ' എന്ന് ചേർക്കുക എന്ന 117-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല. ശ്രീ. ജേക്കബ്ബ് പറഞ്ഞതിൽ കിസാൻ എന്നുള്ള വാക്കാണ് മനോഹരമായ വാക്ക്. ഇൻഡ്യയൊട്ടുക്ക് സ്ഥിരപ്രതിഷ്ഠ നേടിയിട്ടുള്ള വാക്കാണത്. 173, ജോസഫ് എം. പുതുശ്ശേരിയുടെ അമെന്റ്മെന്റ് "സർക്കാർ ഉദ്യോഗസ്ഥൻ" എന്നുള്ളതിനുപകരം "പബ്ളിക് സർവന്റ്" എന്നാക്കുക എന്നുള്ളതാണ്. ശ്രീ. ടി. എം. ജേക്കബ്ബ് 175-ൽ റവന്യു ഉദ്യോഗസ്ഥൻ എന്നു മതിയെന്നു പറഞ്ഞിട്ടുണ്ട്. റവന്യു ഉദ്യോഗസ്ഥൻ എന്നുപറയുമ്പോൾ ലാസ്റ്റ് ഗ്രേഡ് സർവന്റ് മുതൽ സെക്രട്ടറി വരെ റവന്യു ഉദ്യോഗസ്ഥൻമാരാണ്. പക്ഷെ നിയമത്തിൽ ഒരാളെ പ്രത്യേകിച്ച് പ്രിസ്ക്രൈബ് ചെയ്യാം. അതുകൊണ്ട് നിർണ്ണയിക്കപ്പെടുന്ന ഉദ്യോഗസ്ഥൻ എന്ന് വരണം. ബാക്കി ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ശ്രീ. എം. വി. ജയരാജൻ: സർ, എന്റെ 160-ാം നമ്പർ ഭേദഗതിക്കും, ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 165-ാം നമ്പർ ഭേദഗതിക്കും പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലിക്കുന്നവർ —27

1. ശ്രീ. മഞ്ഞളാംകുഴി അലി
2. ,, എ. കെ. ബാലൻ
3. ,, ബിനോയ് വിശ്വം
4. ,, വി. കെ. ചന്ദ്രൻ
5. ,, വി. ചെന്താമരാക്ഷൻ
6. ,, ടി. കെ. ദേവകുമാരൻ
7. ,, പി. സി. ജോർജ്
8. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
9. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
10. ,, എം. വി. ജയരാജൻ
11. ,, ടി. എം. ജേക്കബ്
12. ,, ജോണി നെല്ലൂർ
13. ,, പി. ജയരാജൻ
14. ഡോ. കെ. സി. ജോസഫ്
15. ശ്രീ. എം. കുമാരൻ
16. ,, കെ. വി. കുഞ്ഞിരാമൻ
17. ,, കോവൂർ കുഞ്ഞുമോൻ
18. ,, കെ. പി. മോഹനൻ
19. ,, എ. സി. മൊയ്തീൻ
20. ,, പിരപ്പൻകോട് മുരളി
21. ,, പി. നാരായണൻ
22. ഡോ. എ. നീലലോഹിതദാസൻ നാടാർ
23. ശ്രീ. കെ. രാധാകൃഷ്ണൻ
24. ,, മാങ്കോട് രാധാകൃഷ്ണൻ
25. ,, കെ. പി. രാജേന്ദ്രൻ
26. ,, രാജു എബ്രഹാം
27. ഡോ. തോമസ് ഐസക്

LIBRARY ARCHIVES Kerala Legislative Assembly

പ്രതികൂലിക്കുന്നവർ —45

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ,, കളത്തിൽ അബ്ദുള്ള
3. ,, സി. ടി. അഹമ്മദ് അലി
4. ,, കെ. ബാബു
5. ,, ബാബു ദിവാകരൻ
6. ,, പി. കെ. കെ. ബാവ
7. ,, ഡൊമിനിക് പ്രസന്റേഷൻ
8. ,, പി. പി. ജോർജ്
9. ,, ജോർജ് ജെ. മാത്യു
10. ,, എം. എം. ഹസ്സൻ
11. ,, വി. കെ. ഇബ്രാഹിം കുഞ്ഞ്
12. ,, ഇസ്ഹാക് കുരിക്കൾ
13. ,, ജോസഫ് എം. പുതുശ്ശേരി
14. ,, ഉമ്മൻ ചാണ്ടി
15. ,, എം. കെ. പോൾസൺ മാസ്റ്റർ
16. ,, വി. ജെ. പൗലോസ്
17. ,, ടി. എൻ. പ്രതാപൻ
18. ,, ജി. പ്രതാപവർമ്മ തമ്പാൻ
19. ,, വക്കം പുരുഷോത്തമൻ
20. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
21. ,, ജി. കാർത്തികേയൻ
22. ,, കെ. എൻ. എ. ഖാദർ
23. ,, പി. കെ. കുഞ്ഞാലിക്കുട്ടി
24. ഡോ. എം. എ. കുട്ടപ്പൻ
25. ശ്രീ. ലൂഡി ലൂയിസ്
26. ,, കെ. എം. മാണി
27. ,, കെ. മുഹമ്മദാലി
28. ,, ആര്യാടൻ മുഹമ്മദ്
29. ,, സി. പി. മുഹമ്മദ്
30. ,, എം. മുരളി

LIBRARY ARCHIVES Kerala Legislative Assembly

31. ശ്രീ. കെ. നാരായണക്കുറുപ്പ്
32. ,, എഴുകോൺ നാരായണൻ
33. ,, കെ. കെ. ഷാജു
34. ,, കടവൂർ ശിവദാസൻ
35. ,, സ്റ്റീഫൻ ജോർജ്
36. ,, കെ. സുധാകരൻ
37. ,, എ. സുജനപാൽ
38. ,, ടി. പി. എം. സാഹിർ
39. ,, കെ. ശങ്കരനാരായണൻ
40. ,, വി. ഡി. സതീശൻ
41. ,, തോമസ് ഉണ്ണിയാടൻ
42. ,, ഉമേഷ് ചള്ളിയിൽ
43. ,, എം. എ. വാഹിദ്
44. ,, കെ. സി. വേണുഗോപാൽ
45. ,, കെ. പി. വിശ്വനാഥൻ

നിഷ്പക്ഷത പാലിക്കുന്നവർ — ആരുമില്ല.

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ — 27

പ്രതികൂലിക്കുന്നവർ — 45

നിഷ്പക്ഷത പാലിക്കുന്നവർ — ആരുമില്ല.

ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 95, 113, 116, 129, 133, 137, 143, 144, 157 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ഇസ്ഹാക് കുരിക്കൾ അവതരിപ്പിച്ച 96-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി അവതരിപ്പിച്ച 98, 100, 110, 145, 173 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. ഹസ്സൻ അവതരിപ്പിച്ച 101, 119, 171 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. വി. ജെ. പൗലോസ് അവതരിപ്പിച്ച 104, 124, 135 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. എം. മുരളി അവതരിപ്പിച്ച 105, 121, 172 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. കോവൂർ കുഞ്ഞുമോൻ അവതരിപ്പിച്ച 108-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 111, 117 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. ടി. എം. ജേക്കബ് അവതരിപ്പിച്ച 114, 120, 159, 162, 175 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 118, 132, 134, 155, 168 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 123, 138, 156, 166 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 125, 154 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു

ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച 126, 140, 151 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ഡോ. എ. നീലലോഹിതദാസൻ നാടാർ അവതരിപ്പിച്ച 130, 131, 141 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു

ഭേദഗതിചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതിചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

3-ാം വകുപ്പ്

ശ്രീ. ടി. എം. ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(176) ഖണ്ഡം 3-ലെ 3-ാമത്തെ വരിയിലെ "ആചാരത്തിലോ" എന്ന വാക്ക് വിട്ടുകളയുക.

എനിക്ക് ഇത് വായിച്ചിട്ട് എന്താണെന്ന് മനസ്സിലാകുന്നില്ല. "തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിലോ അല്ലെങ്കിൽ നിയമത്തിന്റെ പ്രഭാവമുള്ള ഏതെങ്കിലും ആചാരത്തിലോ പ്രയോഗത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും" ആചാരം എന്ന വാക്ക് ആവശ്യമില്ല. അന്യാധീനപ്പെട്ട് പോകുന്ന ഭൂമിയിൻമേലുള്ള നിയന്ത്രണങ്ങൾ നീക്കം ചെയ്യാനാണ്. അതുകൊണ്ട് നിയമത്തിന്റെ പ്രഭാവമുള്ള ഏതെങ്കിലും പ്രയോഗത്തിലെ എന്തുതന്നെ അടങ്ങിയിരുന്നാലും ഒരു കർഷകന് ഭൂമിയോ അതിൻമേലുള്ള അയാളുടെ താൽപ്പര്യമോ തുടങ്ങിയ വാക്കുകൾ നിലനിർത്തിക്കൊണ്ട് അംഗീകരിക്കുന്നതാണ് നല്ലത്. 'ആചാരം' എന്ന വാക്ക് 3-ാം വകുപ്പിൽ ആവശ്യമില്ല.

ശ്രീ. വി. കെ. ചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(178) ഖണ്ഡം 3-ലെ 6-ാമത്തെ വരിയിൽ "നിലനിൽക്കുന്നുണ്ടെങ്കിലും ഇല്ലെങ്കിലും എന്ന വാക്കുകൾ ഒഴിവാക്കേണ്ടതാണ്.

അന്യാധീനപ്പെടുത്തലിൻമേലുള്ള നിയന്ത്രണങ്ങൾ നീക്കം ചെയ്യുന്നത് സംബന്ധിച്ചാണ്. ഇത് വൻകിടക്കാരായ കൃഷിക്കാരെ സഹായിക്കുന്നതിനുള്ള നിയമമാണ്. അതിൽ ഭൂമിയോ അതിൻമേലുള്ള അയാളുടെ താൽപര്യമോ, അങ്ങനെയുള്ള ഭൂമിയിലോ താൽപ്പര്യത്തിന്മേലോ ഒരു ബാദ്ധ്യതയോ പണയമോ നിലനിൽക്കുന്നുണ്ടെങ്കിലും ഇല്ലെങ്കിലും ഒരു ധനകാര്യസ്ഥാപനം അയാൾക്കു നൽകുന്ന സാമ്പത്തികസഹായത്തിന് ഈടായി അങ്ങനെയുള്ള ധനകാര്യ സ്ഥാപനത്തിലേക്ക് അങ്ങനെയുള്ള ഭൂമിയോ താൽപര്യമോ ബാദ്ധ്യതപ്പെടുത്തിയോ പണയം വച്ചോ അന്യാധീനപ്പെടുത്തുന്നത് നിയമവിധേയമായിരിക്കുന്നതാണ്. അതിൽ "നിലനിൽക്കുന്നുണ്ടെങ്കിലും ഇല്ലെങ്കിലും" എന്നുള്ളത് ഒഴിവാക്കണം.

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(179) ഖണ്ഡം 3-ലെ ആറാമത്തെ വരിയിൽ "ഇല്ലെങ്കിലും" എന്ന വാക്ക് നീക്കം ചെയ്യേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഖണ്ഡം മൂന്നിലെ ആറാമത്തെ വരിയിൽ ഇല്ലെങ്കിലും എന്ന വാക്ക് നീക്കം ചെയ്യേണ്ടതാണെന്നുള്ള ചെറിയ ഭേദഗതിയാണ്.

ശ്രീ. എം. എം. ഹസ്സൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(181) ഖണ്ഡം 3-ലെ ഏഴാമത്തെ വരിയിൽ "അയാൾക്ക് നൽകുന്ന സാമ്പത്തികസഹായത്തിന്" എന്നതിനു പകരം "അയാൾക്ക് കൃഷിക്കായി നൽകുന്ന സാമ്പത്തികസഹായത്തിന്" എന്ന് ചേർക്കേണ്ടതാണ്.

ഭൂമിയുടെ ഈടിൻമേൽ പല കാര്യങ്ങൾക്കും സാമ്പത്തികസഹായം നൽകുന്നില്ലെങ്കിലും ആക്ടിന്റെ പ്രയോജനം കൃഷിയിൽ മാത്രമായിട്ട് റെസ്ട്രിക്ട് ചെയ്യണമെന്നുള്ളതാണ് എന്റെ ഭേദഗതി.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(183) ഖണ്ഡം 3-ൽ (1) "ബാധ്യതപ്പെടുത്തിയതോ പണയം വച്ചോ അന്യാധീനപ്പെടുത്തുന്നത്" എന്ന വാക്കുകൾക്കുപകരം "ബാധ്യതപ്പെടുത്തിയോ പണയം വച്ചോ മറ്റുവിധത്തിലോ അന്യാധീനപ്പെടുത്തുന്നത്" എന്ന് ചേർക്കേണ്ടതാണ്. (2) "ഭൂമിയോ താൽപ്പര്യമോ ബാധ്യതപ്പെടുത്തിയോ" എന്നതിനു പകരം "ഭൂമിയോ താൽപ്പര്യമോ ഗഹാൻ രീതിയിൽ ബാധ്യതപ്പെടുത്തിയോ" എന്ന് ചേർക്കുക. (3) ഖണ്ഡം 3-ന് താഴെപ്പറയുന്ന വിശദീകരണം ചേർക്കേണ്ടതാണ്:

"*വിശദീകരണം:*—ഈ വകുപ്പിന്റെ ആവശ്യത്തിന് ഗഹാൻ എന്നാൽ ഏതെങ്കിലും ഭൂമിയോ അതിന്മേലുള്ള താൽപ്പര്യമോ 1908-ലെ രജിസ്ട്രേഷൻ ആക്ടിൽ (1908-ലെ 16-ാം കേന്ദ്ര ആക്ട്) വിനിർദ്ദേശിക്കുന്ന പ്രകാരം രജിസ്റ്റർ ചെയ്യാതെ വെള്ളക്കടലാസിലെഴുതിയ കരാർ മുഖേന ഏതെങ്കിലും സാമ്പത്തിക സ്ഥാപനത്തിന് ബാദ്ധ്യതപ്പെടുത്തി സാമ്പത്തിക സഹായം സ്വീകരിക്കുന്ന സമ്പ്രദായം എന്നർത്ഥമാകുന്നു."

(184) ഖണ്ഡം 3-ലെ അവസാനത്തെ വരിയിൽ "നിയമവിധേയമായിരി ക്കുന്നതാണ്" എന്നതിനുപകരം "നിയമവിധേയമായിരിക്കുന്നതും അത് അയാൾക്ക് ആ ഭൂമിയിലോ അതിൻമേലുള്ള താൽപ്പര്യത്തിൻമേലോ ഉള്ള ഫസ്റ്റ് ചാർജ്ജ് ആയിരിക്കുന്നതുമാണ്" എന്ന് ചേർക്കേണ്ടതാണ്.

ഗവൺമെന്റ് എടുത്ത നയത്തിന്റെ ഭാഗമായിട്ട് 'ഗഹാൻ' രീതിയിൽ ബാധ്യതപ്പെടുത്തിയതുകൂടി ഇതിനകത്ത് ഉൾപ്പെടുത്തണം. അതിന് ഒരു വിശദീകരണംകൂടിയാണ് ഇതിനകത്ത് കൊടുത്തിരിക്കുന്നത്.

GPM. 2/588/2012—36

LIBRARY ARCHIVES Kerala Legislative Assembly

റവന്യുവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി):* ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. ടി. എം. ജേക്കബ്: ഞാൻ വളരെ സ്പെസിഫിക്കായിട്ട് ഒരു ക്വസ്റ്റ്യൻ റെയ്സ് ചെയ്തു. ഒന്നും ആവശ്യമില്ലെന്ന് ഒറ്റവാക്കിൽ മന്ത്രി മറുപടി പറയുകയാണ് ചെയ്തത്. എന്റെ 176-ാം നമ്പർ ഭേദഗതിക്ക് ഞാൻ പോൾ ആവശ്യപ്പെടുകയാണ്.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ — 22

1. ശ്രീ. മഞ്ഞളാംകുഴി അലി
2. ,, എ. കെ. ബാലൻ
3. ,, ബിനോയ് വിശ്വം
4. ,, വി. കെ. ചന്ദ്രൻ
5. ,, വി. ചെന്താമരാക്ഷൻ
6. ,, ടി. കെ. ദേവകുമാർ
7. ,, പി. സി. ജോർജ്
8. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
9. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
10. ,, ടി. എം. ജേക്കബ്
11. ,, ജോണി നെല്ലൂർ
12. ഡോ. കെ. സി. ജോസഫ്
13. ,, എം. കുമാരൻ
14. ,, കെ. പി. മോഹനൻ
15. ,, എ. സി. മൊയ്തീൻ
16. ,, പിരപ്പൻകോട് മുരളി
17. ,, പി. നാരായണൻ
18. ,, എം. പ്രകാശൻ മാസ്റ്റർ
19. ,, കെ. രാധാകൃഷ്ണൻ
20. ,, കെ. പി. രാജേന്ദ്രൻ
21. ,, രാജു എബ്രഹാം
22. ഡോ. തോമസ് ഐസക്

LIBRARY ARCHIVES Kerala Legislative Assembly

പ്രതികൂലിക്കുന്നവർ — 46

1.	ശ്രീ.	ചെർക്കളം അബ്ദുള്ള
2.	,,	കളത്തിൽ അബ്ദുള്ള
3.	,,	സി. ടി. അഹമ്മദ് അലി
4.	,,	കെ. ബാബു
5.	,,	പി. കെ. കെ. ബാവ
6.	,,	ഡൊമിനിക് പ്രസന്റേഷൻ
7.	,,	പി. പി. ജോർജ്
8.	,,	ജോർജ് ജെ. മാത്യു
9.	,,	എം. എം. ഹസ്സൻ
10.	,,	ഇസ്ഹാക് കുരിക്കൾ
11.	,,	ജോസഫ് എം. പുതുശ്ശേരി
12.	,,	ഉമ്മൻ ചാണ്ടി
13.	,,	എം. കെ. പോൾസൺ മാസ്റ്റർ
14.	,,	വി. ജെ. പൗലോസ്
15.	,,	ടി. എൻ. പ്രതാപൻ
16.	,,	ജി. പ്രതാപവർമ്മ തമ്പാൻ
17.	,,	വക്കം പുരുഷോത്തമൻ
18.	,,	തിരുവഞ്ചൂർ രാധാകൃഷ്ണൻ
19.	,,	ജി. കാർത്തികേയൻ
20.	,,	കെ. എൻ. എ. ഖാദർ
21.	,,	പി. കെ. കുഞ്ഞാലിക്കുട്ടി
22.	ഡോ.	എം. എ. കുട്ടപ്പൻ
23.	ശ്രീ.	ലൂഡി ലൂയിസ്
24.	,,	കെ. എം. മാണി
25.	,,	കെ. മുഹമ്മദാലി
26.	,,	കെ. മോഹൻകുമാർ
27.	,,	ആര്യാടൻ മുഹമ്മദ്
28.	,,	സി. പി. മുഹമ്മദ്
29.	,,	എം. മുരളി
30.	,,	കെ. നാരായണക്കുറുപ്പ്

LIBRARY ARCHIVES Kerala Legislative Assembly

31. ശ്രീ. എഴുകോൺ നാരായണൻ
32. ,, കെ. കെ. ഷാജു
33. ,, കടവൂർ ശിവദാസൻ
34. ,, നാലകത്ത് സൂപ്പി
35. ,, സ്റ്റീഫൻ ജോർജ്
36. ,, കെ. സുധാകരൻ
37. ,, എ. സുജനപാൽ
38. ,, ടി. പി. എം. സാഹിർ
39. ,, കെ. ശങ്കരനാരായണൻ
40. ,, വി. ഡി. സതീശൻ
41. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
42. ശ്രീ. തോമസ് ഉണ്ണിയാടൻ
43. ,, ഉമേഷ് ചള്ളിയിൽ
44. ,, എം. എ. വാഹിദ്
45. ,, കെ. സി. വേണുഗോപാൽ
46. ,, കെ. പി. വിശ്വനാഥൻ

നിഷ്പക്ഷത പാലിക്കുന്നവർ — ആരുമില്ല.

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ — 22

പ്രതികൂലിക്കുന്നവർ — 46

നിഷ്പക്ഷത പാലിക്കുന്നവർ — ആരുമില്ല

ശ്രീ. ടി. എം. ജേക്കബ് അവതരിപ്പിച്ച 176-ാം നമ്പർ ഭേദഗതി 22-നെതിരെ 46 വോട്ടുകളോടെ സഭ നിരാകരിച്ചു.

ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 178-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. സി. ടി. അഹമ്മദ് അലി അവതരിപ്പിച്ച 179-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. ഹസ്സൻ അവതരിപ്പിച്ച 181-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 183, 184 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പ്

ശ്രീ. എം. മുരളി : സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(185) ഖണ്ഡം 4-ൽ "നിയമത്തിലോ" എന്നതിനുശേഷം "കോടതി വിധിയിലോ" എന്നു ചേർക്കുക.

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി)*: ഭേദഗതി സ്വീകാര്യമല്ല.

ശ്രീ. എം. മുരളി അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5-ാം വകുപ്പ്

ശ്രീ. ടി. എം. ജേക്കബ് : സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(186) ഖണ്ഡം 5-ലെ മാർജിനൽ ഹെഡ്ഡിംഗിൽ "അതിപ്രഭാവം" എന്നതിനു പകരം "പ്രഭാവം" എന്ന വാക്ക് ചേർക്കുക.

മിനിസ്റ്റർ മറുപടി പറഞ്ഞതിൽ മാർജിനൽ ഹെഡ്ഡിംഗ് നമ്മൾ കൊടുക്കുന്നുണ്ട്. Marginal heading is part of the Bill എന്നു പറഞ്ഞു. പരാമർശത്തെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടു മാത്രമുള്ള മാർജിനൽ ഹെഡ്ഡിംഗ്, ശീർഷകം ഇതെല്ലാം ബില്ലിന്റെ ഭാഗംതന്നെയാണ്. ഞാൻ പറഞ്ഞത് പ്രഭാവം ഉണ്ടായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

അതാണ് ബോഡിയിലും വന്നിരിക്കുന്നത്. മാർജിനൽ ഹെഡ്ഡിംഗിൽ വന്നപ്പോൾ അതിപ്രഭാവം ആവശ്യമില്ലന്നേ ഞാൻ പറഞ്ഞുള്ളു.

ഡോ. എം. എ. കുട്ടപ്പൻ : സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(187) ഖണ്ഡം 5-ൽ "ഏതെങ്കിലും ചട്ടത്തിനോ" എന്ന വാക്കുകൾക്കുശേഷം "അവയുടെമേൽ" എന്നത് ചേർക്കുക.

രജിസ്ട്രേഷൻ ആക്ടിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഈ ആക്ടിലെ വ്യവസ്ഥകൾക്ക് പ്രഭാവം ഉണ്ടാകുമെന്നാണ് ഈ ക്ലോസിൽ പറയുന്നത്. പക്ഷേ, എന്തിന്റെ മേലാണ് പ്രഭാവം എന്ന് പറയുന്നില്ല. അതുകൊണ്ട് രജിസ്ട്രേഷൻ ആക്ടിന്റെയും മറ്റ് നിയമങ്ങളുടെയും വ്യവസ്ഥകൾക്കുമേലാണ് പ്രഭാവം ഉള്ളതെന്ന് ആക്കാനുള്ള ഭേദഗതിയാണ്. അതാണ് ഞാൻ മൂവ് ചെയ്യുന്നത്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (*ശ്രീ. കെ. എം. മാണി*) : ടെക്നിക്കൽ ആയി അങ്ങ് പറഞ്ഞത് ശരിയാണെങ്കിലും ശ്രീ. ജേക്കബിന്റെ അമെന്റ്മെന്റ് ഞാൻ സ്വീകരിക്കുന്നു. പ്രഭാവം മതി. അതിപ്രഭാവം വേണ്ട. 187-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ : ശ്രീ. ടി. എം. ജേക്കബ് അവതരിപ്പിച്ച 186-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു. ഡോ. എം. എ. കുട്ടപ്പൻ അവതരിപ്പിച്ച 187-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു. ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

6-ാം വകുപ്പ്

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(192) ഖണ്ഡം 6-ൽ "കഴിയുന്നത്ര വേഗത്തിൽ" എന്നതിനു വകരം "മൂന്ന് മാസത്തിനുള്ളിൽ" എന്ന് ചേർക്കുക.

(206) ഖണ്ഡം 6-ൽ രണ്ടാമത്തെ ക്ലിപ്ത നിബന്ധനയ്ക്കുശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന കൂട്ടിച്ചേർക്കുക:

LIBRARY ARCHIVES Kerala Legislative Assembly

"കൂട്ടുകൃഷിയിലും ഗ്രൂപ്പ് ഫാമിംഗിലും ഏർപ്പെട്ടിട്ടുള്ള കർഷകത്തൊഴിലാളികൾക്കും അവർ കൈവശം വച്ച് കൃഷി ചെയ്യുന്ന ഭൂമിയെ സംബന്ധിച്ച് ഒരു കിസാൻ പാസ് ബുക്ക് നൽകേണ്ടതുമാണ്."

(207) ഖണ്ഡം 6-ൽ രണ്ടാമത്തെ ക്ലിപ്ത നിബന്ധനയ്ക്കുശേഷം പുതുതായി കൂട്ടിച്ചേർത്ത ക്ലിപ്ത നിബന്ധനയ്ക്കുശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധനകൂടി കൂട്ടിച്ചേർക്കുക:

"കിസ്സാൻ പാസ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ ബന്ധപ്പെട്ട കൃഷിഭവനിലെ രജിസ്റ്ററുകളിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്".

ഇന്നലെ ഇവിടെ ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി അവതരിപ്പിച്ച ബില്ലിൽ ഒരു പ്രധാനപ്പെട്ട ബിൽ വന്നത് 2003-ലെ പഞ്ചായത്ത്രാജ് ആക്ടിൽ കൊണ്ടുവന്ന ഭേദഗതി ബില്ലാണ്. അതിൽ ചട്ടം ഉണ്ടാക്കാനുള്ള കാലതാമസം മൂന്ന് വർഷമാണ്. ഒരു ബിൽ ഈ നിയമസഭയിൽ ഇത്രയും സമയമെടുത്ത് പാസ്സാക്കി കഴിഞ്ഞാൽ നിശ്ചിതസമയത്തിനുള്ളിൽ അതിന്റെ ചട്ടമുണ്ടാക്കി ആ ബില്ലിലെ വ്യവസ്ഥയനുസരിച്ച് നടപ്പിലാക്കണമെന്നുള്ള കാര്യത്തിൽ ആരാണ് അതിന്റെ ഉത്തരവാദിത്വം വഹിക്കേണ്ടത്? ഇന്നലെ മിനിസ്റ്റർ മറുപടി പറഞ്ഞപ്പോൾ കുറച്ചു പണിയുള്ളതാണ് അതുകൊണ്ട് കഴിഞ്ഞില്ല എന്നു പറഞ്ഞു. ഏത് ബിൽ ആയാലും ഒരു നിശ്ചിത സമയത്തിനുള്ളിൽ അതിന്റെ ചട്ടങ്ങളുണ്ടാക്കി അത് സബ്ജക്ട് കമ്മിറ്റിയിലും ബന്ധപ്പെട്ട സമിതിയിലും പരിശോധന നടത്തി അത് വിജ്ഞാപനം ചെയ്ത് ആക്ടിലെ കാര്യങ്ങൾ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുക എന്നുള്ളത് നിയമനിർമ്മാണത്തിൽ ഏറ്റവും പ്രധാനപ്പെട്ടതാണ്. കഴിയുന്നത്ര വേഗത്തിൽ നടപടി എന്നു പറഞ്ഞു. എന്താണ് കഴിയുന്നത്ര വേഗത്തിൽ അതിന്റെ വ്യക്തത എന്താണ്? ആരാണ് ചട്ടം ഉണ്ടാക്കുന്നത്? പഞ്ചായത്ത്രാജ് ആക്ടിൽപ്പോലും മൂന്ന് വർഷമായി ചട്ടം ഉണ്ടാക്കാൻ നമുക്ക് കഴിഞ്ഞില്ല. ഈ സാഹചര്യത്തിൽ ഇവിടെ പാസ്സാക്കിയ പല നിയമങ്ങളും നോക്കിയാൽ നാല്, അഞ്ച് വർഷങ്ങളായിട്ടുപോലും ചട്ടങ്ങൾ ഉണ്ടാക്കിയിട്ടില്ല. അതുകൊണ്ട് ഒരു വ്യക്തത വേണം. അതാണ് ഞാൻ ഇവിടെ അവതരിപ്പിക്കുന്ന ഭേദഗതി. കഴിയുന്നത്ര വേഗത്തിൽ എന്നുള്ളത് ഒഴിവാക്കുക. മൂന്ന് മാസം അതല്ലെങ്കിൽ ആറ് മാസം, ഒരു വർഷം എന്ന് ഒരു പീരിയഡ് പറയണം. ഞാൻ എന്റെ ഭേദഗതിയിൽ മൂന്ന് മാസം എന്നു പറഞ്ഞു.

(206) വളരെ പ്രധാനപ്പെട്ട ഒരു ഭേദഗതിയാണ്. അതിൽ കൂട്ടുകൃഷിയിലും ഗ്രൂപ്പ് ഫാമിംഗിലും കർഷകത്തൊഴിലാളികൾ കൈവശം വച്ചു കൃഷിചെയ്യുന്ന

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഭൂമിയെ സംബന്ധിച്ച് ഒരു കിസ്സാൻ പാസ് ബുക്ക് നൽകേണ്ടതാണ്. മാണിസാർ അതിന് ഒരു പരിഗണന നൽകിയില്ല. കൃഷിക്കാരൻ ആരാണ്? നമ്മുടെ നാട്ടിലുള്ള കൃഷിക്കാരൻ എന്നു പറഞ്ഞാൽ പത്ത്, നൂറ് ഏക്കർ ഉള്ളവരല്ല. വളരെ നാമമാത്രമായ ഭൂമിയുള്ളവരാണ് അധികവും. ഏത് മേഖലയിൽ എടുത്താലും പത്തോ പതിനഞ്ചോ സെന്റ് ഉള്ളവരാണ് എല്ലാവരും—നെൽക്കൃഷി ആയാലും കരകൃഷി ആയാലും. റബ്ബറിന് കുറച്ചുകൂടി ഉണ്ടായിരിക്കും. ശ്രീ. ഹസ്സൻ ഇവിടൊരു ഭേദഗതി പറഞ്ഞു. കുടുംബശ്രീയുടെ പല യൂണിറ്റുകളിലൂടെയും ഇപ്പോൾ സോപ്പുപൊടി ഉണ്ടാക്കലും പപ്പടം ഉണ്ടാക്കലും മാത്രമല്ല ചെയ്യുന്നത്. അവർ ഇപ്പോൾ കൃഷി ചെയ്യുകയാണ്. നല്ല രീതിയിൽ ഉൽപ്പാദനരംഗത്തേക്ക് വന്ന് ഭൂമിയെടുത്ത് കൃഷി ചെയ്യുന്നവരാണ്. അവരുടെ പേരിൽ കൃഷിയുണ്ട്. കൃഷിഭൂമിയുണ്ട്. കർഷകത്തൊഴിലാളികൾ ഗ്രൂപ്പ് ഫാമിംഗ് ഇവിടെ അംഗീകരിച്ചിട്ടുള്ളതാണ്. ഈ സന്ദർഭത്തിൽ അന്നത്തെ കൃഷിവകുപ്പുമന്ത്രി ശ്രീ. വി. വി. രാഘവനെ ഓർക്കുകയാണ്. അന്ന് കൊണ്ടുവന്ന ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം കൃഷിക്കാരെല്ലാം സ്വാഗതം ചെയ്തതാണ്. കേരളത്തിൽ വലിയ മാറ്റങ്ങളുണ്ടാക്കി ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം. അതുകൊണ്ട് ഇതിൽ ഉൾപ്പെടുന്നവർക്കുകൂടി കിസ്സാൻ പാസ് ബുക്ക് കിട്ടണം. ബഹുമാനപ്പെട്ട പി. ജെ. ജോയി, അങ്കമാലി മെമ്പർ ഇവിടൊരു സബ്മിഷൻ ഉന്നയിച്ചു. അന്ന് മിനിസ്റ്റർ മറുപടി പറഞ്ഞപ്പോൾ കൃഷിയാവശ്യത്തിന് രണ്ട് ഹെക്ടർവരെയുള്ള കരകൃഷിക്കും നെൽക്കൃഷിക്ക് കൂടുതൽ സ്ഥലത്തേക്കും വൈദ്യുതി സൗജന്യമാണെന്നു പറഞ്ഞു. 85.7 കോടി രൂപ കൃഷിവകുപ്പ് അടയ്ക്കാൻ കുടിശ്ശികയുണ്ട്. എന്നാലും ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദിന്റെ ഉദാര സമീപനത്തിന്റെ ഭാഗമായി ഓറൽ നിർദ്ദേശം കൊടുത്തതനുസരിച്ച് ഫ്യൂസ് ഊരുന്നില്ല. അത് നല്ലൊരു ശതമാനം കൃഷിക്കാർക്ക് ഗുണം ചെയ്യും. ഇവിടെ സാമൂഹ്യ ജലസേചന പദ്ധതി പറഞ്ഞു, ഞാൻ പറഞ്ഞപ്പോൾ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പറഞ്ഞു. അവർക്ക് ഒന്നും കിട്ടുന്നില്ല. അവർ ഗ്രൂപ്പായി വന്നതുകൊണ്ട് അവർക്ക് കിട്ടുന്നില്ല. അതുകൊണ്ട് ഇത് ഗ്രൂപ്പ് അടിസ്ഥാനത്തിൽ വന്നാലും ഇൻഡിവിഡുവൽ ആയി കൃഷി ചെയ്യുന്നവരായാലും മറ്റ് രീതിയിൽ ഭൂമിയെടുത്ത് കൃഷി ചെയ്യുന്നവരായാലും സൗജന്യമായി വൈദ്യുതിയായാലും ബാങ്കിൽനിന്ന് വായ്പ കിട്ടുന്നതായാലും മറ്റിളവുകളായാലും എല്ലാവർക്കും, കുടുംബശ്രീ ഉൾപ്പെടെ കിട്ടാൻ സൗകര്യമുണ്ടാകണം. അതിന് കഴിയുന്നവിധത്തിൽ കിസ്സാൻ പാസ് ബുക്കിൽ രേഖകളുണ്ടാകണം, വ്യവസ്ഥകളുണ്ടാകണം. ഈ പാസ് ബുക്ക് അവർക്കുകൂടി പ്രയോജനപ്രദമായിരിക്കണം. ഇതാണ് ഞാൻ മൂന്നാമത്തെ ഭേദഗതിയായി അവതരിപ്പിക്കുന്നത്.

ശ്രീ. വി. ഡി. സതീശൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേഗതി അവതരിപ്പിക്കുന്നു:

(193) ഖണ്ഡം 6-ൽ "കഴിയുന്നത്ര വേഗത്തിൽ" എന്നതിനു പകരം "കഴിയുന്നത്ര വേഗത്തിലും എന്നാൽ, രണ്ട് വർഷത്തിനപ്പുറമാകാത്ത തീയതിക്കുമുമ്പായും" എന്ന് ചേർക്കുക.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(195) 6-ാം ഖണ്ഡത്തിൽ "അയാളുടെ കൃഷി കൈവശഭൂമിയെ" എന്നീ വാക്കുകൾക്കുപകരം "അയാളുടെ കൈവശഭൂമിയെ സംബന്ധിച്ച്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ഓരോ കർഷകനും അയാളുടെ കൃഷികൈവശഭൂമിയെ സംബന്ധിച്ച് എന്നാണ് ബില്ലിൽ പറഞ്ഞിരിക്കുന്നത്. എന്നാൽ അയാളുടെ കൈവശഭൂമിയെ സംബന്ധിച്ച് എന്നുമതി എന്നുള്ളതാണ് എന്റെ ഭേദഗതി.

ശ്രീ. എം. മുരളി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(196) ഖണ്ഡം 6-ൽ "കൃഷികൈവശഭൂമിയെ" എന്നതിനുപകരം "കൃഷി ചെയ്യുന്നതിനുള്ള കൈവശഭൂമിയെ" എന്നത് ചേർക്കുക.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(198) ഖണ്ഡം 6-ൽ "കൃഷികൈവശഭൂമി" എന്നതിനുപകരം "കൈവശത്തിലുള്ള കൃഷിഭൂമി" എന്ന് ചേർക്കുക.

ശ്രീ. എം. എ. വാഹിദ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(199) ഖണ്ഡം 6-ൽ "അയാളുടെ കൃഷികൈവശഭൂമിയെ സംബന്ധിച്ച് ഒരു കിസ്സാൻ പാസ് ബുക്ക് നല്കേണ്ടതാണ്" എന്നതിനുപകരം "അയാളുടെ കൈവശാവകാശത്തിലുള്ള കൃഷിഭൂമിയെ സംബന്ധിച്ച ഒരു കിസ്സാൻ പാസ് ബുക്ക് നല്കേണ്ടതും അത് നല്കിയതു സംബന്ധിച്ചുള്ള വിവരം ബന്ധപ്പെട്ട സബ് രജിസ്ട്രാറെ അറിയിക്കേണ്ടതുമാണ്" എന്ന് മാറ്റേണ്ടതാണ്.

(204) ഖണ്ഡം 6-ലെ ഒന്നാം ക്ലിപ്ത നിബന്ധനയിൽ "എന്നാൽ, സഹ ഉടമകളെ സംബന്ധിച്ച കൂട്ടവകാശ" എന്നതിനുപകരം "ഒത്തൊരുമിച്ചുള്ള അവകാശം" എന്നാക്കേണ്ടതാണ്.

GPM. 2/588/2012—37

LIBRARY ARCHIVES Kerala Legislative Assembly

199-ൽ വലിയൊരു പിശകാണ് കടന്നുകൂടിയിരിക്കുന്നത്. കൈവശഭൂമി, കൈവശാവകാശത്തിലുള്ള ഭൂമി രണ്ടും തമ്മിൽ വാചകത്തിൽ വളരെ വ്യത്യാസം വരികയാണ്. കൈവശഭൂമി എന്നു പറഞ്ഞാൽ ആരെങ്കിലും കൈവശം പിടിച്ചുവച്ചിരിക്കുന്ന ഭൂമി. അതിന് ചിലപ്പോൾ പാസ് ബുക്ക് കൊടുക്കേണ്ടിവരും. കൈവശാവകാശം എന്നു പറയുന്നത് റവന്യു വകുപ്പ് കൊടുക്കുന്ന അവകാശമാണ്. കൈവശം എന്നു പറഞ്ഞാൽ പിടിച്ചുവച്ചിരിക്കുന്നു, കൈവശാവകാശം എന്നു പറഞ്ഞാൽ സർക്കാർ കൊടുക്കുന്ന അവകാശമാണ്. അതുകൊണ്ട് കൈവശഭൂമി എന്നുള്ളത് മാറ്റി കൈവശാവകാശത്തിലുള്ള ഭൂമി എന്ന് തിരുത്തിയില്ലെങ്കിൽ നിയമപരമായ പ്രശ്നം ഭാവിയിൽ ഉണ്ടാകും. അതുകൊണ്ട് കൈവശാവകാശത്തിലുള്ള ഭൂമി എന്നാക്കി മാറ്റണം. അർത്ഥവ്യത്യാസം വരുന്നതുകൊണ്ടാണ് പറഞ്ഞത്. കൈവശാവകാശം ആണ് ശരി. കൈവശഭൂമിയല്ല.

ശ്രീ. ടി. എം. ജേക്കബ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(197) ഖണ്ഡം 6-ൽ "കൃഷികൈവശഭൂമിയെ" എന്നതിനു പകരം "കൈവശഭൂമിയെ" എന്ന വാക്ക് ചേർക്കുക.

ശ്രീ. സ്റ്റീഫൻ ജോർജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(201) ഖണ്ഡം 6-ൽ "ഒരു കിസ്സാൻ പാസ് ബുക്ക്" എന്നതിനുശേഷം "റവന്യു ഉദ്യോഗസ്ഥൻ" എന്ന് ചേർക്കുക.

കിസ്സാൻ പാസ് ബുക്ക് നൽകൽ:—ഈ ആക്ട് പ്രാബല്യത്തിൽ വന്നതിനുശേഷം കഴിയുന്നത്ര വേഗത്തിൽ ഓരോ കർഷകനും അയാളുടെ കൃഷി കൈവശഭൂമിയെ സംബന്ധിച്ച ഒരു കിസ്സാൻ പാസ് ബുക്ക് എന്നതിനുശേഷം റവന്യു ഉദ്യോഗസ്ഥൻ എന്നു ചേർക്കണം. ഇത് ആര് നൽകണമെന്നതിനെപ്പറ്റി വ്യക്തമായി പറയുന്നില്ല. അതുകൊണ്ട് "റവന്യു ഉദ്യോഗസ്ഥൻ" എന്ന് ചേർത്താൽ ഈ നിയമം കൂടുതൽ സ്പെസിഫിക് ആകും. ഇത് അനാവശ്യമാണെന്നു പറയരുത്. തന്നെയുമല്ല ഇതിന്റെ നിർവ്വചനത്തിൽ റവന്യു ഉദ്യോഗസ്ഥന്മാരെ നിർവ്വചിച്ചിട്ടുണ്ടെങ്കിലും ഇതിനകത്ത് ആദ്യഭാഗമായതുകൊണ്ട് പിന്നീട് ഇത് വന്നില്ലെങ്കിലും ഇതിൽ നിർബന്ധമായും "റവന്യു ഉദ്യോഗസ്ഥൻ" എന്നു ചേർക്കണം.

ശ്രീ. തോമസ് ഉണ്ണിയാടൻ. സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

(210) ഖണ്ഡം 6-നുശേഷം 6(എ) എന്ന പുതിയ വകുപ്പ് ചേർക്കേണ്ടതുമാണ്.

"6 (എ) കിസ്സാൻ പാസ് ബുക്ക് ഈടായി സ്വീകരിച്ച് സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ വായ്പ നൽകിയാലുള്ള ശിക്ഷ വായ്പ തിരിച്ചടയ്ക്കുന്നതിലേക്ക് ഉറപ്പുവരുത്തുന്നതിലോ മറ്റേതെങ്കിലും നിബന്ധനയുടെ നടപ്പിലാക്കൽ ഉറപ്പുവരുത്തുന്നതിലേക്കോ ഏതെങ്കിലും സ്വകാര്യ പണമിടപാട് സ്ഥാപനമോ, വ്യക്തിയോ ഈ ആക്ടിന്റെ 6-ാം വകുപ്പുപ്രകാരം നൽകിയിട്ടുള്ള കിസ്സാൻ പാസ് ബുക്ക് ഈടായി സ്വീകരിക്കുകയോ കൈവശം വയ്ക്കുകയോ ചെയ്താൽ അങ്ങനെയുള്ള സ്ഥാപനത്തിന്റെ നടത്തിപ്പുചുമതലയുള്ള വ്യക്തിയോ, വ്യക്തികളെയോ, ബോർഡ് ഓഫ് ഡയറക്ടർമാരെയോ ആറുമാസം വരെ തടവോ, 5000 രൂപ വരെ പിഴയോ രണ്ടുംകൂടിയോ ഉള്ള ശിക്ഷയ്ക്ക് വിധേയമാക്കുന്നതായിരിക്കും."

ഇതിൽ ഭൂമി പണയപ്പെടുത്താതെ കർഷകൻ അവന്റെ ഭൂമിയിൽ കൃഷി ചെയ്യുന്നതിനുവേണ്ടി സഹകരണസംഘങ്ങൾ, ബാങ്കുകൾ എന്നിവയിൽനിന്ന് ലോൺ എടുക്കുന്നതിനുവേണ്ടിയുള്ള സൗകര്യം നൽകുന്നതാണ് കിസ്സാൻ പാസ് ബുക്ക്. അതിൽ ലെജിസ്ലേഷന്റെ ആവശ്യമില്ല. കിസ്സാൻ പാസ് ബുക്ക് സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളിൽ പ്ലെഡ്ജ് ചെയ്ത് അവിടെനിന്ന് പണം എടുക്കാനുള്ള സാധ്യതയുണ്ട്. അങ്ങനെ വന്നുകഴിഞ്ഞാൽ ഇതിൽ ശക്തമായ ഒരു വകുപ്പ് വന്നില്ലെങ്കിൽ കിസ്സാൻ പാസ് ബുക്ക് ദുരുപയോഗം ചെയ്യുന്ന സാഹചര്യം വരും. അതുകൊണ്ട് സ്വകാര്യപണമിടപാട് സ്ഥാപനങ്ങളിൽ ഈ കിസ്സാൻ പാസ് ബുക്ക് പ്ലെഡ്ജ് ചെയ്യുന്നതിനെയും, അവിടെനിന്ന് പണം കൊടുക്കുന്നതിനെതിരേയും ശിക്ഷ നൽകി നിരോധിക്കേണ്ടതാണ്. അതിനുവേണ്ടി പ്രത്യേക വകുപ്പ് എഴുതിച്ചേർക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി)* : സർ, ഇവിടെ

12.30 P.M.] ബഹുമാനപ്പെട്ട സ്റ്റീഫൻ ജോർജ് അവതരിപ്പിച്ച 201-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. ശ്രീ. ജോസഫ് എം. പുതുശ്ശേരിയുടെ 195-ാം നമ്പർ ഭേദഗതിക്ക് സമാനമായ അമെന്റ്മെന്റ്സ് പലരും നൽകിയിട്ടുണ്ട്. 'കൃഷി കൈവശഭൂമി' എന്നതിനു പകരം "കൈവശഭൂമി" എന്നു പറഞ്ഞു ചേർത്താൽ മതിയെന്നുള്ളത്. അതും അംഗീകരിക്കുന്നു. ഇംഗ്ലീഷിൽനിന്ന് law-യുടെ മലയാളം ട്രാൻസ്ലേഷൻസ് വരുമ്പോൾ പദഭംഗികൾ വളരെയേറെ പോകുന്നുണ്ട്. ആർക്കും....... we cannot help that.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് എം. പുതുശ്ശേരി അവതരിപ്പിച്ച 195-ാം നമ്പർ ഭേദഗതിയും ശ്രീ. സ്റ്റീഫൻ ജോർജ് അവതരിപ്പിച്ച 201-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ 206-ാം നമ്പർ ഭേദഗതിക്ക് പോൾ ആവശ്യപ്പെടുന്നു.

[സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി.]

അനുകൂലിക്കുന്നവർ —27

1. ശ്രീ. മഞ്ഞളാംകുഴി അലി
2. ,, എ. എ. അസീസ്
3. ,, എ. കെ. ബാലൻ
4. ,, ബിനോയ് വിശ്വം
5. ,, വി. കെ. ചന്ദ്രൻ
6. ,, വി. ചെന്താമരാക്ഷൻ
7. ,, ടി. കെ. ദേവകുമാർ
8. ,, പി. സി. ജോർജ്
9. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
10. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
11. ,, എം. വി. ജയരാജൻ
12. ,, ടി. എം. ജേക്കബ്
13. ഡോ. കെ. സി. ജോസഫ്
14. ശ്രീ. എം. കുമാരൻ
15. ,, വി. കെ. സി. മമ്മത് കോയ
16. ,, മത്തായി ചാക്കോ
17. ,, എ. സി. മൊയ്തീൻ
18. ,, പിരപ്പൻകോട് മുരളി
19. ,, പി. നാരായണൻ

LIBRARY ARCHIVES Kerala Legislative Assembly

20. ഡോ. എ. നീലലോഹിതദാസൻ നാടാർ
21. ശ്രീ. എം. പ്രകാശൻ മാസ്റ്റർ
22. ,, കെ. പി. രാജേന്ദ്രൻ
23. ,, സാജു പോൾ
24. ,, കെ. പി. സതീശ് ചന്ദ്രൻ
25. ശ്രീമതി പി. കെ. ശ്രീമതിടീച്ചർ
26. ശ്രീ. പി. എസ്. സുപാൽ
27. ഡോ. തോമസ് ഐസക്ക്

പ്രതികൂലിക്കുന്നവർ —43

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ,, കളത്തിൽ അബ്ദുള്ള
3. ,, സി. ടി. അഹമ്മദ് അലി
4. ,, കെ. ബാബു
5. ,, പി. കെ. കെ. ബാവ
6. ,, ഡൊമിനിക് പ്രസന്റേഷൻ
7. ,, പി. പി. ജോർജ്
8. ,, ജോർജ് ജെ. മാത്യു
9. ,, എം. എം. ഹസ്സൻ
10. ,, ഇസ്ഹാക് കുരിക്കൾ
11. ,, ജോസഫ് എം. പുതുശ്ശേരി
12. ,, ഉമ്മൻ ചാണ്ടി
13. ,, എം. കെ. പോൾസൺ മാസ്റ്റർ

LIBRARY ARCHIVES Kerala Legislative Assembly

14. ശ്രീ. വി. ജെ. പൗലോസ്
15. ,, ടി. എൻ. പ്രതാപൻ
16. ,, ജി. പ്രതാപവർമ്മ തമ്പാൻ
17. ,, വക്കം പുരുഷോത്തമൻ
18. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
19. ,, ജി. കാർത്തികേയൻ
20. ,, കെ. എൻ. എ. ഖാദർ
21. ഡോ. എം. എ. കുട്ടപ്പൻ
22. ശ്രീ. ലൂഡി ലൂയിസ്
23. ,, സി. മമ്മൂട്ടി
24. ,, കെ. എം. മാണി
25. ,, കെ. മുഹമ്മദാലി
26. ,, കെ. മോഹൻകുമാർ
27. ,, ആര്യാടൻ മുഹമ്മദ്
28. ,, സി. പി. മുഹമ്മദ്
29. ,, എം. മുരളി
30. ,, എഴുകോൺ നാരായണൻ
31. ,, കെ. കെ. ഷാജു
32. ,, കടവൂർ ശിവദാസൻ
33. ,, നാലകത്ത് സൂപ്പി
34. ,, സ്റ്റീഫൻ ജോർജ്
35. ,, കെ. സുധാകരൻ
36. ,, കെ. ശങ്കരനാരായണൻ
37. ,, വി. ഡി. സതീശൻ

LIBRARY ARCHIVES Kerala Legislative Assembly

38. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
39. ശ്രീ. തോമസ് ചാഴികാടൻ
40. ,, തോമസ് ഉണ്ണിയാടൻ
41. ,, ഉമേഷ് ചള്ളിയിൽ
42. ,, എം. എ. വാഹീദ്
43. ,, കെ. പി. വിശ്വനാഥൻ

നിഷ്പക്ഷത പാലിക്കുന്നവർ — ആരുമില്ല.

മി. ചെയർമാൻ:

അനുകൂലിക്കുന്നവർ —27

പ്രതികൂലിക്കുന്നവർ —43

നിഷ്പക്ഷത പാലിക്കുന്നവർ —ആരുമില്ല

ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 192, 207 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 193-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. എം. മുരളി അവതരിപ്പിച്ച 196-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച 198-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. എ. വാഹീദ് അവതരിപ്പിച്ച 199, 204 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. ടി. എം. ജേക്കബ് അവതരിപ്പിച്ച 197-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 210-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

LIBRARY ARCHIVES Kerala Legislative Assembly

ഭേദഗതി ചെയ്തപ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

7-ാം വകുപ്പ്

ശ്രീ. ടി. എം. ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(211) ഖണ്ഡം 7-ൽ "കിസാൻ" എന്ന വാക്ക് വരുന്നിടത്തെല്ലാം ആ വാക്ക് ഒഴിവാക്കേണ്ടതാണ്.

(219) ഖണ്ഡം 7(4)-ൽ "തീയതി" എന്ന വാക്ക് വിട്ടുകളയുക.

(228) ഖണ്ഡം 7(4)-ന്റെ ക്ലിപ്ത നിബന്ധനയിൽ "കഴിഞ്ഞിട്ടില്ലാത്ത കാലയളവു വരെ സാധുവായിരിക്കുന്നതാണ്" എന്നതിനുപകരം "വരെ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്" എന്ന വാക്കുകൾ ചേർക്കുക.

(237) ഖണ്ഡം 7(5)-ൽ "റവന്യൂ ഡിവിഷണൽ ഉദ്യോഗസ്ഥൻ" എന്നതിനു പകരം "തഹസീൽദാർക്ക്" എന്ന് ചേർക്കുക.

211-ൽ ഞാൻ നേരത്തെ പറഞ്ഞ ഒരു ഭേദഗതിയോട് ബന്ധപ്പെടുത്തിയാണ് പറയുന്നത്. "കിസാൻ" എന്ന വാക്കിനുപകരം "കർഷകൻ" എന്നാക്കുക.

219-നെ സംബന്ധിച്ച് പറയാനുള്ളത് മിനിസ്റ്റർ ഇവിടെ മറുപടി പറഞ്ഞപ്പോൾ പറഞ്ഞു ഇംഗ്ലീഷിൽ നിന്നും മലയാളത്തിലേക്ക് മാറ്റുമ്പോൾ ഉള്ള പ്രശ്നങ്ങളിൽ വന്നുപെടുന്നതാണെന്ന്. ഇതിനകത്ത് ഇംഗ്ലീഷും, മലയാളവും തമ്മിൽ കുറെ വ്യത്യാസമുണ്ട്. ഇവിടെ കാലാവധി, തീയതി കഴിയുന്ന മുറയ്ക്ക്, അത് എക്സ്പയറി ഡേറ്റ് എന്നുള്ളതിന്റേതാണ്. കാലാവധി, തീയതിയെന്നു പറയുക അങ്ങനെ നമ്മൾ പറയാറുമില്ല. കാലാവധി എന്നുപറയുമ്പോൾ അതിന്റെ ഡേറ്റ് ആണ് നമ്മൾ മലയാളത്തിൽ ഉദ്ദേശിക്കുന്നത്. അതുകൊണ്ട് തീയതിയെന്ന് പ്രത്യേകിച്ച് പറയേണ്ടതിന്റെ ആവശ്യമില്ല. അതുകൊണ്ട് ആ വാക്ക് വിട്ടുകളയണം എന്നുള്ളതാണ്.

228-ൽ ഞാനിവിടെ 7-ാം വകുപ്പിൽ പറഞ്ഞിരിക്കുന്നത് പ്രൊവൈസോ ആണ്. എന്നാൽ പുതുക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള കിസാൻ പാസ് ബുക്കിലെ

LIBRARY ARCHIVES Kerala Legislative Assembly

രേഖപ്പെടുത്തലുകൾക്ക്, അതിന്റെ സാധുതാ കാലാവധി കഴിഞ്ഞിട്ടില്ലാത്ത കാലയളവുവരെ സാധുവായിരിക്കുന്നതാണ് എന്നാണ്. അത് ഒരു ശരിയായ പ്രയോഗമല്ല. 7(4)-ൽ ഞാൻ പറഞ്ഞിരിക്കുന്നത് കഴിഞ്ഞിട്ടില്ലാത്ത കാലയളവുവരെ സാധുവായിരിക്കും എന്നതിനുപകരം കാലാവധിവരെ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ് എന്നാണ്. അതാണ് നല്ലത്. അല്ലെങ്കിൽ ഇത് റിപ്പീറ്റ് ചെയ്തു പോകും. നിയമത്തിൽ പറഞ്ഞിട്ടുള്ളത് അതിന്റെ സാധുതാകാലാവധി കഴിഞ്ഞിട്ടില്ലാത്ത കാലയളവുവരെ സാധുവായിരിക്കുന്നതാണെന്നാണ്. ഞാൻ പറഞ്ഞതാണ് ശരിയായ പ്രയോഗം. അർത്ഥവ്യത്യാസം വരുന്നില്ല. പക്ഷേ നിയമം കുറച്ചുകൂടി ശ്രദ്ധിച്ചാൽ നന്നാക്കാം. മറ്റൊന്ന് ക്ലോസ്-7-ലെ സബ് ക്ലോസ്-5-ൽ ആണ് പറഞ്ഞിരിക്കുന്നത്. 5-ന് ഒരു ഭേദഗതിയാണ് നിർദ്ദേശിച്ചിരിക്കുന്നത്. 237-ൽ ഇവിടെ പറഞ്ഞിരിക്കുന്നത് തിരുത്തുന്നതിനുവേണ്ടി "റവന്യൂ ഡിവിഷണൽ ഉദ്യോഗസ്ഥന്" ഒരു അപേക്ഷ നൽകേണ്ടതും റവന്യൂ ഡിവിഷണൽ ഉദ്യോഗസ്ഥൻ എന്നുപറഞ്ഞാൽ റവന്യൂ ഡിവിഷണൽ ഓഫീസർ (ആർ.ഡി.ഒ.) ഇത് ഒരുപാട് ഇഷ്യൂസ് കിടക്കുന്നതാണ്. ആർ.ഡി.ഒ. എന്നുപറയുന്ന ആൾക്ക് ഇതിനൊക്കെ സമയമുണ്ടോ? അതുകൊണ്ടാണ് ഞാൻ പറഞ്ഞത് റവന്യൂ ഡിവിഷണൽ ഉദ്യോഗസ്ഥന് എന്ന് വന്നിരിക്കുന്നിടത്ത് "തഹസീൽദാർ" എന്നതിന്റെ ആവശ്യമേയുള്ളൂ. "റവന്യൂ ഡിവിഷണൽ ഓഫീസർ" എന്നുപറയുമ്പോൾ ഒരു സബ് ഡിവിഷന്റെ മുഴുവൻ ഹെഡ് ആയിട്ടാണ് വരുന്നത്. "തഹസീൽദാർ" എന്നു പറയുമ്പോൾ ഓരോ താലൂക്കിലും വരും. അതായിരിക്കും ആളുകൾക്ക് എളുപ്പം.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(212) ഖണ്ഡം 7(1)-ൽ "സംബന്ധിച്ചുള്ള വിവരങ്ങൾ" എന്നീ വാക്കുകൾക്ക് പകരം "സംബന്ധിച്ച് റവന്യൂ കാർഡിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ കൂടി" എന്നു ചേർക്കുക.

(215) ഖണ്ഡം 7(2)-ൽ "നിർണ്ണയിക്കപ്പെടാവുന്ന" എന്ന വാക്കിനുമുമ്പ് താഴെ പറയുന്ന വാക്കുകൾ കൂട്ടിച്ചേർക്കുക:

"കൃഷിക്കാരൻ നൽകുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ".

(223) ഖണ്ഡം 7(4)-ൽ "കഴിയുന്നതിനുമുമ്പ്" എന്ന വാക്കുകൾക്കുശേഷം "നിശ്ചിത സമയപരിധിക്കുള്ളിൽ" എന്ന വാക്കുകൾ ചേർക്കുക.

(238) ഖണ്ഡം 7(5)-ൽ "അയാൾക്ക് യുക്തമെന്ന് തോന്നുന്ന അത്തരം രീതിയിലുള്ള" എന്നത് ഒഴിവാക്കുക.

GPM. 2/588/2012—38

LIBRARY ARCHIVES Kerala Legislative Assembly

സർ, 212-നെ സംബന്ധിച്ച് ഞാൻ നേരത്തെ പറഞ്ഞതാണ്. റവന്യൂ കാർഡിൽ ഉൾപ്പെടുത്തിയ കാര്യങ്ങളെ സംബന്ധിച്ചാണ്. അതിൽ ഞാൻ കൂടുതൽ പറയുന്നില്ല. 215-ൽ കൃഷിക്കാരൻ നൽകുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലായിരിക്കണം ഇതിൽ കാര്യങ്ങൾ ചേർക്കേണ്ടത്. ഉദ്യോഗസ്ഥന്മാർക്ക് കൈക്കൂലി കിട്ടാൻ ഇടവരുത്തുന്ന രീതിയിൽ ഉദ്യോഗസ്ഥൻമാരുടെ പേരിൽ അധികാരം ചാർത്തിക്കൊടുത്താൽ അവരവർക്ക് അർഹതപ്പെട്ട ഭൂമിയുടെ അല്ലെങ്കിൽ അവരുടെ കാര്യങ്ങളെ സംബന്ധിച്ച് ന്യായമായി ചേർക്കേണ്ടതിനോ രേഖപ്പെടുത്തുന്നതിനോ ഉദ്യോഗസ്ഥന്മാരുടെ മുമ്പിൽ പോയി നിൽക്കാനും, ഏതു നിലവാരത്തിലുള്ള ഉദ്യോഗസ്ഥനായാലും അനാവശ്യമായ കാലതാമസത്തിനും കൈക്കൂലി കൊടുക്കാനും കൃഷിക്കാരെ ബുദ്ധിമുട്ടിക്കാനും അത് ഇടവരുത്തും. അതിനുപകരം കൃഷിക്കാരുടെ സ്റ്റേറ്റ്മെന്റിൽ, ആ ഉത്തമവിശ്വാസത്തിൽ അവർ പറയുന്നതെന്താണെന്നു വച്ചാൽ അതാണ് ചേർക്കേണ്ടത്. ഏഴാം വകുപ്പിൽ അധികാരങ്ങളൊക്കെ പറയുന്നതിനുമുമ്പ് സമയപരിധി വച്ച് എന്തെങ്കിലും നിർണ്ണയിക്കപ്പെടാവുന്ന ഏതെങ്കിലും തീയതി എന്നു പറയുന്നതിനുപകരം ഒരു ടൈം ലിമിറ്റ് വയ്ക്കുക. ആ ടൈം ലിമിറ്റിന് മുമ്പിൽ അവർക്ക് അതിനുള്ള സന്ദർഭം കൊടുക്കണം. മറ്റൊരു പ്രധാനപ്പെട്ട ഭേദഗതിയാണ് 238. അതിനെക്കുറിച്ച് ഒരു വാക്ക് സൂചിപ്പിക്കാനുള്ളത്, ഉദ്യോഗസ്ഥന്മാർക്ക് അമിതാധികാരം കൊടുക്കുന്നതിനായി ഈ നിയമം മാറരുത്. ഇതിൽ പല വകുപ്പുകളും നോക്കുമ്പോൾ കൃഷിക്കാർക്ക് ഒരു ഭാരമായി പോകുന്ന രീതിയിൽ വരും. ബഹുമാനപ്പെട്ട അംഗങ്ങൾ അത് നേരത്തെ ചൂണ്ടിക്കാണിച്ചു. ഒരു പാസ് ബുക്ക് കൂടി അവരെ ഏൽപ്പിച്ച് അതിന്റെ ഭാരം കൂടി അവരുടേമേൽ വരികയാണ്. ഈ ബുക്ക് സംഘടിപ്പിക്കാനും അതു സൂക്ഷിക്കാനും കൊണ്ടുനടക്കാനും ഇതിനെല്ലാം ഉദ്യോഗസ്ഥന്മാരുടെ മുമ്പിൽ പോയി, ഉദ്യോഗസ്ഥന്മാരുടെ ദയാദാക്ഷിണ്യത്തിന് നിൽക്കാനോ അല്ലെങ്കിൽ അവർക്ക് കൈക്കൂലി കൊടുത്ത് കൃഷിക്കാർക്ക് അമിതഭാരം ഉണ്ടാക്കുന്ന ഒരു നിയമമായിട്ട് ഈ പാസ് ബുക്ക് മാറാനോ പാടില്ല. അതുകൊണ്ട് കൃഷിക്കാർക്ക് ആയിരിക്കണം ഇതിന്റെ അവകാശവും അധികാരവും കൊടുക്കേണ്ടത്. അതിനനുസരിച്ച രീതിയിൽ കൃഷിഭവനുകളെ നമുക്ക് ആശ്രയിക്കാവുന്നതാണ്. കൃഷിഭവനിൽ ഇതിനൊക്കെ രേഖകളും രജിസ്റ്ററുകളും ഉള്ളതാണ്. ആ രീതിയിൽ ആവശ്യമായ ഭേദഗതി വരുത്തണം.

ശ്രീ. എം. എം. ഹസ്സൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

(213) ഖണ്ഡം 7 (1)-ൽ "കർഷകനെ സംബന്ധിച്ചുള്ള വിവരങ്ങൾ" എന്നതിന് പകരം "കർഷകനേയും അയാളുടെ ഭൂമിയേയും മറ്റു സ്ഥാവര വസ്തുക്കളേയും സംബന്ധിച്ചുള്ള വിവരങ്ങൾ" എന്ന് ചേർക്കുക.

(230) ഖണ്ഡം 7 (4)-ന്റെ ഒന്നാം ക്ലിപ്ത നിബന്ധനയിൽ താഴെപ്പറയുന്നവ ചേർക്കുക:

"എന്നാൽ ഗസറ്റിൽ പ്രസിദ്ധീകരിച്ച വിജ്ഞാപനംമൂലം സംസ്ഥാനത്ത് മുഴുവനുള്ളതോ ഏതെങ്കിലും പ്രദേശത്തുള്ളതോ ആയ കിസ്സാൻ പാസ് ബുക്കുകളുടെ തീയതി നീട്ടിക്കൊടുത്തിട്ടുള്ളപക്ഷം അവിടെയുള്ള കിസ്സാൻ പാസ് ബുക്കുകൾക്ക് നീട്ടിക്കൊടുത്ത തീയതി വരെ പ്രാബല്യമുണ്ടായിരിക്കുന്നതാണ്."

സർ, 213 എന്നു പറയുന്നത് കർഷകരെ സംബന്ധിച്ചുള്ള വിവരങ്ങൾ എന്നതിനു പകരം കർഷകനേയും അയാളുടെ ഭൂമിയേയും മറ്റു സ്ഥാവര വസ്തുക്കളേയും സംബന്ധിച്ചുള്ള വിവരങ്ങൾ എന്നു ചേർക്കണമെന്നാണ്. ഏതെങ്കിലും പ്രത്യേക സാഹചര്യത്തിൽ കിസ്സാൻ പാസ് ബുക്ക് അച്ചടിക്കുന്നതിനും വിതരണം ചെയ്യുന്നതിനും കാലതാമസമുണ്ടായാൽ അതിന് സാധുത ഉണ്ടാകാവുന്ന സാഹചര്യം ഒഴിവാക്കുന്നതിനുള്ള ഒരു പരിഹാരമാർഗ്ഗമെന്ന നിലയിലാണ് രണ്ടാമത്തെ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്.

ശ്രീ. സ്റ്റീഫൻ ജോർജ്ജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(216) ഖണ്ഡം 7(3)-ൽ "സംബന്ധിച്ച വ്യതിയാനങ്ങൾ" എന്നതിനു പകരം "സംബന്ധിച്ച്" എന്നു ചേർക്കുക.

(217) ഖണ്ഡം 7(3)-ൽ "വ്യതിയാന നടപടികളുടേയും മറ്റു പ്രസക്തമായ തെളിവുകളുടേയും" എന്നതിനുപകരം "തെളിവുകളുടെ" എന്നു ചേർക്കുക.

സർ, കർഷകന് ഭൂമിയിലുള്ള താൽപ്പര്യത്തിൽ ഉണ്ടാകുന്ന ഏതെങ്കിലും മാറ്റങ്ങൾ സംബന്ധിച്ച വ്യതിയാനങ്ങൾ എന്നാണ്. ഈ മാറ്റങ്ങളും വ്യതിയാനങ്ങളും ഒന്നായതുകൊണ്ട് അത്രയും കോംപ്ളിക്കേറ്റഡായിട്ട് ആക്കാതെ സംബന്ധിച്ച വ്യതിയാനങ്ങൾ എന്ന സ്ഥാനത്ത് സംബന്ധിച്ച് എന്നു മാത്രം ചേർത്ത് സാക്ഷ്യപ്പെടുത്താവുന്ന എന്നാക്കിയാൽ അതു ഭംഗിയാകുമെന്നാണ് എന്റെ അഭിപ്രായം. അതുപോലെ വ്യതിയാന നടപടികളുടെയും മറ്റു പ്രസക്തമായ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ചെലവുകളുടെയും എന്ന സ്ഥാനത്ത് തെളിവുകളുടെ അടിസ്ഥാനത്തിൽ മാറ്റങ്ങളുടെ നിജസ്ഥിതി ബോധ്യപ്പെടുത്തിയശേഷം എന്നാക്കുന്നതായിരിക്കും കൂടുതൽ സിംപിളായി കൃഷിക്കാർക്ക് മനസ്സിലാക്കാൻ കഴിയുന്നത്.

ഡോ. എം. എ. കുട്ടപ്പൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(220) ഖണ്ഡം 7(4)-ൽ (1) "കിസ്സാൻ പാസ് ബുക്കിന്റെ പേരു കാണിക്കുന്ന ഒന്നാം പുറത്ത് സൂചിപ്പിച്ചിട്ടുള്ള കാലാവധി തീയതി" എന്നതിനുപകരം "കിസാൻ പാസ് ബുക്കിൽ സൂചിപ്പിച്ചിട്ടുള്ള കാലാവധി" എന്നു ചേർക്കുക.

(2) "കാലാവധി തീയതി കഴിയുന്നതിനുമുമ്പ്" എന്നീ വാക്കുകൾക്കുപകരം "കാലാവധി തീയതി" എന്ന് ചേർക്കുക.

(234) ഖണ്ഡം 7(5)-ൽ (1) "നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാലാവധിക്കുള്ളിൽ" എന്നീ വാക്കുകൾ നീക്കം ചെയ്യുക.

(2) "യുക്തമെന്നു തോന്നുന്ന അത്തരം രീതിയിലുള്ള ശരിയായ പരിശോധനയ്ക്ക്" എന്നതിനുപകരം "യുക്തമെന്നു തോന്നുന്ന രീതിയിലുള്ള പരിശോധനയ്ക്ക്" എന്ന് ചേർക്കുക.

(3) "തിരുത്തേണ്ടതും" എന്നതിനുപകരം "തിരുത്തി" എന്ന് ചേർക്കുക.

സർ, പാസ് ബുക്കിന്റെ ഒന്നാം പുറത്ത് കാലാവധി തീയതി എന്നാണ് ക്ലോസ് തുടങ്ങുന്നത്. പാസ്ബുക്കിൽ എവിടെവേണമെങ്കിലും കാലാവധി തീയതി കാണിക്കാവുന്നതേയുള്ളൂ. ഒന്നാം പേജിൽ തന്നെ വേണമെന്ന് നിർബന്ധമില്ല. അതുകൊണ്ട് അങ്ങനെ നിയമത്തിൽ പറയേണ്ട ആവശ്യമില്ല. കാലാവധി എന്നു പറഞ്ഞാൽ അതിനുതന്നെ തീയതിയെ സംബന്ധിച്ച് വ്യക്തതയുണ്ട്. ഇന്ന തീയതിയിൽ കാലാവധി തീരുമെന്നല്ല പറയുന്നത്. അതുകൊണ്ട് കാലാവധി തീയതി എന്നു വേണ്ട, തീയതി എന്നു മതിയെന്നാണ് ഭേദഗതി. 234-ൽ തെറ്റു കണ്ടുപിടിച്ചാൽ തിരുത്താൻ സമയം നിശ്ചയിച്ചാൽ ആ സമയത്തിനുള്ളിൽ തെറ്റ് കണ്ട് തിരുത്തിയില്ലെങ്കിൽ ഫലമുണ്ടാകുകയില്ലല്ലോ. അത് പാസ് ബുക്ക് ഉടമയുടെ താൽപ്പര്യത്തെ ഹനിക്കാൻ ഇടവരും. അതുകൊണ്ട് തെറ്റു തിരുത്താൻ സമയം നിർണ്ണയിക്കണമെന്ന ആവശ്യമില്ല. ഇതുപോലെ ശരിയായ പരിശോധന എന്നു പറയുന്നുണ്ട്. പരിശോധന എപ്പോഴും ശരിയായിട്ടാണ് ചെയ്യുന്നത്. തെറ്റായിട്ട് ചെയ്യുകയില്ല. അപ്പോൾ ശരിയായ പരിശോധന എന്ന ആവശ്യമില്ല. പരിശോധന

എന്നു മതി. ശരിയായ എന്നു വേണ്ട, ശരിയായ എന്ന പദം നീക്കം ചെയ്യാവുന്നതാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(221) ഖണ്ഡം 7(4)-ൽ "കിസ്സാൻ പാസ് ബുക്ക് കൈവശക്കാരന്റെ" എന്നതിന് പകരം "കിസ്സാൻ പാസ് ബുക്ക് ഉടമയുടെ" എന്നു ചേർക്കുക.

ശ്രീ. എം. എ. വാഹീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(225) ഖണ്ഡം 7(4)-ൽ "പതിനഞ്ചു ദിവസത്തിനകം" എന്നതിനുപകരം "പത്തു ദിവസത്തിനകം" എന്നാക്കേണ്ടതാണ്.

(240) ഖണ്ഡം 7(5)-ൽ "തെറ്റ് തിരുത്തേണ്ടതുമാണ്" എന്നതിനു പകരം "അത് കൈമാറേണ്ടതും" "ആയത് കിട്ടി പതിനഞ്ച് ദിവസത്തിനകം" എന്നതിനുപകരം "പത്ത് ദിവസം" എന്നാക്കുകയും ചെയ്യുക.

സർ, 225-ൽ 15 ദിവസം എന്നുള്ളത് വളരെ കൂടുതലാണ്. അതു പത്തു ദിവസമായി കുറയ്ക്കണം.

ശ്രീ. എം. വി. ജയരാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(232) ഖണ്ഡം 7(5)-ൽ അഞ്ചാമത്തെ വരിയിൽ "അയാൾക്ക് യുക്തമെന്ന് തോന്നുന്ന" എന്ന വാക്കുകൾ ഒഴിവാക്കേണ്ടതാണ്.

(233) ഖണ്ഡം 7(5)-ൽ "തെറ്റുണ്ടെങ്കിൽ" എന്നതിനുപകരം "തെറ്റുണ്ടെങ്കിലോ മാറ്റം വരുത്തേണ്ടതുണ്ടെങ്കിലോ" എന്ന് ചേർക്കുക.

സർ, 7(5)-ൽ അഞ്ചാമത്തെ വരിയിൽ ഇവിടെ ചേർത്തത് കിസ്സാൻ പാസ് ബുക്കിലെ രേഖപ്പെടുത്തലുകളിൽ എന്തെങ്കിലും തെറ്റുണ്ടെങ്കിൽ കിസ്സാൻ പാസ് ബുക്കിന്റെ കൈവശക്കാരൻ നിർണ്ണയിക്കപ്പെടാവുന്ന, അങ്ങനെയുള്ള കാലാവധിക്കുള്ളിൽ തെറ്റ് തിരുത്തുന്നതിനുവേണ്ടി റവന്യൂ ഡിവിഷണൽ ഉദ്യോഗസ്ഥന് ഒരു അപേക്ഷ നൽകേണ്ടതും, റവന്യൂ ഡിവിഷണൽ ഉദ്യോഗസ്ഥൻ അയാൾക്ക് യുക്തമെന്നു തോന്നുന്നപക്ഷം .... എന്നതാണ് ഇപ്പോഴുള്ളത്. അത് യഥാർത്ഥത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

മാറ്റേണ്ടതാണ്. റവന്യൂ ഡിവിഷണൽ ഉദ്യോഗസ്ഥൻ അയാൾക്ക് യുക്തമെന്നു തോന്നുന്ന എന്നു പറയുന്ന ഒരു വിശദീകരണം ഇവിടെ വേണ്ടതില്ല. ശരിയായ പരിശോധന നടത്തിയശേഷം എന്ന് പറഞ്ഞ് അതു മാറ്റേണ്ടതാണ്. 233-ൽ തെറ്റുണ്ടെങ്കിൽ തിരുത്താൻ വേണ്ടി മാത്രമാണ് ഇപ്പോൾ ഇതിനകത്ത് പ്രൊവിഷനുള്ളത്. തെറ്റ് സംഭവിക്കാം. അതുപോലെ മാറ്റം വരുത്താനുള്ള അപേക്ഷയും വന്നേക്കാം. തെറ്റ് കറക്ട് ചെയ്താൽ മാത്രം പോരാ, ചില മാറ്റം വന്നേക്കാം. റസിഡൻഷ്യൽ അഡ്രസ്സ് മാറിയേക്കാം. അല്ലെങ്കിൽ പാസ് ബുക്കിൽ രേഖപ്പെടുത്തിയ ഏതെങ്കിലും വിവരം, അത് genuine reason എന്ന കാരണത്താൽ മാറ്റേണ്ടിവരും. അങ്ങനെ വരുമ്പോൾ തെറ്റുണ്ടെങ്കിൽ തിരുത്താനും മാറ്റം വരുത്തേണ്ടതുണ്ടെങ്കിൽ അതു മാറ്റം വരുത്താനും എന്ന വിധത്തിൽ 7(5) മാറ്റണം. അതുകൊണ്ട് തെറ്റുണ്ടെങ്കിലോ മാറ്റം വരുത്തേണ്ടതുണ്ടെങ്കിലോ എന്ന വിധത്തിൽ അതു മാറ്റേണ്ടതാണ്.

ശ്രീ. എ. എ. അസീസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(236) ഖണ്ഡം 7(5)-ൽ "തെറ്റ് തിരുത്തുന്നതിനുവേണ്ടി റവന്യൂ ഡിവിഷണൽ ഉദ്യോഗസ്ഥന്" എന്നീ വാക്കുകൾക്കു പകരം "തെറ്റ് തിരുത്തുന്നതിനുവേണ്ടി ബന്ധപ്പെട്ട വില്ലേജ് ആഫീസർക്ക്" എന്നീ വാക്കുകൾ ചേർക്കുകയും "അപേക്ഷ നൽകേണ്ടതും, റവന്യൂ ഡിവിഷണൽ ഉദ്യോഗസ്ഥൻ" എന്നീ വാക്കുകൾക്കു പകരം "അപേക്ഷ നൽകേണ്ടതും, വില്ലേജ് ആഫീസർ" എന്നീ വാക്കുകൾ ചേർക്കുകയും ചെയ്യേണ്ടതാണ്.

ശ്രീ. വി. കെ. ചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(239) ഖണ്ഡം 7 (5)-ൽ "റവന്യൂ ഡിവിഷണൽ ഉദ്യോഗസ്ഥൻ" എന്നതിനു പകരം "റവന്യൂ ഡിവിഷണൽ ഉദ്യോഗസ്ഥനോ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോ" എന്ന് ചേർക്കുക.

സർ, പാസ് ബുക്കിൽ തെറ്റ് കടന്നുകൂടിയിട്ടുണ്ടെങ്കിൽ അതു തിരുത്തുന്നതിനു വേണ്ടിയുള്ള ഒരു വകുപ്പാണ്. ഇതിൽ പറയുന്നത് തെറ്റ് തിരുത്തുന്നതിനുവേണ്ടി റവന്യൂ ഡിവിഷണൽ ഉദ്യോഗസ്ഥന് ഒരു അപേക്ഷ നൽകേണ്ടതും റവന്യൂ ഡിവിഷണൽ ഉദ്യോഗസ്ഥൻ അയാൾക്ക് യുക്തമെന്നു തോന്നുന്ന വിധത്തിൽ എന്നു

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞുപോകുകയാണ്. റവന്യൂ ഡിവിഷണൽ ഉദ്യോഗസ്ഥൻ എന്നു പറയുമ്പോൾ ആർ.ഡി.ഒ. ആണ്. ഒറ്റപ്പാലത്ത് ഇപ്പോൾ ആർ.ഡി.ഒ. ഇല്ല. അവിടെ സബ് കളക്ടറാണ്. അവിടെ ഈ വകുപ്പനുസരിച്ച് വരുമ്പോൾ കിസ്സാൻ പാസ് ബുക്കിൽ തെറ്റു വന്നാൽ തിരുത്തേണ്ട എന്നാണോ? ചില താലൂക്കുകളിൽ ആർ.ഡി.ഒ. ഇല്ല. അവിടെ മറ്റുദ്യോഗസ്ഥന്മാർക്കാണ് ചുമതല. ചിലപ്പോൾ സബ് കളക്ടർ ഉണ്ടാകും. അല്ലെങ്കിൽ ഡെപ്യൂട്ടി കളക്ടറുണ്ടാകും. അങ്ങനെ ഉദ്യോഗസ്ഥന്മാർക്ക് ചുമതല കൊടുത്തിരിക്കുകയാണ്. അതുകൊണ്ട് റവന്യൂ ഡിവിഷണൽ ഉദ്യോഗസ്ഥന് എന്നതിനു പകരം റവന്യൂ ഡിവിഷണൽ ഉദ്യോഗസ്ഥനോ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോ എന്നാക്കി മാറ്റണം. തെറ്റ് തിരുത്തിക്കൊടുക്കേണ്ടത് റവന്യൂ ഡിവിഷണൽ ഉദ്യോഗസ്ഥൻ അല്ലെങ്കിൽ തത്തുല്യനായ ഉദ്യോഗസ്ഥനാണ്. അപേക്ഷ കിട്ടിക്കഴിഞ്ഞാൽ തെറ്റു തിരുത്താൻ 15 ദിവസമാണ് സമയമുള്ളത്. വളരെ അത്യാവശ്യമായി ഒരു കാര്യം വരുന്നതുകൊണ്ടാണ് ആളുകൾ തെറ്റ് കണ്ടെത്തുകയും അതു തിരുത്താൻ വേണ്ടി ഉദ്യോഗസ്ഥനെ സമീപിക്കുകയും ചെയ്യുന്നത്. അത് അവരുടെ സമയത്തിനനുസരിച്ച് നീട്ടിക്കൊടുക്കുന്നത് ശരിയല്ല. വളരെ പരിമിതമായ സമയത്തിനകം, ഏറ്റവും ചുരുങ്ങിയത് പത്തു ദിവസത്തിനകമെങ്കിലും തെറ്റ് തിരുത്തിക്കൊടുക്കാനുള്ള സംവിധാനമുണ്ടാക്കി കൊടുക്കണം.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (*ശ്രീ. കെ. എം. മാണി*): സർ, ശ്രീ. ടി. എം. ജേക്കബ്ബ് അവതരിപ്പിച്ച 219, 228 എന്നീ നമ്പർ ഭേദഗതികളും ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 221-ാം നമ്പർ ഭേദഗതിയും ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 239-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. മറ്റു ഭേദഗതികൾ സ്വീകരിക്കുന്നില്ല. നിയമത്തിനിടയിൽ large heartedness ആണ്.

ശ്രീ. ടി. എം. ജേക്കബ്ബ് അവതരിപ്പിച്ച 219, 228 എന്നീ നമ്പർ ഭേദഗതികളും ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 221-ാം നമ്പർ ഭേദഗതിയും ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 239-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. ടി. എം. ജേക്കബ്ബ് അവതരിപ്പിച്ച 211, 237 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 212, 215, 223, 238 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. ഹസ്സൻ അവതരിപ്പിച്ച 213, 230 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. സ്റ്റീഫൻ ജോർജ്ജ് അവതരിപ്പിച്ച 216, 217 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ഡോ. എം. എ. കുട്ടപ്പൻ അവതരിപ്പിച്ച 220, 234 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. എം. എ. വാഹീദ് അവതരിപ്പിച്ച 225, 240 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 232, 233 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എ. എ. അസീസ് അവതരിപ്പിച്ച 236-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

8-ാം വകുപ്പ്

ശ്രീ. ടി. എം. ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(246) ഖണ്ഡം 8(1)-ൽ "അനുമാനിക്കേണ്ടതാണ്" എന്നതിനുപകരം "കരുതേണ്ടതാണ്" എന്ന വാക്ക് ചേർക്കുക. ബഹുമാനപ്പെട്ട മന്ത്രി ഞാൻ നേരത്തേ അവതരിപ്പിച്ച രണ്ടു ഭേദഗതികൾ സ്വീകരിച്ചു. വളരെ relevant ആയിട്ടുള്ളത് അദ്ദേഹം സ്വീകരിക്കുന്നുണ്ട്, ഇല്ലെന്ന് ഞാൻ പറയുന്നില്ല....(ബഹളം)....അദ്ദേഹം ഒരു ബിൽ പൈലറ്റുചെയ്യുമ്പോൾ ഞാൻ ഇവിടെനിന്നും ഭേദഗതികൾ അവതരിപ്പിച്ചാൽ ഒന്നും സ്വീകരിക്കണ്ടായെന്നാണോ? .... (ബഹളം) .... അതാണല്ലോ നിയമനിർമ്മാണമെന്നു പറയുന്നത്. ആ സാഹചര്യത്തിൽ എനിക്കു തോന്നുന്നത് ഈ പാസ് ബുക്കിന്റെ ഒരു operative part ആണിത്, ഏറ്റവും പ്രധാനപ്പെട്ട ഒരു ഭാഗമാണ്. ഇവിടെ പറഞ്ഞിരിക്കുന്നത് നിർണ്ണയിക്കപ്പെട്ട രീതിയിൽ നടത്തുന്ന ഓരോ രേഖപ്പെടുത്തലും മറിച്ച് തെളിയിക്കപ്പെടുന്നതുവരെ ശരിയാണെന്ന്

LIBRARY ARCHIVES Kerala Legislative Assembly

അനുമാനിക്കേണ്ടതാണ് എന്നാണ്. അനുമാനിക്കുക എന്നു പറഞ്ഞാൽ presume ചെയ്യുക എന്നാണ്. അതല്ല ഇവിടെ പറയേണ്ട വാക്ക്. അനുമാനിക്കേണ്ടത് എന്നുള്ളതിനുപകരം കരുതേണ്ടതാണ്, അതാണ് ശരിയായിട്ടുള്ളത്. മറിച്ച് തെളിയിക്കുന്നതുവരെ അത് അങ്ങനെതന്നെയാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, 248-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(248) ഖണ്ഡം 8(2)-ൽ രണ്ടാമത്തെ ഖണ്ഡികയായി താഴെപ്പറയുന്ന പുതിയ ഖണ്ഡിക കൂട്ടിച്ചേർക്കുക:

"കിസാൻ പാസ് ബുക്കിലെ രേഖപ്പെടുത്തലുകൾ, പ്രകൃതിക്ഷോഭ ദുരിതാശ്വാസങ്ങൾ, സാമൂഹ്യ സുരക്ഷിതത്വ പദ്ധതികൾ പ്രകാരമുള്ള ആനുകൂല്യങ്ങൾ മുതലായവ ഉൾപ്പെടെ സർക്കാരിൽനിന്നും ലഭിക്കുന്ന സഹായങ്ങൾ ലഭിക്കുന്നതിന് പ്രത്യക്ഷ തെളിവുമൂല്യം ആയി കണക്കാക്കാവുന്നതാണ്."

ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി നേരത്തേ ശ്രീ. ജോസഫ് എം. പുതുശ്ശേരിയുടേയും ശ്രീ. തോമസ് ഉണ്ണിയാടന്റേയും ശ്രീ. ടി. എം. ജേക്കബിന്റേയും ഭേദഗതികളൊക്കെ അംഗീകരിച്ചു. ഞങ്ങൾ അവതരിപ്പിക്കുന്നതൊന്നും അംഗീകരിക്കുന്നില്ല. ഞങ്ങൾ പറയുന്നതിന്റെ ഉദ്ദേശശുദ്ധിയെക്കൂടി കണക്കിലെടുത്ത് ഞങ്ങൾ പറയുന്ന വളരെ പ്രധാനപ്പെട്ട ചില ഭേദഗതികൾ കൂടി ഇതിൽ ചേർക്കണം. ഗ്രൂപ്പ് ഫാമിംഗ് ഉൾപ്പെടെ ഞാൻ പലതും ഇവിടെ പറഞ്ഞു. റവന്യൂ വകുപ്പുമന്ത്രി അതിനോടൊന്നും ഒരു മാർദ്ദവമുള്ള സമീപനമല്ല എടുത്തിരിക്കുന്നത്. ഞങ്ങൾ ഉന്നയിച്ച ചില ഭേദഗതികൾ കൂടി അംഗീകരിക്കാൻ തയ്യാറാകണം. ഞങ്ങളോടുകൂടി അത്തരം ഒരു സമീപനമുണ്ടാകണം.

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി)*: സർ, കഴിഞ്ഞ ദിവസം ശ്രീ. കെ. പി. രാജേന്ദ്രന്റെ അമെന്റ്മെന്റാണ് ആദ്യം സ്വീകരിച്ചത്. ഇവിടെ എടുത്തിരിക്കുന്ന സമീപനം വേറൊന്നുമല്ല, ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുക്കുന്നു. അത് രജിസ്റ്റർ കച്ചേരിയിൽ പോയി പണയാധാര മെഴുതാതെ പാസ്ബുക്കിന്റെ അടിസ്ഥാനത്തിൽ കടം കിട്ടാനാണ്. അതിന്റെ കൂടെ group farming ഒന്നും വരുന്നില്ല. ഇവിടെ പറയുന്ന ഈ കാര്യങ്ങളൊന്നും ഇതിന്റെ purview-ൽ വരുന്നില്ല. it is only for limited purpose. അതുകൊണ്ടാണ് സ്വീകരിക്കാൻ പറ്റാത്തത്. ഞാൻ വളരെ നല്ല സമീപനമാണ് എടുത്തത്.

GPM. 2/588/2012—39

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ്: 246-ാം ഭേദഗതിയെ സംബന്ധിച്ച് ഒന്നും പറഞ്ഞില്ല. ഇവിടെ പറഞ്ഞിരിക്കുന്നത് മറിച്ച് തെളിയിക്കപ്പെടുന്നതുവരെ ശരിയാണെന്ന് presume ചെയ്യണമെന്നാണ്, അനുമാനിക്കണമെന്നാണ്. ഞാൻ പറഞ്ഞത് മറിച്ചു തെളിയിച്ചുകഴിഞ്ഞാൽ അത് മാറ്റാം, മറിച്ചു തെളിയിക്കപ്പെടുന്നതുവരെ അത് കരുതപ്പെടേണ്ടതല്ലേ? അത് presume ചെയ്താൽ പോരല്ലോ.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (*ശ്രീ. കെ. എം. മാണി*): സർ, ഇതിന്റെ സത്യാവസ്ഥ നമുക്കറിയാമല്ലോ. മറിച്ച് തെളിയിക്കുന്നതുവരെ it should be presumed. അതാണ് നല്ലവാക്ക്. അല്ലാതെ കരുതപ്പെടുക എന്നു പറഞ്ഞാൽ അതൊരു factual ആയി.

ശ്രീ. ടി. എം. ജേക്കബ് അവതരിപ്പിച്ച 246-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 248-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

9-ാം വകുപ്പ്

ശ്രീ. വി. കെ. ചന്ദ്രൻ: സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു:

(255) ഖണ്ഡം 9(1)-ൽ "ഉൾക്കൊള്ളിക്കേണ്ടതുമാണ്" എന്നതിനു പകരം "ഉൾക്കൊള്ളിക്കേണ്ടതും വില്ലേജ് ആഫീസുകളിൽ രേഖപ്പെടുത്തേണ്ടതുമാണ്" എന്നാക്കി മാറ്റുക.

ഇത് കിസ്സാൻ പാസ്ബുക്ക് ഹാജരാക്കാതെ ഭൂമി കൈമാറ്റം ചെയ്യുന്നതു സംബന്ധിച്ചുള്ള ഒരു വകുപ്പാണ്. ഇതിൽ സബ് രജിസ്ട്രാർ ഓഫീസിൽ പാസ്ബുക്ക് ഹാജരാക്കിയതിനുശേഷം മാത്രമേ രജിസ്റ്റർ ചെയ്യാൻ പാടുള്ളൂ എന്നാണ് പറയുന്നത്. അത് സാധാരണ നമ്മൾ ആധാരമാക്കിക്കഴിഞ്ഞാൽ രജിസ്ട്രാർ ഓഫീസിൽ നിന്നും വില്ലേജ് ഓഫീസിലേക്ക് ഒരു പോക്കുവരവുണ്ട്. നടത്തിക്കഴിഞ്ഞാൽ മാത്രമേ ആ ആധാരം യാഥാർത്ഥ്യമാകുന്നുള്ളൂ. അതുപോലെ ഇവിടെ ആധാരം രജിസ്റ്റർ ചെയ്തുകഴിഞ്ഞാൽ ഹാജരാക്കുന്ന പക്ഷം അത് രജിസ്റ്റർ ചെയ്ത് കൈമാറ്റത്തിന്റെ വിവരങ്ങൾ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫോമിലും രീതിയിലും അതിൽ ഉൾക്കൊള്ളിക്കേണ്ടതും വില്ലേജ് ഓഫീസുകളിൽ രേഖപ്പെടുത്തേണ്ടതുമാണെന്നാക്കി മാറ്റണം. അപ്പോഴാണ് ഇതിനൊരു ക്ലാരിറ്റി വരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(257) ഖണ്ഡം 9(1)-ന് താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്:

"എന്നാൽ കിസാൻ പാസ് ബുക്കിന്റെ ഒറിജിനലിനു പകരം ഫോട്ടോസ്റ്റാറ്റ് കോപ്പി ഹാജരാക്കിയാൽ സബ് രജിസ്ട്രാർ രജിസ്റ്റർ ചെയ്ത് കൊടുക്കേണ്ടതാണ്".

(260) ഖണ്ഡം 9(2)-ൽ "ഈ വകുപ്പിന്" എന്നതിനു പകരം "ഒന്നാം ഉപവകുപ്പിന്" എന്ന വാക്ക് ചേർക്കുക.

257-ൽ ഒരു proviso ചേർക്കണമെന്നാണ് ഞാൻ പറഞ്ഞിരിക്കുന്നത്. 9-ാം വകുപ്പിൽ കിസാൻ പാസ് ബുക്ക് ഹാജരാക്കാതെ രജിസ്ട്രേഷനൊന്നും പാടില്ല. അത് സബ് രജിസ്ട്രാർമാർക്ക് കൊടുക്കുന്ന ഒരു നിർദ്ദേശമാണ്. ഉദാഹരണത്തിന് അദ്ദേഹത്തിന്റെ കൈയിൽ അതിന്റെ ഫോട്ടോസ്റ്റാറ്റ് കോപ്പി ഉണ്ട്, ഒറിജിനൽ ഒരുപക്ഷേ കൈമോശം വന്നുവെന്നിരിക്കാം. അങ്ങനെയാണെങ്കിൽ ഞാനിവിടെ പ്രൊപ്പോസ് ചെയ്തിരിക്കുന്നതായിരിക്കും നല്ലത്. ചിലപ്പോൾ അതിന്റെ ഒറിജിനൽ നഷ്ടപ്പെട്ടുപോയി എന്നുവരാം. ഉദാഹരണമായി നമ്മൾ വിദേശത്തുപോകുമ്പോൾ ഒറിജിനൽ പാസ്പോർട്ട് നഷ്ടപ്പെട്ടാലും നമ്മുടെ പാസ്പോർട്ടിന്റെ ഫോട്ടോസ്റ്റാറ്റ് കോപ്പി ഹാജരാക്കിയാൽ അവരത് കണക്കിലെടുക്കുന്നുണ്ട്. ഈ രാജ്യം വിട്ടുപോകുമ്പോൾ പ്രത്യേകിച്ച് ഒറിജിനൽ പാസ്പോർട്ടിന്റെ ഫോട്ടോസ്റ്റാറ്റ് കോപ്പിയെടുത്ത് വേറൊരു സ്ഥലത്ത് നമ്മൾ സൂക്ഷിച്ച് വച്ചിരിക്കും. അപ്പോൾ ഫോട്ടോസ്റ്റാറ്റ് കോപ്പി അംഗീകരിക്കുന്നുണ്ട്. ഫോട്ടോസ്റ്റാറ്റ് ഒരു authenticated ആയിട്ടുള്ള രേഖയായിട്ടുതന്നെ നമ്മൾ അംഗീകരിക്കുന്നുണ്ട്. അതുകൊണ്ട് അതിനൊരു പ്രൊവിഷൻ ഇടേണ്ടത് ആവശ്യമാണ്. പിന്നെ മറ്റൊന്ന് ഇവിടെ എഴുതിയിരിക്കുന്നത് ഒരു തെറ്റുപറ്റിയതാണെന്ന് എനിക്ക് തോന്നുന്നു. ഈ വകുപ്പിനു വിരുദ്ധമായി എന്നതിനു പകരം ഒന്നാം ഉപവകുപ്പാണ് ഉദ്ദേശിക്കുന്നത്, അതിന് വിരുദ്ധമായി എന്ന് അർത്ഥം വരുന്ന രീതിയിലുള്ളതാണ്. അത് കൂടുതൽ ക്ലാരിറ്റിക്കുവേണ്ടി പറഞ്ഞിരിക്കുന്നതാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(258) ഖണ്ഡം 9(2) നീക്കം ചെയ്യുക.

LIBRARY ARCHIVES Kerala Legislative Assembly

ഇത് കൃഷിക്കാരന് ഒരു പാരയായിട്ട് അല്ലെങ്കിൽ കോടാലിയായിട്ട് മാറാൻ പാടില്ല, അതേ ഉദ്ദേശിച്ചിട്ടുള്ളൂ.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(259) ഖണ്ഡം 9(2)-ലെ തുടക്കത്തിൽ താഴെപ്പറയുംപ്രകാരം ചേർക്കുക:

"കേരള കാർഷിക ഗ്രാമവികസന ബാങ്ക് ആക്ടിലേയും കേരള സഹകരണസംഘം ആക്ടിലേയും വ്യവസ്ഥ പ്രകാരം സൃഷ്ടിക്കുന്ന ഗഹാന്റെ കാര്യത്തിലൊഴിച്ച്".

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി)*: സർ, ഇവിടെ ശ്രീ. ടി. എം. ജേക്കബ് പറഞ്ഞതുപോലെ വെറുതെ ഫോട്ടോസ്റ്റാറ്റ് കോപ്പി എടുത്തുകൊണ്ടു കൊടുത്താൽ പോരാ. A copy should be duly attested by an authorised officer അങ്ങനെയാണെങ്കിൽ അത് കറക്ടാണ്. ഒറിജിനൽ നഷ്ടപ്പെട്ടുപോയാൽ അതുസംബന്ധിച്ച് റവന്യൂ ഡിപ്പാർട്ടുമെന്റിൽ കൊടുത്തിട്ട് റവന്യൂ ഡിപ്പാർട്ടുമെന്റിൽ നിന്നും ഒരു ഡ്യൂപ്ലിക്കേറ്റ് വാങ്ങിയാൽ it will be the same value ആണ്. അത് ഇതിൽ പറഞ്ഞില്ലെങ്കിലും ഒരു കുഴപ്പവുമില്ല.

ശ്രീ. ടി. എം. ജേക്കബ്: ഈ നിയമം പാസ്സാക്കിക്കഴിഞ്ഞാൽ നമുക്കറിയാമല്ലോ നമ്മളെടുക്കുന്ന വ്യൂ അല്ല പലപ്പോഴും ഉദ്യോഗസ്ഥന്മാർ എടുക്കുക. ഒരു സബ് രജിസ്ട്രാർ ഓഫീസിൽ ആധാരം രജിസ്റ്റർ ചെയ്യാൻ പോയാലുള്ള ഏർപ്പാട് ഞാനിവിടെ സഭയിൽ പറയേണ്ടല്ലോ, നമുക്കെല്ലാവർക്കും അറിയാവുന്ന ചില നടപടിക്രമങ്ങൾ അവിടെയുണ്ട്. ഇനി അത് സബ് രജിസ്ട്രാറുടെ സ്വന്തം പിതാവുതന്നെ വേറൊരു രജിസ്ട്രേഷനു ചെന്നാലും അതവിടെയുണ്ടാകും. അതാണ് നമ്മുടെ നാട്ടിൽ നടക്കുന്നത്. അങ്ങനെയുള്ള ഒരു സാഹചര്യത്തിൽ ഈ proviso-യിൽ വേണമെങ്കിൽ ആരെങ്കിലും ഉത്തരവാദപ്പെട്ടവർ അറ്റസ്റ്റുചെയ്ത് എന്ന് ചേർക്കുന്നതിൽ കുഴപ്പമില്ല. അല്ലെങ്കിൽ മിനിസ്റ്റർ തന്നെ വേറൊരു പ്രൊപ്പോസൽ ഇതിനകത്ത് എഴുതി ചേർക്കുക.

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ.. എം. മാണി)*: സർ, ഇവിടെ proviso-യുടെ ആവശ്യമില്ല. ഇതിനൊക്കെ ജനറലായിട്ടുള്ള നിയമങ്ങളുണ്ട്. ഡ്യൂപ്ലിക്കേറ്റ് കൊടുക്കുന്നതിനൊക്കെ നിയമങ്ങളുണ്ട്. അതനുസരിച്ച് ഡ്യൂപ്ലിക്കേറ്റ് കൊടുക്കുമ്പോൾ ആ ഒറിജിനലിന്റെ same value കാണും. അതല്ലാതെ ഇവിടെ കയറ്റി എഴുതണമെന്നില്ല. ഭേദഗതികൾ സ്വീകരിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 255-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ടി. എം. ജേക്കബ് അവതരിപ്പിച്ച 257, 260 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 258-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 259-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

10-ാം വകുപ്പ്

ഡോ. എം. എ. കുട്ടപ്പൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(261) ഖണ്ഡം 10(2)-ൽ

(1) "കൈമാറ്റം ചെയ്തയാളിനോടോ കൈമാറ്റം വാങ്ങിയ ആളിനോടോ" എന്നതിനു പകരം "കൈമാറ്റം ചെയ്ത ആളിനോട്" എന്നു ചേർക്കുക.

(2) "ആവശ്യപ്പെടുമ്പോൾ" എന്ന വാക്ക് നീക്കം ചെയ്യുക.

(3) "ഏജന്റുമുഖേനയോ" എന്നതിനുശേഷം "ആ നോട്ടീസ് കിട്ടി" എന്നുചേർക്കുക.

(4) "കൈമാറ്റം ചെയ്ത ആളിന്റേയോ കൈമാറ്റം വാങ്ങിയ ആളിന്റേയോ മേൽ" എന്നതിനുപകരം "കൈമാറ്റം ചെയ്ത ആളിന്റെമേൽ" എന്നു ചേർക്കുക.

ഈ ഭൂമി വാങ്ങിയ ആളിന്റെ കൈയിൽ നിന്നും പാസ്ബുക്ക് വേണമെന്നുപറഞ്ഞാൽ അത് ബുദ്ധിമുട്ടാണ്. ഭൂമി തരുന്ന ആളിന്റെ കൈവശമാണ് പാസ്ബുക്ക് ഇരിക്കുന്നത്. അതുകൊണ്ട് ഭൂമി വാങ്ങുന്ന ആളിനോട് പാസ്ബുക്ക് ഹാജരാക്കണമെന്നുപറയുന്നത് ശരിയല്ല. അത് ബുദ്ധിമുട്ടുള്ള കാര്യമാണ്. അതുകൊണ്ട് ഭൂമി വാങ്ങുന്ന ആളെ പാസ്ബുക്ക് ഹാജരാക്കുന്നതിൽ നിന്നും ഒഴിവാക്കണം. നോട്ടീസ് അയച്ചാൽ 15 ദിവസത്തിനകം

LIBRARY ARCHIVES Kerala Legislative Assembly

പാസ്ബുക്ക് ഹാജരാക്കിയിരിക്കണമെന്നാണ് പറയുന്നത്. എന്നുമുതലാണ് ഈ 15 ദിവസമെന്നു പറയുന്നില്ല. അതുകൊണ്ട് നോട്ടീസ് കിട്ടുന്ന തീയതി മുതൽ 15 ദിവസമെന്ന് വ്യക്തമാക്കിയാൽ നന്നായിരിക്കും.

ശ്രീ. ടി. എം. ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(264) ഖണ്ഡം 10(2)-ൽ "പതിനഞ്ച് ദിവസത്തിനകം" എന്ന വാക്കുകൾക്കു പകരം "മുപ്പത് ദിവസത്തിനകം" എന്നു ചേർക്കുക. കിസാൻ പാസ് ബുക്ക് കൈവശം വയ്ക്കുന്ന ആളിനു കിട്ടുന്ന സൗകര്യത്തെക്കുറിച്ചാണ് പറയുന്നത്. 15 ദിവസം എന്നു പറയുമ്പോൾ പെട്ടെന്നാണ്. മാക്സിമം ഡേറ്റു പറഞ്ഞാൽ, ആ ഡേറ്റു വരെ എടുക്കണമെന്നില്ല. 15 ദിവസം എന്നു പറയുന്നത് ഒരു ചെറിയ പീരീഡാണ്. 30 ദിവസത്തെ ഡ്യൂറേഷൻ കൊടുക്കുക, അതു കഴിഞ്ഞ് അഞ്ചു ദിവസം കഴിഞ്ഞാലും കുഴപ്പമില്ല. 10 ദിവസം കഴിഞ്ഞാലും കുഴപ്പമില്ല. 30 ദിവസം എന്നു വച്ചാൽ പാസ്ബുക്ക് ഹോൾഡർക്ക് കുറച്ചു കൂടി സൗകര്യം കിട്ടുന്ന ഒരു കാര്യമാണ്. അതുകൊണ്ട് അതു സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. വി. കെ. ചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(265) ഖണ്ഡം 10(2)-ൽ "പതിനഞ്ച് ദിവസത്തിനകം" എന്നതിനുപകരം "ഏഴ് ദിവസത്തിനകം" എന്നു ചേർക്കുക.

ശ്രീ. സ്റ്റീഫൻ ജോർജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(266) ഖണ്ഡം 10(2)-ൽ "ആളിന്റേയോ മേൽ ചുമത്തപ്പെട്ട കർത്തവ്യമായിരിക്കുന്നതാണ്" എന്നതിനു പകരം "ആളിന്റേയോ കർത്തവ്യമായിരിക്കുന്നതാണ്" എന്നു ചേർക്കുക.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(269) ഖണ്ഡം 10(2)-നുശേഷം താഴെപ്പറയുന്നതുകൂടി ചേർക്കുക:

"ഇപ്രകാരം ഹാജരാക്കപ്പെടുന്ന കിസാൻ പാസ് ബുക്ക് അത് ലഭിച്ച് 15 ദിവസത്തിനകം ആവശ്യമായ മാറ്റങ്ങൾ വരുത്തി കൃഷിക്കാരന് തിരികെ നൽകേണ്ടതാണ്".

LIBRARY ARCHIVES Kerala Legislative Assembly

പാസ് ബുക്ക് അവിടെ ഹാജരാക്കിക്കഴിഞ്ഞാൽ, അതു തിരിച്ചു കൊടുക്കുന്നതു സംബന്ധിച്ചുള്ള വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്തിയില്ലെങ്കിൽ പാസ് ബുക്ക് കൃത്യമായി തിരിച്ചു കൊടുക്കുന്നതിന് റവന്യൂ ഉദ്യോഗസ്ഥന്മാർക്ക് ചുമതലയില്ലാതെ വരും. അതുകൊണ്ട് ഇതു കിട്ടിക്കഴിഞ്ഞാൽ 15 ദിവസത്തിനുള്ളിൽ ആ പാസ് ബുക്ക് അവർക്ക് തിരിച്ചു കൊടുക്കണം.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(270) ഖണ്ഡം 10 (3)-ൽ "ഈ വകുപ്പിനു വിരുദ്ധമായി" എന്നതിനുശേഷം "റവന്യൂ റിക്കാർഡുകളിൽ" എന്ന് ചേർക്കുക.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(271) ഖണ്ഡം 10(3) താഴെപ്പറയുന്നവിധം ഭേദഗതി ചെയ്യുക:

"റവന്യൂ ഉദ്യോഗസ്ഥൻ റവന്യൂ റിക്കാർഡിൽ വരുത്തുന്ന മാറ്റങ്ങൾ കൃഷിക്കാരൻ ബന്ധപ്പെട്ട കൃഷി ഭവനുകളിൽ അറിയിക്കേണ്ടതും, അവരുടെ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്."

ബാങ്കിൽ നിന്നും എടുത്ത വായ്പയുടെ കാര്യം പറഞ്ഞു. മറ്റു പല തരത്തിൽ കൃഷിക്കാർക്ക് ഇനിയും ആനുകൂല്യങ്ങൾ പ്രഖ്യാപിക്കുമെന്നോ മറ്റോ പറഞ്ഞു. അതൊന്നു പറഞ്ഞാൽ കൊള്ളാം.

ശ്രീ. എം. എം. ഹസ്സൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(272) ഖണ്ഡം 10(3)-നുശേഷം താഴെപ്പറയുന്നത് 3(A)-യും 3(B)യും ആയി ചേർക്കുക:

"(3A) (2)-ാം ഉപവകുപ്പിൽ സൂചിപ്പിച്ച പ്രകാരമുള്ള നോട്ടീസ് അനുസരിച്ച് കിസാൻ പാസ് ബുക്ക് ഹാജരാക്കുന്നപക്ഷം ബന്ധപ്പെട്ട റവന്യൂ റിക്കാർഡുകളിലും ആ കിസാൻ പാസ് ബുക്കിലും നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള മാറ്റങ്ങളോ രേഖപ്പെടുത്തലുകളോ വരുത്തേണ്ടതും ഭൂമിയോ അതിന്മേലുള്ള താല്പര്യമോ കൈമാറ്റം വാങ്ങിയ ആളിന് പുതിയ കിസാൻ പാസ് ബുക്ക് നൽകുന്നതിനുള്ള വ്യവസ്ഥകൾക്ക് വിധേയമായി ഒരു പുതിയ കിസാൻ പാസ് ബുക്ക് നൽകുകയോ അയാൾ നിലവിൽ ഒരു കിസാൻ പാസ് ബുക്കിന്റെ ഉടമയാണെങ്കിൽ അതിൽ

LIBRARY ARCHIVES Kerala Legislative Assembly

വേണ്ട പുതിയ രേഖപ്പെടുത്തലുകൾ നടത്തുകയോ ചെയ്യേണ്ടതുമാണ്. (3B) (2)-ാം ഉപവകുപ്പിൽ സൂചിപ്പിച്ച പ്രകാരമുള്ള നോട്ടീസനുസരിച്ച് കിസാൻ പാസ് ബുക്ക് ഹാജരാക്കാത്തപക്ഷം ബന്ധപ്പെട്ട റവന്യൂ ഉദ്യോഗസ്ഥൻ ബന്ധപ്പെട്ട സബ് രജിസ്ട്രാറോട് ആ ഭൂമിയുടെ കൈമാറ്റത്തെപ്പറ്റിയുള്ള വിവരങ്ങൾ ഒരു മാസത്തിനുള്ളിൽ ശേഖരിക്കേണ്ടതും ആ വിവരങ്ങൾ കിട്ടിയാലുടനെ റവന്യൂ റിക്കാർഡുകളിൽ വേണ്ട മാറ്റം വരുത്തേണ്ടതും പുതിയ കിസാൻ പാസ് ബുക്ക് നൽകുന്നതിനുള്ള വ്യവസ്ഥകൾക്കു വിധേയമായി ആ ഭൂമിയുടെ കൈമാറ്റം വാങ്ങിയ ആളിന് ഒരു കിസാൻ പാസ് ബുക്ക് നൽകേണ്ടതുമാണ്."

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി)*: ബഹുമാനപ്പെട്ട രാജേന്ദ്രൻ പറഞ്ഞ കാര്യങ്ങളൊക്കെ റവന്യൂ കാർഡിൽക്കൂടി പരിഹരിക്കാം. ഇതിനകത്തു പരിഹരിച്ചാൽ നിയമത്തിന്റെ ഒബ്ജക്ട്സ് ആന്റ് റീസണിൽ നിന്നും മാറ്റം വരും. മറ്റു ഭേദഗതികൾ സ്വീകാര്യമല്ല.

ഡോ. എം. എ. കുട്ടപ്പൻ അവതരിപ്പിച്ച 261-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 265-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. സ്റ്റീഫൻ ജോർജ് അവതരിപ്പിച്ച 266-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച 269-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 270-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 271-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. എം. ഹസ്സൻ അവതരിപ്പിച്ച 272-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. ടി. എം. ജേക്കബ്: സർ, എന്റെ 264-ാം നമ്പർ ഭേദഗതിക്ക് ഞാൻ പോൾ ആവശ്യപ്പെടുന്നു.

[സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ടു രേഖപ്പെടുത്തി.]

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലിക്കുന്നവർ — 32

1. ശ്രീ. മഞ്ഞളാംകുഴി അലി
2. ,, എ. കെ. ബാലൻ
3. ,, ബിനോയ് വിശ്വം
4. ,, വി. കെ. ചന്ദ്രൻ
5. ,, വി. ചെന്താമരാക്ഷൻ
6. ,, ടി. കെ. ദേവകുമാർ
7. ,, പി. സി. ജോർജ്
8. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
9. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
10. ,, എം. വി. ജയരാജൻ
11. ,, ടി. എം. ജേക്കബ്
12. ,, ജോണി നെല്ലൂർ
13. ,, പി. ജയരാജൻ
14. ഡോ. കെ. സി. ജോസഫ്
15. ശ്രീ. എം. കുമാരൻ
16. ,, കെ. വി. കുഞ്ഞിരാമൻ
17. ,, വി. കെ. സി. മമ്മത്കോയ
18. ,, മത്തായി ചാക്കോ
19. ,, കെ. പി. മോഹനൻ
20. ,, എ. സി. മൊയ്തീൻ
21. ,, പി. നാരായണൻ
22. ഡോ. എ. നീലലോഹിതദാസൻ നാടാർ
23. ശ്രീ. എം. പ്രകാശൻ മാസ്റ്റർ
24. ,, കെ. രാധാകൃഷ്ണൻ
25. ,, മാങ്കോട് രാധാകൃഷ്ണൻ
26. ,, കെ. പി. രാജേന്ദ്രൻ
27. ,, രാജു എബ്രഹാം
28. ,, സാജു പോൾ

LIBRARY ARCHIVES Kerala Legislative Assembly

GPM. 2/588/2012—40

29. ശ്രീ. കെ. പി. സതീശ് ചന്ദ്രൻ
30. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
31. ശ്രീ. പി. എസ്. സുപാൽ
32. ഡോ. തോമസ് ഐസക്ക്

പ്രതികൂലിക്കുന്നവർ — 43

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ,, കളത്തിൽ അബ്ദുള്ള
3. ,, കെ. ബാബു
4. ,, പി. കെ. കെ. ബാവ
5. ,, ഡൊമിനിക് പ്രസന്റേഷൻ
6. ,, പി. പി. ജോർജ്
7. ,, ജോർജ് ജെ. മാത്യു
8. ,, എം. എം. ഹസ്സൻ
9. ,, വി. കെ. ഇബ്രാഹിം കുഞ്ഞ്
10. ,, ഇസ്ഹാക് കുരിക്കൾ
11. ,, ജോസഫ് എം. പുതുശ്ശേരി
12. ,, ഉമ്മൻ ചാണ്ടി
13. ,, എം. കെ. പോൾസൺ മാസ്റ്റർ
14. ,, വി. ജെ. പൗലോസ്
15. ,, ടി. എൻ. പ്രതാപൻ
16. ,, ജി. പ്രതാപവർമ്മ തമ്പാൻ
17. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
18. ,, ടി. യു. രാധാകൃഷ്ണൻ
19. ,, ജി. കാർത്തികേയൻ
20. ,, കെ. എൻ. എ. ഖാദർ
21. ,, പി. കെ. കുഞ്ഞാലിക്കുട്ടി
22. ഡോ. എം. എ. കുട്ടപ്പൻ
23. ശ്രീ. ലൂഡി ലൂയിസ്
24. ,, സി. മമ്മൂട്ടി

LIBRARY ARCHIVES Kerala Legislative Assembly

25. ശ്രീ. കെ. എം. മാണി
26. ,, കെ. മുഹമ്മദാലി
27. ,, ആര്യാടൻ മുഹമ്മദ്
28. ,, എം. മുരളി
29. ,, എഴുകോൺ നാരായണൻ
30. ,, കെ. കെ. ഷാജു
31. ,, കടവൂർ ശിവദാസൻ
32. ,, നാലകത്ത് സൂപ്പി
33. ,, സ്റ്റീഫൻ ജോർജ്
34. ,, കെ. സുധാകരൻ
35. ,, യു. സി. രാമൻ
36. ,, തമ്പാനൂർ രവി
37. ,, കെ. ശങ്കരനാരായണൻ
38. ,, വി. ഡി. സതീശൻ
39. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
40. ശ്രീ. തോമസ് ചാഴികാടൻ
41. ,, തോമസ് ഉണ്ണിയാടൻ
42. ,, ഉമേഷ് ചള്ളിയിൽ
43. ,, എം. എ. വാഹീദ്

നിഷ്പക്ഷത പാലിക്കുന്നവർ — ആരുമില്ല.

മി. ചെയർമാൻ:

അനുകൂലിക്കുന്നവർ—32

പ്രതികൂലിക്കുന്നവർ—43

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

ഭേദഗതി സഭ നിരാകരിച്ചു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

11–ാം വകുപ്പ്

ഡോ. എം. എ. കുട്ടപ്പൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(273) ഖണ്ഡം 11 (1)-ൽ "ഹാജരാക്കേണ്ടതില്ല" എന്നതിനു പകരം "ഹാജരാക്കേണ്ട ആവശ്യം ഇല്ലാത്തതാകുന്നു" എന്നു ചേർക്കുക.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(274) ഖണ്ഡം 11(1)-ൽ "കിസ്സാൻ പാസ് ബുക്ക് ഹാജരാക്കേണ്ടതില്ല" എന്ന വാക്കുകൾക്കുശേഷം താഴെ പറയുന്ന വാക്കുകൾ കൂട്ടിച്ചേർക്കുക:

"കൃഷിനാശം സംഭവിക്കുന്ന സന്ദർഭത്തിൽ സർക്കാരിൽനിന്നും ലഭിക്കേണ്ട ആനുകൂല്യങ്ങൾ, മറ്റു വിധത്തിലുള്ള സാമ്പത്തിക സഹായങ്ങൾ എന്നിവയ്ക്കായി പാസ് ബുക്ക് ഹാജരാക്കേണ്ടതില്ല".

1–ാം ഉപവകുപ്പിൽ സഹകരണ ബാങ്കുകൾ നൽകുന്ന വിളവായ്പകൾക്ക് കിസ്സാൻ പാസ് ബുക്ക് ഹാജരാക്കേണ്ടതില്ല എന്നു പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് അതിനോട് ചേർത്ത് കൃഷിനാശം സംഭവിക്കുന്ന സന്ദർഭത്തിൽ സർക്കാരിൽ നിന്നും ലഭിക്കേണ്ട ആനുകൂല്യങ്ങൾ, മറ്റു വിധത്തിലുള്ള സാമ്പത്തിക സഹായങ്ങൾ എന്നിവയ്ക്കായി പാസ് ബുക്ക് ഹാജരാക്കേണ്ടതില്ല എന്നുള്ളതാണ് എന്റെ ഭേദഗതി.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(275) ഖണ്ഡം 11 (2)-ൽ

(1) "സാമ്പത്തിക സഹായം സംബന്ധിച്ച വസ്തുതയും വായ്പ അനുവദിച്ച വിവരവും" എന്നതിനുപകരം "സാമ്പത്തിക സഹായം സംബന്ധിച്ച വസ്തുത" എന്നു ചേർക്കുക.

(2) "കിസാൻ പാസ് ബുക്കിൽ" എന്നതിനുശേഷം "നിർണ്ണയിക്കപ്പെട്ട പ്രകാരം" എന്നു ചേർക്കുക.

(3) "ഒരു രേഖപ്പെടുത്തൽ കൂടി" എന്നതിനുശേഷം "ആ കിസ്സാൻ പാസ് ബുക്കിൽ" എന്നു ചേർക്കുക.

(4) "അങ്ങനെയുള്ള രേഖപ്പെടുത്തൽ" എന്നതിനു പകരം "അങ്ങനെയുള്ള രേഖപ്പെടുത്തലിന്" എന്ന് ചേർക്കുക.

(5) "സാമ്പത്തിക സഹായത്തിന്റെ ബാക്കി" എന്നതിനു പകരം "സാമ്പത്തിക സഹായത്താൽ അടച്ചുതീർക്കാൻ ബാക്കി" എന്ന് ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(283) ഖണ്ഡം 11(3)ന്റെ "അവകാശരേഖകളിൽ" എന്ന വാക്കിനുശേഷം "മുപ്പത് ദിവസത്തിനകം" എന്ന വാക്കുകൂടി ചേർക്കുക.

ഇവിടെ നൽകുന്ന പാസ് ബുക്കിനകത്ത് ആവശ്യമായിട്ടുള്ള തിരുത്തലുകൾ വരുത്തണം. അതു ലഭിച്ചാൽ സബ് രജിസ്ട്രാർ അവിടെ സൂക്ഷിച്ചിട്ടുള്ള രേഖകളിൽ ആവശ്യമായ തിരുത്തലുകൾ വരുത്തേണ്ടതാണ്. അപ്പോൾ അതിന് സമയപരിധി കൊടുക്കുന്നില്ല. അതുകൊണ്ട് സമയപരിധി നിശ്ചയിക്കുന്നതിനാണ് എന്റെ ഭേദഗതി.

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി)*: ഭേദഗതികൾ ഒന്നും സ്വീകാര്യമല്ല.

ഡോ. എം. എ. കുട്ടപ്പൻ അവതരിപ്പിച്ച 273-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 274-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 275-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. ടി. എം. ജേക്കബ് അവതരിപ്പിച്ച 283-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

12-ാം വകുപ്പ്

ശ്രീ. വി. കെ. ചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(289) ഖണ്ഡം 12-ൽ "മറ്റു ചെലവുകളും" എന്നതിനു പകരം "കാലാകാലങ്ങളിലുള്ള പലിശയും" എന്ന് ചേർക്കുക.

കോടതി നടപടി മുഖേനയുള്ള ജപ്തിക്കും വില്പനയ്ക്കുമുള്ള തടസ്സം നീക്കം ചെയ്യൽ—അതിൽ പറയുന്നത്, സിവിൽ കോടതി മുഖേനയുള്ള ജപ്തിക്കും വില്പനയ്ക്കും വിധേയമാകുന്നതിൽ നിന്നും വിറ്റു കിട്ടുന്ന തുക, കോടതി വിധിച്ചേക്കാവുന്ന, കോടതിചെലവും മറ്റു ചെലവുകളും ഉൾപ്പെടെ എന്നാണ്. കോടതിചെലവു പറയുന്നുണ്ട്, വേറെ ചെലവുകളെ സംബന്ധിച്ച് പറയുന്നില്ല. മറ്റു ചെലവുകൾ എന്നത് കോടതിയുടെ ചെലവും ആ ചെലവിനുവന്ന പലിശയും എന്നു കൂടി മാറ്റണം.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. എം. എ. കുട്ടപ്പൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(290) ഖണ്ഡം 12-ൽ (1) "വരവുവയ്ക്കുന്നതിൽ നിന്നും" എന്നതിനു പകരം "വരവുവയ്ക്കുന്നതിനും ബാക്കി തുക കർഷകന് നൽകുന്നതിനും" എന്ന് ചേർക്കുക. (2) "ഒരു ധനകാര്യ സ്ഥാപനത്തെ" എന്നതിനു പകരം "ഒരു ധനകാര്യസ്ഥാപനത്തേയും" എന്ന് ചേർക്കുക. (3) "തടസ്സപ്പെടുത്തുന്നതല്ല" എന്നതിനുപകരം "തടസ്സപ്പെടുത്താത്തതാകുന്നു" എന്ന് ചേർക്കുക.

പലപ്പോഴും സർക്കാർ കർഷകർക്ക് ആനുകൂല്യങ്ങൾ പ്രഖ്യാപിക്കാറുണ്ട്. പക്ഷേ ആനുകൂല്യങ്ങൾ കൊടുക്കുന്ന കാര്യത്തിൽ പലപ്പോഴും പിശുക്കു കാണിക്കുകയാണ് ചെയ്യുന്നത്. ആ നിലയിൽ കർഷകന്റെ ഭൂമി ജപ്തി ചെയ്താൽ ബാങ്കിനു കിട്ടാനുള്ളതുകഴിച്ച് ബാക്കി തുക കൊടുക്കുക എന്നുള്ളത് ഉറപ്പാക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി. അതുകൊണ്ട് അക്കാര്യം ബില്ലിൽ വ്യക്തമായി പറയണം.

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി):* ഈ ഭേദഗതികളൊന്നും സ്വീകാര്യമല്ല.

ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 289-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഡോ. എം. എ. കുട്ടപ്പൻ അവതരിപ്പിച്ച 290-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

13-ാം വകുപ്പ്

ശ്രീ. വി. കെ. ചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(291) ഖണ്ഡം 13-ൽ "വസൂലാക്കുന്നതിന്" എന്നതിനുമുമ്പായി "ഗഡുക്കളായി" എന്ന് കൂടി ചേർക്കുക.

ഇതിൽ ധനകാര്യ സ്ഥാപനത്തിന് തിരിച്ചു കിട്ടേണ്ട നികുതിയെക്കുറിച്ചാണ് പറയുന്നത്. എല്ലാ ബാങ്കിംഗ് സംവിധാനത്തിലും ഗഡുക്കളായിട്ട് അടയ്ക്കാനുള്ള സംവിധാനമാണുള്ളത്. അതുകൊണ്ട് ഇതിലും ഗഡുക്കളായി അടയ്ക്കാനുള്ള സംവിധാനമുണ്ടാകണമെന്നുള്ളതാണ് എന്റെ ഭേദഗതി.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(294) ഖണ്ഡം 13-ൽ പുതുതായി താഴെപ്പറയുന്ന ക്ളിപ്ത നിബന്ധന കൂട്ടിച്ചേർക്കുക:

LIBRARY ARCHIVES Kerala Legislative Assembly

"എന്നാൽ നികുതി വസൂലാക്കാൻ ആക്ട് പ്രകാരം എന്തു നടപടി സ്വീകരിച്ചാലും പ്രസ്തുത കൃഷിക്കാരനെ സംരക്ഷിക്കുന്നതിനും സഹായിക്കുന്നതിനുമുള്ള അവസരം നഷ്ടപ്പെടാൻ പാടില്ലാത്തതുമാകുന്നു."

ശ്രീ. വി. കെ. ചന്ദ്രൻ പറഞ്ഞതുതന്നെയാണ് എനിക്കും പറയുവാനുള്ളത്. കൃഷിക്കാരെ സഹായിക്കാനാണെങ്കിൽ തവണകളായിട്ട് ആക്കണം.

ശ്രീ. എം. എം. ഹസ്സൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(295) ഖണ്ഡം 13-നുശേഷം താഴെപ്പറയുന്ന ക്ളിപ്ത നിബന്ധന ചേർക്കുക:

"എന്നിരുന്നാലും ധനകാര്യ സ്ഥാപനത്തിന് സർട്ടിഫിക്കറ്റ് നൽകുന്നതിനുമുമ്പായി കർഷകനെ അയാളുടെ വായ്പത്തുക ധനകാര്യ സ്ഥാപനത്തിന് നൽകുന്നതിനായി ഏതെല്ലാം വിധത്തിൽ സഹായിക്കാമെന്ന് പരിശോധിച്ച് സഹായിക്കുകയോ ധനകാര്യസ്ഥാപനവുമായി ആലോചിച്ചുകൊണ്ട് തുക അടയ്ക്കുന്നതിനുള്ള തവണയും കാലാവധിയും വർദ്ധിപ്പിച്ചു കൊടുക്കുന്നതിലേക്കുള്ള ഉത്തരവ് പുറപ്പെടുവിക്കുകയോ ചെയ്യുവാനുള്ള അധികാരം ജില്ലാ കളക്ടർക്കുണ്ടായിരിക്കുന്നതാണ്".

കൃഷിക്കാരെ സംബന്ധിച്ച് ജപ്തി ചെയ്യുകയെന്നുള്ളത് വളരെ വേദനാജനകമായിട്ടുള്ള ഒരു കാര്യമാണ്. പല കൃഷിക്കാരും ഈ ജപ്തി നടപടികളുടെ ഭാഗമായി ആത്മഹത്യ ചെയ്ത സംഭവങ്ങൾ നമ്മുടെ മുൻപിലുണ്ട്. അതുകൊണ്ട് ഞാൻ നിർദ്ദേശിക്കുന്നത് ധനകാര്യ സ്ഥാപനത്തിന് സർട്ടിഫിക്കറ്റ് നൽകുന്നതിനുമുമ്പായി കർഷകനെ അയാളുടെ വായ്പത്തുക ധനകാര്യ സ്ഥാപനത്തിന് നൽകുന്നതിനായി ഏതെല്ലാം വിധത്തിൽ സഹായിക്കാമെന്ന് പരിശോധിച്ച് സഹായിക്കുകയോ ധനകാര്യസ്ഥാപനവുമായി ആലോചിച്ചുകൊണ്ട് തുക അടയ്ക്കുന്നതിനുള്ള തവണയും കാലാവധിയും വർദ്ധിപ്പിച്ചുകൊടുക്കുന്നതിലേക്കുള്ള ഉത്തരവ് പുറപ്പെടുവിക്കുകയോ ചെയ്യുവാനുള്ള അധികാരം ജില്ലാ കളക്ടർക്കുണ്ടായിരിക്കുന്നതാണെന്നുള്ളതാണ് എന്റെ ഭേദഗതി.

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി):* ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 291-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. പി രാജേന്ദ്രൻ അവതരിപ്പിച്ച 294-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. എം. ഹസ്സൻ അവതരിപ്പിച്ച 295-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

13-ാംവകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

14-ാം വകുപ്പ്

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(296) ഖണ്ഡം 14-ൽ "മൂന്ന്" എന്ന വാക്കിനു പകരം "അഞ്ച്" എന്നാക്കി മാറ്റുക.

ശരിക്ക് പറഞ്ഞാൽ ഇത് കിസ്സാൻ പാസ് ബുക്കിന്റെ സാധുതയെ സംബന്ധിച്ചുള്ളതാണ്. കിസ്സാൻ പാസ് ബുക്ക് കൊടുത്താൽ പിന്നെ അത് പുതുക്കേണ്ട ആവശ്യമില്ല. ഒരു പാസ് ബുക്ക് കൊടുത്താൽ ഒരു സ്ഥിരം സംവിധാനത്തോടുകൂടി നിലനിർത്തണം. എന്നാൽ ചിലപ്പോൾ കൂട്ടിച്ചേർക്കലിനുള്ള അവസരമുണ്ടാകാമെന്ന് ഉദ്ദേശിച്ചായിരിക്കാം ഇതിൽ മാറ്റങ്ങൾ രേഖപ്പെടുത്താൻ മൂന്ന് വർഷം എന്നുള്ളത് വച്ചിരിക്കുന്നത്. നമ്മുടെ എല്ലാ നിയമങ്ങളിലും അഞ്ച് വർഷമാണ് വച്ചിരിക്കുന്നത്. അതുകൊണ്ട് മൂന്ന് വർഷത്തിനുപകരം അഞ്ചു വർഷമെന്നുള്ളതാക്കണം. കഴിയുമെങ്കിൽ കാലാവധി വയ്ക്കണ്ട എന്നുള്ളതാണ് എന്റെ അഭിപ്രായം.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(298) ഖണ്ഡം 14-ൽ "അതിനുശേഷം നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ അതിൽ നാളിതുവരെയുള്ള രേഖപ്പെടുത്തലുകൾ നടത്തുകയും ആയത് സാക്ഷ്യപ്പെടുത്തുകയും ചെയ്താൽ മാത്രം സാധുത ഉണ്ടായിരിക്കുന്നതുമാണ്" എന്നതിനുപകരം "ഈ കാലാവധിക്ക് മുമ്പ് പാസ് ബുക്ക് നിർണ്ണയിക്കപ്പെടാവുന്ന രൂപത്തിൽ എല്ലാവർഷവും പുതുക്കേണ്ടതുമാണ്" എന്ന് ചേർക്കുക.

ഈ നിയമമനുസരിച്ച് മൂന്ന് കൊല്ലക്കാലം മാത്രമേ കിസ്സാൻ പാസ് ബുക്കിന് നിലവിൽ വാലിഡിറ്റിയുള്ളു. പിന്നീട് പുതുക്കിയതിനുശേഷമേ വാലിഡിറ്റി കാണുകയുള്ളു എന്നുള്ളതാണ്. ഓരോ വർഷവും നിർബന്ധമായും പുതുക്കണം. അപ്പോൾ അതിന് സ്ഥിരമായി വാലിഡിറ്റിയുണ്ടാകും.

ശ്രീ. സി. മമ്മൂട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(299) ഖണ്ഡം 14-ൽ "ചെയ്താൽ മാത്രം സാധുത" എന്നീ വാക്കുകൾക്കുപകരം "ചെയ്താൽ മാത്രം തുടർന്നും സാധുത" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി)* : ഈ വ്യവസ്ഥകൾ ബില്ലിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇത് പര്യാപ്തമാണ്. അതുകൊണ്ട് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 296-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച 298-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 299-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

15-ാം വകുപ്പ്

ശ്രീ. വി. കെ. ചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(303) ഖണ്ഡം 15-ൽ "അങ്ങനെയുള്ള തുക" എന്നതിനുപകരം "അങ്ങനെയുള്ള പരിമിതമായ തുക" എന്ന് ചേർക്കുക.

ശ്രീ. പി. കെ. കെ. ബാവ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(304) ഖണ്ഡം 15-ൽ "ഈടാക്കേണ്ടതാണ്" എന്ന വാക്കിനുപകരം "ഈടാക്കി രസീത് നൽകേണ്ടതാണ്" എന്ന് ചേർക്കേണ്ടതാണ്.

ശ്രീ. ജോണി നെല്ലൂർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(306) ഖണ്ഡം 15 താഴെ പറയും പ്രകാരം ഭേദഗതി ചെയ്യുക:

"15. *കിസാൻ പാസ് ബുക്കിന്റെ വില:-* 6-ാം വകുപ്പ് പ്രകാരമുള്ള കിസ്സാൻ പാസ് ബുക്കുകൾ സൗജന്യമായി എല്ലാ കർഷകർക്കും നൽകേണ്ടതാണ്".

ശ്രീ. എം. വി. ജയരാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(309) ഖണ്ഡം 15-ൽ താഴെപ്പറയുന്ന ക്ളിപ്ത നിബന്ധന ചേർക്കുക:

"എന്നാൽ, 1 ഏക്കറിൽ കുറഞ്ഞ കൈവശഭൂമിയുള്ള കർഷകരിൽ നിന്ന് കിസ്സാൻ പാസ് ബുക്കിന് വില ഈടാക്കാൻ പാടുള്ളതല്ല."

കൃഷിക്കാരോട് സ്നേഹമുള്ള ഒരു മന്ത്രിയായതുകൊണ്ട് ഇത് പരിഗണിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. 15-ൽ കിസ്സാൻ പാസ് ബുക്കിന്റെ വിലയാണ് പറയുന്നത്. ഒരേക്കറിൽ കുറഞ്ഞ കൈവശഭൂമിയുള്ള കർഷകരിൽ നിന്ന് കിസ്സാൻ പാസ് ബുക്കിന് വിലയീടാക്കാൻ പാടില്ല എന്നുള്ളതാണ് എന്റെ ഭേദഗതി.

റവന്യുവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി):* സൗജന്യമായി കൊടുത്താൽ അതിനൊരു വിലയില്ല. അതുകൊണ്ടാണ് ചെറിയ ഒരു ഫീസ് വച്ചിരിക്കുന്നത്. ബില്ലിലെ വ്യവസ്ഥകൾ പര്യാപ്തമാണ്. അതുകൊണ്ട് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

GPM. 2/588/2012—41

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 303-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. കെ. കെ. ബാവ അവതരിപ്പിച്ച 304-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 309-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ടി. എം. ജേക്കബ്: സർ, ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച 306-ാം നമ്പർ ഭേദഗതിക്ക് പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ — 34

1. ശ്രീ. മഞ്ഞളാംകുഴി അലി
2. ,, എ. എ. അസീസ്
3. ,, എ. കെ. ബാലൻ
4. ,, ബിനോയ് വിശ്വം
5. ,, വി. കെ. ചന്ദ്രൻ
6. ,, വി. ചെന്താമരാക്ഷൻ
7. ,, ടി. കെ. ദേവകുമാർ
8. ,, പി. സി. ജോർജ്
9. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
10. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
11. ,, എം. വി. ജയരാജൻ
12. ,, ടി. എം. ജേക്കബ്
13. ,, ജോണി നെല്ലൂർ
14. ,, പി. ജയരാജൻ
15. ഡോ. കെ. സി. ജോസഫ്
16. ശ്രീ. എം. കുമാരൻ
17. ,, കെ. വി. കുഞ്ഞിരാമൻ
18. ,, കോവൂർ കുഞ്ഞുമോൻ
19. ,, വി. കെ. സി. മമ്മത്കോയ
20. ,, മത്തായി ചാക്കോ
21. ,, കെ. പി. മോഹനൻ

LIBRARY ARCHIVES Kerala Legislative Assembly

22. ശ്രീ. എ. സി. മൊയ്തീൻ
23. ,, പി. നാരായണൻ
24. ഡോ. എ. നീലലോഹിതദാസൻ നാടാർ
25. ശ്രീ. എം. പ്രകാശൻ മാസ്റ്റർ
26. ,, കെ. രാധാകൃഷ്ണൻ
27. ,, മാങ്കോട് രാധാകൃഷ്ണൻ
28. ,, കെ. പി. രാജേന്ദ്രൻ
29. ,, രാജു എബ്രഹാം
30. ,, സാജു പോൾ
31. ,, കെ. പി. സതീശ് ചന്ദ്രൻ
32. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
33. ശ്രീ. പി. എസ്. സുപാൽ
34. ഡോ. തോമസ് ഐസക്

പ്രതികൂലിക്കുന്നവർ — 43

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ,, കളത്തിൽ അബ്ദുള്ള
3. ,, കെ. ബാബു
4. ,, ബാബു ദിവാകരൻ
5. ,, പി. കെ. കെ. ബാവ
6. ,, ഡൊമിനിക് പ്രസന്റേഷൻ
7. ,, പി. പി. ജോർജ്
8. ,, ജോർജ് ജെ. മാത്യു
9. ,, എം. എം. ഹസ്സൻ
10. ,, വി. കെ. ഇബ്രാഹിം കുഞ്ഞ്
11. ,, ഇസ്ഹാക് കുരിക്കൾ
12. ,, ജോസഫ് എം. പുതുശ്ശേരി
13. ,, ഉമ്മൻ ചാണ്ടി
14. ,, എം. കെ. പോൾസൺ മാസ്റ്റർ
15. ,, വി. ജെ. പൗലോസ്

LIBRARY ARCHIVES Kerala Legislative Assembly

16. ശ്രീ. ടി. എൻ. പ്രതാപൻ
17. ,, ജി. പ്രതാപവർമ്മ തമ്പാൻ
18. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
19. ,, ടി. യു. രാധാകൃഷ്ണൻ
20. ,, ജി. കാർത്തികേയൻ
21. ഡോ. എം. എ. കുട്ടപ്പൻ
22. ശ്രീ. ലൂഡി ലൂയിസ്
23. ,, സി. മമ്മൂട്ടി
24. ,, കെ. എം. മാണി
25. ,, കെ. മുഹമ്മദാലി
26. ,, ആര്യാടൻ മുഹമ്മദ്
27. ,, എം. മുരളി
28. ,, കെ. നാരായണക്കുറുപ്പ്
29. ,, എഴുകോൺ നാരായണൻ
30. ,, കെ. കെ. ഷാജു
31. ,, കടവൂർ ശിവദാസൻ
32. ,, നാലകത്ത് സൂപ്പി
33. ,, സ്റ്റീഫൻ ജോർജ്
34. ,, കെ. സുധാകരൻ
35. ,, യു. സി. രാമൻ
36. ,, തമ്പാനൂർ രവി
37. ,, കെ. ശങ്കരനാരായണൻ
38. ,, വി. ഡി. സതീശൻ
39. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
40. ശ്രീ. തോമസ് ചാഴികാടൻ
41. ,, തോമസ് ഉണ്ണിയാടൻ
42. ,, ഉമേഷ് ചള്ളിയിൽ
43. ,, എം. എ. വാഹീദ്

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ:

അനുകൂലിക്കുന്നവർ—34

പ്രതികൂലിക്കുന്നവർ—43

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

ഭേദഗതി സഭ നിരാകരിച്ചു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

16-ാം വകുപ്പ്

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(310) ഖണ്ഡം 16 താഴെ പറയുന്ന പ്രകാരം ഭേദഗതി ചെയ്യുക,—

"ഈ ആക്ടിനോ അതിന്റെ കീഴിലുണ്ടാക്കിയ ചട്ടങ്ങൾക്കോ അനുസൃതമായി ഉത്തമവിശ്വാസത്തോടെ ചെയ്ത എല്ലാ നടപടികൾക്കും സംരക്ഷണം ഉണ്ടാകുന്നതാണ്."

റവന്യുവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി):* ഭേദഗതി സ്വീകരിക്കുന്നില്ല.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 310-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

17-ാം വകുപ്പ്

ശ്രീ. വി. കെ. ചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(311) ഖണ്ഡം 17(1)-ൽ "ഒരു വർഷം" എന്നതിനുപകരം "ഒരു മാസം" എന്നും "ആയിരം" എന്നതിനുപകരം "നൂറ്" എന്ന് ചേർക്കുക.

കിസ്സാൻ പാസ് ബുക്കിൽ തെറ്റ് വന്നാൽ അതിന് ശിക്ഷയാണ് പറയുന്നത്. ഇപ്പോൾ നമ്മുടെ റേഷൻ കാർഡിൽ ഒരു തെറ്റ് വന്നാൽ അതിന്റെ ഉടമസ്ഥൻ കാരണക്കാരനാണോ? ഇപ്പോൾ എസ്.എസ്.എൽ.സി. ബുക്കിൽ തെറ്റുകൾ കടന്നുകൂടിക്കൊണ്ടിരിക്കുകയാണ്. എസ്.എസ്.എൽ.സി. ബുക്കിൽ തെറ്റ് കടന്നുകൂടുന്നത് കുട്ടികളുടെ കുറ്റംകൊണ്ടാണോ? അപ്പോൾ ഒരാവശ്യം വരുമ്പോഴാണ്

LIBRARY ARCHIVES Kerala Legislative Assembly

ഇത് പരിശോധിക്കുന്നത്. അപ്പോഴാണ് തെറ്റ് കണ്ടെത്തുന്നത്. അങ്ങനെ തെറ്റ് കണ്ടെത്തിക്കഴിഞ്ഞാൽ ഈ ബില്ലിൽ പറയുന്നത് ഒരു വർഷം തടവും ആയിരം രൂപ പിഴയുമാണ് എന്നാണ്. അങ്ങനെ വരുമ്പോൾ കൃഷിക്കാരന് ബുദ്ധിമുട്ടുണ്ടാകും. അതുകൊണ്ട് ഒരു മാസം തടവും നൂറ് രൂപ പിഴയും എന്നാക്കി മാറ്റണം.

ശ്രീ. യു. സി. രാമൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(312) ഖണ്ഡം 17 (1) ൽ "ഒരു വർഷം" എന്നതിനുപകരം "ആറുമാസം" എന്നും "ആയിരം രൂപവരെ" എന്നത് "രണ്ടായിരം രൂപവരെ" എന്നും മാറ്റി ചേർക്കേണ്ടതാണ്.

ശ്രീ. ടി. എം. ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(314) ഖണ്ഡം 17 (2)-ൽ "തിരിമറികളെക്കുറിച്ച്" എന്ന വാക്കിനുപകരം "കൃത്രിമങ്ങളെക്കുറിച്ച്" എന്ന വാക്ക് ചേർക്കുക.

ഈ ബില്ലിൽ പറഞ്ഞിരിക്കുന്നത് എന്നിരുന്നാലും, ധനകാര്യ സ്ഥാപനങ്ങൾക്ക് കിസ്സാൻ പാസ് ബുക്കിൽ അവയുടെ ശ്രദ്ധയിൽപ്പെടുന്ന ഏതെങ്കിലും രീതിയിലുള്ള തിരിമറികളെക്കുറിച്ച് റവന്യൂ ഉദ്യോഗസ്ഥനെ അറിയിക്കാവുന്നതാണ് എന്നാണ്. തിരിമറികളെക്കുറിച്ച് എന്ന വാക്കിനുപകരം കൃത്രിമങ്ങളെക്കുറിച്ച് എന്ന് ചേർക്കണം. തിരിമറിയെന്നുള്ളത് നമ്മൾ സാധാരണയായി ഉപയോഗിക്കുന്ന വാക്കാണ്.

ശ്രീ. സ്റ്റീഫൻ ജോർജ്ജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(315) ഖണ്ഡം 17 (2)ൽ "തിരിമറികളെക്കുറിച്ച്" എന്ന വാക്കിനുപകരം "ക്രമക്കേടുകളെക്കുറിച്ച്" എന്ന വാക്ക് ചേർക്കുക.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(318) ഖണ്ഡം 17 (2)ൽ "അറിയിക്കേണ്ടതാണ്" എന്നതിനുപകരം "അറിയിക്കേണ്ടതും റവന്യൂ ഉദ്യോഗസ്ഥൻ ഇക്കാര്യത്തിൻമേൽ ആവശ്യമായ അന്വേഷണം നടത്തി തന്റെ നിഗമനം ധനകാര്യ സ്ഥാപനത്തെ അറിയിക്കേണ്ടതുമാണ്" എന്ന് ചേർക്കുക.

ഇതിൽ ചിലപ്പോൾ ധനകാര്യ സ്ഥാപനങ്ങൾ തിരിമറിയാണെന്ന സംശയത്തിന്റെമേലെ റവന്യൂ ഉദ്യോഗസ്ഥനെ അറിയിക്കാം. അങ്ങനെയാണെങ്കിൽ റവന്യൂ ഉദ്യോഗസ്ഥൻ റിപ്പോർട്ട് കൊടുക്കുന്നില്ലെങ്കിൽ അയാൾക്ക് സഹായം കിട്ടാത്ത ഒരവസ്ഥ വരും. അതുകൊണ്ട് റവന്യൂ ഉദ്യോഗസ്ഥൻ നിർബന്ധമായും റിപ്പോർട്ട് കൊടുക്കാൻ ബാദ്ധ്യസ്ഥനാണെന്ന നിലയ്ക്ക് ആ കാര്യത്തിൽ അന്വേഷണം നടത്തി തന്റെ നിഗമനം ധനകാര്യ സ്ഥാപനത്തെ അറിയിക്കേണ്ടതാണ് എന്ന ഭാഗംകൂടി ചേർക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(319) ഖണ്ഡം 17 (2)നുശേഷം പുതുതായി താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക,-

"(3) കിസ്സാൻ പാസ് ബുക്കിൽ തെറ്റായ വിധത്തിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരം ബോദ്ധ്യപ്പെട്ടാൽ അത് തിരുത്താൻ കർഷകന് അവസരം നൽകാതെ യാതൊരുവിധ പിഴയോ നൽകി ശിക്ഷിക്കപ്പെടാൻ പാടില്ലാത്തതാകുന്നു."

ഈ ബില്ലിലെ ഉദ്ദേശശുദ്ധിക്ക് എതിരായിട്ടുള്ള ഒരു വകുപ്പാണ് ഇത്. കർഷകരെ സഹായിക്കാനാണെന്ന് റവന്യു മിനിസ്റ്റർ പറഞ്ഞാലും, എങ്ങനെ വ്യാഖ്യാനിച്ചാലും ഇത് കൃഷിക്കാരെ സഹായിക്കാനുള്ള ഒരു വകുപ്പായി കണക്കാക്കാൻ കഴിയില്ല. റവന്യു ഉദ്യോഗസ്ഥൻ ആവശ്യപ്പെടുമ്പോൾ കിസ്സാൻ പാസ് ബുക്ക് ഹാജരാക്കുന്നതിൽ വീഴ്ച വരുത്തിയാൽ തടവുശിക്ഷയാണ് പറഞ്ഞിരിക്കുന്നത്. അത് നിരസ്സിച്ചാൽ പിഴശിക്ഷയാണ്. ഏതെങ്കിലുമൊരു സാഹചര്യത്തിൽ ഇത് ഹാജരാക്കാൻ കഴിയാതെ വന്നാൽ അവരെ ശിക്ഷിക്കാനുള്ള ഒരു വകുപ്പാക്കിയാൽ അത് ദോഷം ചെയ്യും. അതുകൊണ്ട് കിസ്സാൻ പാസ് ബുക്കിൽ തെറ്റായ വിധത്തിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരം ബോദ്ധ്യപ്പെട്ടാൽ അത് തിരുത്താൻ കർഷകന് അവസരം നൽകാതെ യാതൊരുവിധ പിഴയോ നൽകി ശിക്ഷിക്കപ്പെടാൻ പാടില്ലാതാകുന്നുയെന്നുള്ളതാണ് എന്റെ ഭേദഗതി.

റവന്യുവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി):* സർ, ഇതിൽ പറഞ്ഞിരിക്കുന്നത് കിസ്സാൻ പാസ് ബുക്കിൽ വ്യാജമായി ഇടയ്ക്ക് എഴുതിച്ചേർക്കുകയോ എന്തെങ്കിലും മായ്ച്ചുകളയുകയോ അനധികൃതമായിട്ടുള്ള നേട്ടത്തിനായി അറിഞ്ഞുകൊണ്ടോ അല്ലെങ്കിൽ അത് സത്യമാകാമെന്ന് ഒരാൾക്ക് വിശ്വാസമില്ലാതെയോ ഏതെങ്കിലും തെറ്റായ പ്രസ്താവന നടത്തുകയാണെങ്കിലോ എന്നാണ്. അതായത് വളരെ പേറ്റന്റ് ആയിട്ട് അയാൾ മനഃപൂർവ്വം ചെയ്തു എന്ന് വരുന്ന കേസുകളിലേയുള്ളൂ. ആരെങ്കിലും കൃഷിക്കാരെ ശിക്ഷിക്കുമോ? ഇത് മനഃപൂർവ്വം ഇതിനെ അട്ടിമറിക്കാൻവേണ്ടി ശ്രമിക്കുന്ന, നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന ആളുകളെ കൈകാര്യം ചെയ്യുന്നതിന് മാത്രമേയുള്ളൂ. പിന്നെ എല്ലാവർക്കും ഇത് സത്യവും നീതിയുമാണെന്ന് തോന്നുന്നെങ്കിൽ ഞാൻ ഓറൽ അമന്റുമെന്റ് മൂവ് ചെയ്യാം.

സർ, ഞാൻ താഴെപ്പറയുന്ന വാക്കാൽ അമന്റ്മെന്റ് അവതരിപ്പിക്കുന്നു.

"ഖണ്ഡം 17 (1) ൽ 'ഒരു വർഷം', എന്നതിനുപകരം '6 മാസം' എന്നും 'ആയിരം രൂപവരെ' എന്നത് 'രണ്ടായിരം രൂപവരെ' എന്നും മാറ്റി ചേർക്കേണ്ടതാണ്."

മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 311-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. യു. സി. രാമൻ അവതരിപ്പിച്ച 312-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. ടി. എം. ജേക്കബ് അവതരിപ്പിച്ച 314-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. സ്റ്റീഫൻ ജോർജ് അവതരിപ്പിച്ച 315-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച 318-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 319-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 17-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 17-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

18-ാം വകുപ്പ്

ശ്രീ. ജോണി നെല്ലൂർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(320) ഖണ്ഡം 18 (2) (എഫ്) നീക്കം ചെയ്യുക.

റവന്യുവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി):* ഭേദഗതി സ്വീകാര്യമല്ല.

ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച 320-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

18-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

18-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

18-ാം വകുപ്പിനുശേഷമുള്ള പുതിയ വകുപ്പ്

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(321) ഖണ്ഡം 18-നുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കുക:

"18 (എ) *കിസ്സാൻ പാസ് ബുക്ക് കഴിയുന്നത്ര വേഗം ഇലക്ട്രോണിക് പാസ് ബുക്കായി മാറ്റണമെന്ന* – ഈ ആക്ട് പ്രാബല്യത്തിൽ വന്നതിനും കിസ്സാൻ പാസ് ബുക്ക് നൽകലിനുംശേഷം കഴിയുന്നത്ര വേഗം എന്നാൽ യാതൊരു കാരണവശാലും

ആറ് മാസങ്ങൾ അധികമല്ലാത്ത കാലയളവിൽ കിസ്സാൻ പാസ്ബുക്കുകൾ ഐ.റ്റി. ആക്ടിന് അനുസൃതമായി ഇലക്ട്രോണിക് പാസ് ബുക്കുകളായി പരിവർത്തനം ചെയ്യേണ്ടതും കർഷകർക്ക് പുനർവിതരണം ചെയ്യേണ്ടതുമാണ് ".

റവന്യുവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി):* ഭേദഗതി സ്വീകാര്യമല്ല.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 321-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

1-ാം വകുപ്പും പീഠികയും പേരും

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(75) ദീർഘശീർഷകത്തിൽ "അവകാശരേഖകളും" എന്ന വാക്കുകൾക്കുശേഷം "കൃഷിയിൽനിന്നു കിട്ടുന്ന ആദായങ്ങളും" എന്നും "പ്രാപ്തരാക്കുന്നതിനും" എന്ന വാക്കിനുശേഷം "സഹായിക്കുന്നതിനും" എന്നു കൂട്ടിച്ചേർക്കുക.

(81) പീഠികയിൽ "പ്രാപ്തരാക്കുന്നതിനും" എന്ന വാക്കിനുശേഷം "സഹായിക്കുന്നതിനും കൂടുതൽ ആദായകരമായി കൃഷി ചെയ്യുന്നതിനും കാർഷിക രംഗത്ത് നിലനിർത്തുന്നതിനും" എന്ന വാക്കുകൾ ചേർക്കുക.

(82) പീഠികയിൽ രണ്ടാം ഖണ്ഡികയായി താഴെ പറയുന്നവിധം കൂട്ടിച്ചേർക്കുക:

"സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ള കേരള റവന്യു കാർഡിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവരങ്ങൾകൂടി ചേർത്തുകൊണ്ട് കൃഷിക്കാരുടെ ആവശ്യങ്ങൾ നേടിയെടുക്കുന്നതിന് സഹായിക്കുന്നതിനും, നടപടികൾ എളുപ്പമാക്കുന്നതിനും".

(88) ഖണ്ഡം 1 (3) താഴെപ്പറയുംപ്രകാരം മാറ്റിയെഴുതുക:

1 (3) "ഇത് ഉടൻ പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്".

(75) കൃഷിയിൽനിന്നും കിട്ടുന്ന അവകാശരേഖകൾക്കുപുറമേ കൃഷിയിൽനിന്നും കിട്ടുന്ന ആദായങ്ങളും അതുപോലെ അവരെ സഹായിക്കുക തുടങ്ങിയ അതിന്റെ പർപ്പസിലേക്ക് വരണം എന്നാണ്.

(81), (82) അതിൽ സംസ്ഥാനത്ത് നടപ്പിലാക്കിയ റവന്യു കാർഡ് കൃഷിക്കാരുടെ കാര്യങ്ങളിൽ അവരെ കൂടുതൽ പ്രാപ്തരാക്കാനുള്ള നടപടിക്രമങ്ങൾ വേഗത്തിലാക്കാൻ കഴിയും. അതുപോലെ കാർഷികപ്രവൃത്തി നിലനിർത്തുന്നതിന് കൃഷിക്കാരെ

LIBRARY ARCHIVES Kerala Legislative Assembly

സഹായിക്കുക എന്നതായിരിക്കണം അതിന്റെ പർപ്പസ്. ഇത് എത്രയും പെട്ടെന്ന് പ്രാബല്യത്തിൽ വരാൻ കഴിയുന്ന ഒരു വ്യവസ്ഥകൂടി ഉണ്ടാകണം.

ശ്രീ. എം. വി. ജയരാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(76) ദീർഘശീർഷകം താഴെപ്പറയുംപ്രകാരം ഭേദഗതി ചെയ്യുക:

"കർഷകർക്ക്, അവരുടെ കൈവശം കൃഷിഭൂമിയെ സംബന്ധിച്ച അവകാശരേഖകളും ബാദ്ധ്യതകളും ഉൾക്കൊള്ളുന്ന കർഷക പാസ് ബുക്ക് നൽകുന്നതിനും, വായ്പാ സൗകര്യങ്ങൾ കണ്ടെത്തുന്നതിനും വിനിയോഗിക്കുന്നതിനും അവരെ പ്രാപ്തരാക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിനോട് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കുംവേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള ഒരു ബിൽ."

(80) പീഠികയിൽ "ഒരു റവന്യു എസ്റ്റേറ്റിലെ" എന്ന പദം നീക്കം ചെയ്യുക.

ദീർഘശീർഷകം ഇപ്പോൾ ബില്ലിൽ ഉള്ള രീതിയിലല്ല വേണ്ടത്. ഞാൻ പ്രൊപ്പോസ് ചെയ്ത രീതിയിൽ ഭേദഗതി ചെയ്യണം. വായ്പാ സൗകര്യങ്ങൾ കണ്ടെത്തുന്നതിന് കർഷകരെ സഹായിക്കുന്നതുകൂടി ഈ ബില്ലിന്റെ ഭാഗമാക്കി മാറ്റണം എന്നുള്ള ഉദ്ദേശത്തിലാണ് ഇത് പറയുന്നത്. 80-ാമത് ഭേദഗതി, റവന്യു എസ്റ്റേറ്റിലെ എന്ന ഭാഗം അവിടെ ആവശ്യമില്ല.

ഡോ. എ. നീലലോഹിതദാസൻ നാടാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(77) ദീർഘശീർഷകം താഴെപ്പറയുംപ്രകാരം ഭേദഗതി ചെയ്യുക:

"കർഷകർ, മത്സ്യത്തൊഴിലാളികൾ, പട്ടികജാതി-പട്ടികവർഗ്ഗക്കാർ എന്നിവർക്ക് അവരുടെ ആസ്തി സംബന്ധിച്ച അവകാശരേഖകളും ബാദ്ധ്യതകളും ഉൾക്കൊള്ളുന്ന പാസ് ബുക്ക് നൽകുന്നതിനും, വായ്പാ സൗകര്യങ്ങൾ വിനിയോഗിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിനോട് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കുംവേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള ഒരു ബിൽ".

(86) ഖണ്ഡം 1 (1) താഴെപ്പറയുംപ്രകാരം ഭേദഗതി ചെയ്യുക:

1 (1) ചുരുക്കപ്പേരും, വ്യാപ്തിയും പ്രാരംഭവും.-(1) ഈ ആക്ടിന് 2005-ലെ കേരള കിസ്സാൻ, മത്സ്യത്തൊഴിലാളി, പട്ടികജാതി-പട്ടികവർഗ്ഗ പാസ് ബുക്ക് ആക്ട് എന്ന് പേർ പറയാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(87) ഖണ്ഡം 1 (3)-ൽ "നിശ്ചയിച്ചേക്കാവുന്ന" എന്ന വാക്കിനു പകരം "നിശ്ചയിക്കുന്ന" എന്ന വാക്ക് ചേർക്കുക.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(89) ഖണ്ഡം 1 (3) താഴെപ്പറയുന്ന രൂപത്തിൽ ഭേദഗതി ചെയ്യുക:

(3) "ഇത് ഉടനടി പ്രാബല്യത്തിൽ വരുന്നതാണ്."

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(91) ഖണ്ഡം 1 (3) താഴെപ്പറയുംപ്രകാരം മാറ്റേണ്ടതാണ്:

"ഇത് 2005 സെപ്റ്റംബർ 1 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്. "

റവന്യുവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി) :* ഭേദഗതികളൊന്നും സ്വീകാര്യമല്ല.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, എന്റെ 82-ാം നമ്പർ ഭേദഗതിക്കും ശ്രീ. ടി. എം. ജേക്കബ് അവതരിപ്പിച്ച 87-ാം നമ്പർ ഭേദഗതിക്കും ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച 89-ാം നമ്പർ ഭേദഗതിക്കും ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ — 28

1. ശ്രീ. മഞ്ഞളാംകുഴി അലി
2. ,, എ. എ. അസീസ്
3. ,, ബിനോയ് വിശ്വം
4. ,, വി. ചെന്താമരാക്ഷൻ
5. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
6. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
7. ,, എം. വി. ജയരാജൻ
8. ,, ടി. എം. ജേക്കബ്
9. ,, ജോണി നെല്ലൂർ

LIBRARY ARCHIVES Kerala Legislative Assembly

10. ശ്രീ. പി. ജയരാജൻ
11. ഡോ. കെ. സി. ജോസഫ്
12. ശ്രീ. എം. കുമാരൻ
13. ,, കെ. വി. കുഞ്ഞിരാമൻ
14. ,, കോവൂർ കുഞ്ഞുമോൻ
15. ,, മത്തായി ചാക്കോ
16. ,, കെ. പി. മോഹനൻ
17. ,, എ. സി. മൊയ്തീൻ
18. ,, പി. നാരായണൻ
19. ഡോ. എ. നീലലോഹിതദാസൻ നാടാർ
20. ശ്രീ. എം. പ്രകാശൻ മാസ്റ്റർ
21. ,, കെ. രാധാകൃഷ്ണൻ
22. ,, മാങ്കോട് രാധാകൃഷ്ണൻ
23. ,, കെ. പി. രാജേന്ദ്രൻ
24. ,, രാജു എബ്രഹാം
25. ,, സാജു പോൾ
26. ,, കെ. പി. സതീശ് ചന്ദ്രൻ
27. ,, പി. എസ്. സുപാൽ
28. ഡോ. തോമസ് ഐസക്

പ്രതികൂലിക്കുന്നവർ — 40

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ,, കെ. ബാബു
3. ,, ബാബു ദിവാകരൻ
4. ,, പി. കെ. കെ. ബാവ
5. ,, ഡൊമിനിക് പ്രസന്റേഷൻ
6. ,, ജോർജ് ജെ. മാത്യു
7. ,, എം. എം. ഹസ്സൻ
8. ,, വി. കെ. ഇബ്രാഹിം കുഞ്ഞ്
9. ,, ജോസഫ് എം. പുതുശ്ശേരി

LIBRARY ARCHIVES Kerala Legislative Assembly

10. ശ്രീ. ഉമ്മൻ ചാണ്ടി
11. ,, എം. കെ. പോൾസൺ മാസ്റ്റർ
12. ,, വി. ജെ. പൗലോസ്
13. ,, ടി. എൻ. പ്രതാപൻ
14. ,, ജി. പ്രതാപവർമ്മ തമ്പാൻ
15. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
16. ,, ടി. യു. രാധാകൃഷ്ണൻ
17. ,, എം. വി. രാഘവൻ
18. ,, ജി. കാർത്തികേയൻ
19. ,, കെ. കെ. നായർ
20. ,, പി. കെ. കുഞ്ഞാലിക്കുട്ടി
21. ഡോ. എം. എ. കുട്ടപ്പൻ
22. ശ്രീ. ലൂഡി ലൂയിസ്
23. ,, സി. മമ്മൂട്ടി
24. ,, കെ. എം. മാണി
25. ,, ആര്യാടൻ മുഹമ്മദ്
26. ,, എം. മുരളി
27. ,, കെ. നാരായണക്കുറുപ്പ്
28. ,, എഴുകോൺ നാരായണൻ
29. ,, കെ. കെ. ഷാജു
30. ,, കടവൂർ ശിവദാസൻ
31. ,, സ്റ്റീഫൻ ജോർജ്
32. ,, കെ. സുധാകരൻ
33. ,, യു. സി. രാമൻ
34. ,, തമ്പാനൂർ രവി
35. ,, ടി. പി. എം. സാഹിർ
36. ,, വി. ഡി. സതീശൻ
37. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
38. ശ്രീ. തോമസ് ഉണ്ണിയാടൻ
39. ,, ഉമേഷ് ചള്ളിയിൽ
40. ,, എം. എ. വാഹീദ്

LIBRARY ARCHIVES Kerala Legislative Assembly

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

മി. ചെയർമാൻ:

അനുകൂലിക്കുന്നവർ—28

പ്രതികൂലിക്കുന്നവർ—40

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 75, 81, 88 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 76, 80 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ഡോ. എ. നീലലോഹിതദാസൻ നാടാർ അവതരിപ്പിച്ച 77, 86 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കോവൂർ കുഞ്ഞുമോൻ അവതരിപ്പിച്ച 91-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

റവന്യൂ വും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി):* സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2005-ലെ കേരള കിസ്സാൻ പാസ്ബുക്ക് ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

1.30 P.M.]

തൊഴിൽ വകുപ്പുമന്ത്രി *(ശ്രീ. ബാബു ദിവാകരൻ):* സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, നമ്മുടെ കൃഷിക്കാരെ സഹായിക്കാൻ എന്നു പറഞ്ഞുകൊണ്ട് ഇവിടെ കൊണ്ടുവന്നിരിക്കുന്ന ഈ ബില്ലിനെ ഞങ്ങൾ തത്ത്വത്തിൽ അംഗീകരിക്കുകയാണ്. ഈ ബില്ലിന്റെ ഉള്ളടക്കത്തോടും അതിന്റെ സമീപനത്തോടും ഞങ്ങൾക്ക് യോജിപ്പാണുള്ളത്. കർഷകരെ സഹായിക്കാനായി പല നിയമങ്ങളും ഈ നിയമസഭ പാസ്സാക്കിയിട്ടുണ്ട്. പക്ഷേ, അങ്ങനെ പാസ്സാക്കുന്ന നിയമങ്ങളിലൂടെ കൃഷിക്കാർക്ക് പലപ്പോഴും വേണ്ടത്ര പ്രയോജനം ലഭിക്കുന്നില്ല എന്നുള്ള കുറവ് ഈ ബില്ലിലുണ്ടാകാൻ പാടില്ല. ഈ ബില്ലിന്റെ ക്ലോസ് ബൈ ക്ലോസ് ഡിസ്കഷനിൽ

LIBRARY ARCHIVES Kerala Legislative Assembly

അതെല്ലാം ബഹുമാനപ്പെട്ട മെമ്പർമാർ ധാരാളം ചൂണ്ടിക്കാണിച്ചതാണ്. അതുകൊണ്ട് ഞാൻ ദീർഘമായി അതുസംബന്ധിച്ച് സംസാരിക്കുന്നില്ല. ഈ നിയമം നടപ്പിൽ വരുമ്പോൾ കൃഷിക്കാരെ ദ്രോഹിക്കുന്ന ഒരു നിയമമായി മാററുത് എന്ന് നമുക്ക് നിർബന്ധമുണ്ടാകണം. ഈ ബില്ലിൽ ഇപ്പോൾത്തന്നെ ഒട്ടേറെ അപാകതകൾ കടന്നുകൂടിയിട്ടുണ്ട്. ആ അപാകതകൾ എല്ലാം പരിഹരിച്ചുകൊണ്ട് നടപ്പിലാക്കാൻ നമുക്ക് കഴിയണം. പാസ്ബുക്ക് നൽകുന്നതുകൊണ്ടുമാത്രം കൃഷിക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടും എന്നുള്ള മിഥ്യാധാരണയൊന്നും ഞങ്ങൾക്കില്ല. കേരളത്തിൽ ഏറ്റവും വലിയ പ്രശ്നം കടം പെരുകിക്കൊണ്ടിരിക്കുന്നുവെന്നുള്ളതാണ്. ഈയടുത്തിടെ ഒരു കണക്ക് വരികയുണ്ടായി, നമ്മുടെ ഇൻഡ്യയിൽ ഏറ്റവും കൂടുതൽ കൃഷിക്കാർ കടക്കെണിയിൽപ്പെട്ടിരിക്കുന്നത് പഞ്ചാബിലാണ്. പഞ്ചാബ് കഴിഞ്ഞാൽ രണ്ടാം സ്ഥാനത്ത് നമ്മുടെ കേരളത്തിലെ കൃഷിക്കാരാണ്. അങ്ങനെ കടംകൊണ്ട് ദുരിതം അനുഭവിക്കുന്ന കൃഷിക്കാരെ സഹായിക്കാൻവേണ്ടിയുള്ള നിലപാട് നാം സ്വീകരിച്ചുവെങ്കിൽ മാത്രമേ കൃഷിക്കാർക്ക് എന്തെങ്കിലും മെച്ചം ഉണ്ടാകാൻ പോകുന്നുള്ളൂ. ഈ നിയമം നടപ്പിലാക്കിയതുകൊണ്ടുമാത്രം ആയില്ല, ഇന്ന് കടം വന്ന് മുടിഞ്ഞിരിക്കുന്ന നമ്മുടെ കൃഷിക്കാരെ സഹായിക്കാൻവേണ്ടിയുള്ള മറ്റു നിലപാടുകളും സ്വീകരിക്കേണ്ടതാണ്. ഇവിടെ റവന്യൂമന്ത്രി സൂചിപ്പിക്കുകയുണ്ടായി, കൃഷിക്കാരെ സഹായിക്കാൻവേണ്ടി കേന്ദ്ര ഗവൺമെന്റിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട് എന്ന്. അപേക്ഷ സമർപ്പിച്ചാൽ പോരാ, നമ്മുടെ കേരളത്തിലെ കൃഷിക്കാരെ സഹായിക്കാൻവേണ്ടി കേന്ദ്രത്തിൽ കൂടുതൽ സമ്മർദ്ദംചെലുത്തി കൂടുതൽ ആനുകൂല്യങ്ങൾ കൃഷിക്കാർക്ക് വാങ്ങിക്കൊടുക്കാൻവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണം. ഈ നിയമം നടപ്പിലാക്കുമ്പോൾ നേരത്തെ ഇവിടെ ബഹുമാന്യരായ മെമ്പർമാരെല്ലാം ചൂണ്ടിക്കാണിച്ച ഒരു കാര്യമുണ്ട്, ഈ പാസ്ബുക്കുകളുടെ ദുരുപയോഗമാണ്. വ്യാജപട്ടയക്കാർ, അതുപോലെതന്നെ ഭൂമി കയ്യേറ്റം നടത്തിയ ആളുകൾ എല്ലാംതന്നെ ഈ പാസ്ബുക്ക് ദുരുപയോഗം ചെയ്യാനുള്ള സാദ്ധ്യത കൂടുതലാണ്. അപ്പോൾ വ്യാജപട്ടയക്കാരെയും ഭൂമി കയ്യേറ്റക്കാരെയും സഹായിക്കാൻ സാധിക്കുന്ന വിധത്തിലായിരിക്കരുത് ഇതിന്റെ നടപടിക്രമങ്ങൾ പോകുന്നത്. അതുകൊണ്ടുതന്നെ ഇതിന്റെ ചട്ടങ്ങൾ ഉണ്ടാക്കുമ്പോൾ അത് വളരെ ഫലപ്രദമായിട്ട് ഉണ്ടാക്കാൻ കഴിയണം. ആ ചട്ടങ്ങൾ സുതാര്യവും ലളിതവുമായിരിക്കണം. പലപ്പോഴും ഇത്തരം നിയമങ്ങൾ ഉണ്ടാകുമ്പോൾ അതിന്റെ സാങ്കേതിക നൂലാമാലകളിൽപ്പെട്ട് അതിന്റെ പ്രയോജനം ഏതൊരു വിഭാഗത്തിനാണോ ലഭിക്കേണ്ടത് ആ വിഭാഗത്തിന് ലഭിക്കാതെപോകുന്നുണ്ട്. അങ്ങനെയുള്ള സാങ്കേതിക നൂലാമാലകളിൽപ്പെട്ട് നമ്മുടെ പാവപ്പെട്ട കൃഷിക്കാർക്ക് ഇതിന്റെ പ്രയോജനം ലഭിക്കാതെപോകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. അതോടൊപ്പം വ്യാജപട്ടയക്കാരെയും ഭൂമികയ്യേറ്റക്കാരെയും ഒക്കെ ഇതിൽനിന്നും തടയിടാൻ കഴിയേണ്ടതുണ്ട്. യഥാർത്ഥ കൃഷിക്കാർക്ക് ഇതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

പ്രയോജനം സാങ്കേതികതടസ്സങ്ങൾ ഇല്ലാതെ ലഭ്യമാക്കാൻ കഴിയുംവിധത്തിൽ ഇതിന്റെ ചട്ടങ്ങളിൽ വേണ്ടത്ര കാര്യങ്ങൾ ചെയ്യാനും കഴിയണം. ഇപ്പോൾ കൃഷിക്കാരുടെ കടങ്ങൾ ഒരുപാട് വർദ്ധിച്ചുവരികയാണ്. ആ കടങ്ങൾ എഴുതിത്തള്ളാനോ അല്ലെങ്കിൽ എന്തെങ്കിലും ഒരു പരിഹാരം ഉണ്ടാക്കാനോ ഈ ബില്ലുകൊണ്ട് കഴിയുന്നുണ്ടോ എന്നുള്ളത് സംശയമാണ്. ഈ ബിൽ അതിനുവേണ്ടിയുള്ളതല്ല എന്ന് ഞങ്ങൾക്കറിയാം. ഞാൻ ആദ്യം സൂചിപ്പിച്ചതുപോലെ കൃഷിക്കാരെ രക്ഷിക്കാൻ കഴിയണമെങ്കിൽ രണ്ടു കാര്യങ്ങൾ ചെയ്യണം. പാസ്ബുക്ക് കൊടുത്തതുകൊണ്ടുമാത്രം കൃഷിക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടും എന്നുള്ള ധാരണയിൽനിന്നും വ്യത്യസ്തമായി അവരെ സഹായിക്കാൻവേണ്ടിയുള്ള പുതിയ ചില നിലപാടുകൾ സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകണം. കേരളത്തിലെ കൃഷിക്കാർ ഓരോ ദിവസം ചെല്ലുന്തോറും വലിയ ദുരിതത്തിലാണ്. കൃഷിക്കാരെ സഹായിക്കാൻ എന്നുപറഞ്ഞ് ഒരുപാട് കാര്യങ്ങൾ നമ്മുടെ റവന്യു മന്ത്രി പറയുന്നുണ്ടെങ്കിലും അത് പറച്ചിലിൽമാത്രം ഒതുങ്ങി നിൽക്കുകയാണ്. ഇങ്ങനെ പറച്ചിലിൽ മാത്രം ഒതുങ്ങിനിൽക്കാതെ ഈ നിയമം കുറ്റമറ്റ രീതിയിൽ നടപ്പിലാക്കാൻ കഴിയണം. അതിൽ അഴിമതിയും കെടുകാര്യസ്ഥതയും കടന്നുവരാൻ സാദ്ധ്യതയുണ്ട്, അതെല്ലാം മുൻകൂട്ടിക്കണ്ടുകൊണ്ടുതന്നെ ഈ ബിൽ കുറ്റമറ്റരീതിയിൽ കേരളത്തിൽ നടപ്പിലാക്കാൻ സന്നദ്ധമാകണമെന്ന് പറഞ്ഞുകൊണ്ട് ഈ ബില്ലിനെ തത്ത്വത്തിൽ ഞങ്ങൾ അംഗീകരിക്കുകയാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞങ്ങൾ ഒത്തിരി ഭേദഗതികളും നിർദ്ദേശങ്ങളും ഒക്കെ സമർപ്പിച്ചുവെങ്കിലും അവസാനം ശിക്ഷയുടെ കാര്യത്തിൽ അങ്ങ് ഒരു ഉദാരമായ സമീപനം എടുത്തു. ഇവിടെ ചർച്ചയിൽ നിർദ്ദേശിക്കപ്പെട്ട കാര്യങ്ങൾ അംഗീകരിച്ചില്ലായെങ്കിലും അതിൽ ഉദ്ദേശിച്ച സ്പിരിറ്റ്, ഞങ്ങളുടെ ഭാഗത്തുനിന്നും ഭരണകക്ഷി അംഗങ്ങളുടെ ഭാഗത്തുനിന്നും ഉൾപ്പെടെ വന്ന സ്പിരിറ്റ് ഉൾക്കൊണ്ടു കൊണ്ട് അതിന്റെ ചട്ടങ്ങൾ തയ്യാറാക്കി വേഗത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടിയുണ്ടാകണം. കൃഷിക്കാരെ സഹായിക്കുക എന്നത് നമുക്കെല്ലാം അഭിപ്രായ വ്യത്യാസമില്ലാത്ത കാര്യമാണ്. അതുകൊണ്ട് തത്ത്വത്തിൽ ഈ ബില്ലിലെ ഉദ്ദേശങ്ങളെ അംഗീകരിക്കുകയാണ്. എന്നാൽ ബഹുമാനപ്പെട്ട റവന്യു മിനിസ്റ്റർതന്നെ നിരവധി ബില്ലുകൾ കൃഷിക്കാരെ സഹായിക്കാനെന്നു പറഞ്ഞ് ഇവിടെ കൊണ്ടുവന്നു, അങ്ങുതന്നെ വിശേഷിപ്പിക്കുന്ന മാഗ്നാകാർട്ട എന്നുപറയുന്ന വിശേഷണംകൂടി വരുന്നുണ്ട്. പക്ഷേ, ഓരോ സന്ദർഭത്തിലും ഇവിടെ കൃഷിക്കാർക്ക് സഹായമല്ല ലഭ്യമാകുന്നത്. കൃഷിക്കാരെ സ്വീകരിക്കുന്നതൊക്കെ ഓരോ ദുരന്തങ്ങളാണ്. ആത്മഹത്യ ആയാലും, സുനാമി ദുരന്തം ഉണ്ടായ സന്ദർഭത്തിൽ ആയാലും ഇപ്പോൾ മലയിടിച്ചിൽ ഉണ്ടായ സന്ദർഭത്തിൽ ആയാലും, അതുപോലെ കാലവർഷക്കെടുതിയിൽ ആയാലും പല നിലയ്ക്കുള്ള തകർച്ചയാണ് കൃഷിക്കാർ നേരിട്ടുകൊണ്ടിരിക്കുന്നത്. വനം

LIBRARY ARCHIVES Kerala Legislative Assembly

പ്രോൽസാഹനബിൽ എന്നു പറഞ്ഞപ്പോഴും അങ്ങ് പറഞ്ഞു, അതും കൃഷിക്കാരെ സഹായിക്കാനാണെന്ന്. പക്ഷേ, ഞങ്ങൾ ആ ചർച്ചയിൽ ചൂണ്ടിക്കാണിച്ചു, വനം പ്രോൽസാഹിപ്പിക്കാൻ കൊണ്ടുവന്ന ബിൽ ഫലത്തിൽ കൃഷിക്കാരെ സഹായിക്കാൻ എന്നു പറഞ്ഞുള്ള ഒരു മേമ്പൊടിവചനം ചേർത്തുപുരട്ടി വനം വെട്ടി എങ്ങനെയൊക്കെ നശിപ്പിക്കാൻ കഴിയും എന്നുള്ളതിന്റെ ഒരു ദുരന്തമാണ് നമ്മൾ ഇവിടെ ചർച്ചചെയ്യാൻ പോകുന്നത്. എനിക്ക് ഒരു നിർദ്ദേശമാണ് പറയാനുള്ളത്, കൃഷിക്കാരെ സഹായിക്കാൻ കൊണ്ടുവന്ന ഈ ബില്ലിന്റെ ഉദ്ദേശശുദ്ധി അംഗീകരിച്ചുകൊണ്ടുതന്നെ ഞാൻ പറയുന്നു. കൃഷിക്കാരെ സഹായിക്കാനാണെങ്കിൽ ഈ പാസ്ബുക്ക് കിട്ടിയില്ലെങ്കിലും ബാങ്കിൽ നിന്ന് വായ്പകിട്ടാൻ തടസ്സമൊന്നുമില്ല, പക്ഷേ, വായ്പ തിരിച്ചടയ്ക്കാൻ പറ്റില്ല എന്നുള്ളതാണ് പ്രശ്നം. എനിക്ക് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താനുള്ളത് ആഡംബര കാറുകൾക്കും, വലിയ മണിമന്ദിരങ്ങൾ വയ്ക്കുന്നതിനും, മൂന്നര, നാല് ശതമാനം പലിശയ്ക്ക് പണം കൊടുക്കുമ്പോൾ കൃഷിക്കാർക്ക് ഒൻപത്, ഒൻപതര ശതമാനം പലിശയ്ക്കാണ് വായ്പ കൊടുക്കുന്നത്. അവരുടെ പലിശയിലുള്ള തോത് കുറയ്ക്കുക എന്നതല്ലാതെ പലിശരഹിതമായ വായ്പ കൊടുക്കുകയോ പലിശയില്ലാതെ ദീർഘകാല വായ്പയാക്കി കൊടുക്കുകയോ, ചിലത് എഴുതിത്തള്ളുകയോ ചെയ്ത് കൃഷിക്കാരെ സഹായിക്കാൻകൂടി ഒരു നടപടി എടുത്തുകൊണ്ട് കൃഷിക്കാരെ സഹായിക്കുക എന്ന മൊത്തത്തിലുള്ള നമ്മുടെ സ്പിരിറ്റ് ഈ സഭയിൽ വന്ന അഭിപ്രായങ്ങളൊക്കെ ഉൾക്കൊണ്ടുകൊണ്ട് അത് വേഗത്തിൽ നടപ്പാക്കി കൃഷിക്കാരെ സഹായിക്കാനുള്ള നടപടി ഉണ്ടാകട്ടെ എന്നുകൂടി പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. എ. എ. അസീസ്: സർ, കൃഷിക്കാരെ സഹായിക്കാൻ എന്നപേരിൽ കൊണ്ടുവന്ന ഈ ബിൽ പാസ്സാക്കി നടപ്പാക്കുന്നതോടുകൂടി കൃഷിക്കാരന് ദ്രോഹകരമാകരുത്. വ്യാജപട്ടയക്കാർക്കും ഭൂമികയ്യേറ്റക്കാർക്കും കൈവശരേഖ പ്രയോജനപ്പെടുത്താൻ സാധിക്കാത്തവിധം പഴുതുകൾ അടച്ച് ഈ ബിൽ നിയമമാക്കി നടപ്പാക്കാൻ ഗവൺമെന്റ് സന്നദ്ധമാകണമെന്നാണ് എനിക്ക് പറയാനുള്ളത്. മന്ത്രിയുടെ ഉദ്ദേശശുദ്ധിയെ സ്വാഗതം ചെയ്യുകയാണ്. പക്ഷേ, ഇത് കൃഷിക്കാരന് പ്രയോജന പ്രദമാകണം എന്നുമാത്രമാണ് വീണ്ടും കൂട്ടിച്ചേർക്കാനുള്ളത്.

ശ്രീ. ടി. എം. ജേക്കബ്: സർ, ഈ ബില്ലിന്റെ വകുപ്പുതിരിച്ചുള്ള ചർച്ചയിൽ ഞങ്ങൾ വളരെ സജീവമായിട്ട് പങ്കെടുത്തു. ഈ ബില്ലിനെ സംബന്ധിച്ചുള്ള പ്രധാനപ്പെട്ട സംഗതി, ബഹുമാനപ്പെട്ട മന്ത്രി ബില്ലിന്റെ പൊതുചർച്ചയ്ക്ക് മറുപടി പറഞ്ഞ അവസരത്തിലും ക്ലോസ് ബൈ ക്ലോസ് ചർച്ചയ്ക്ക് വന്ന അവസരത്തിലും ചൂണ്ടിക്കാണിച്ചിട്ടുള്ള റവന്യു കാർഡാണ്. റവന്യു കാർഡ് നേരത്തെ തയ്യാറാക്കാൻവേണ്ടിയുള്ള ശ്രമംനടന്നു. പക്ഷേ, റവന്യു കാർഡ് എന്നുള്ള സിസ്റ്റം കൊണ്ടുവന്നത് കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ്. അത് വളരെ ധൃതിപിടിച്ച് ചെയ്തതുകൊണ്ടാണ്

LIBRARY ARCHIVES Kerala Legislative Assembly

നടപ്പിലാക്കാൻ കഴിയാതെ വന്നിരിക്കുന്നതെന്ന് റവന്യു വകുപ്പുമന്ത്രി അദ്ദേഹത്തിന്റെ ആമുഖപ്രസംഗത്തിൽ പറയുകയുണ്ടായി. റവന്യു കാർഡ് വരുന്നതോടുകൂടി ഇവിടെ വലിയ ഒരു മാറ്റത്തിന് വഴിതെളിക്കും എന്നും ഈ ആശയം അദ്ദേഹംതന്നെ റവന്യുമന്ത്രി ആയിരിക്കുന്ന കാലത്ത് ഇനിഷ്യേറ്റ് ചെയ്തുകൊണ്ടുവന്നതാണ് എന്നും സൂചിപ്പിച്ചു. അന്ന് റവന്യു കാർഡ് എന്നുപറയുന്ന ഒറ്റ സംഗതികൊണ്ടുതന്നെ ഇവിടത്തെ കൃഷിക്കാരന്റെ പ്രശ്നങ്ങൾ പരിഹൃതമായി കിട്ടുമെന്നു പറഞ്ഞുതുടങ്ങിയതാണ്. അത് നാളിതുവരെ നടപ്പിലാക്കിയിട്ടില്ല. ഇവിടെത്തന്നെ 1-ാം വകുപ്പിൽ പറയുന്നതെന്താണ്? ഇത് എപ്പോൾ നിലവിൽ വരും? It shall come into force at once എന്നു പറയാറുണ്ട്. അങ്ങനെയാണെങ്കിൽ ഇത് പാസ്സാക്കി ഗവർണ്ണറുടെ അസന്റ് കിട്ടിക്കഴിഞ്ഞാൽ അപ്പോൾത്തന്നെ നടപ്പിലാകും. ഇവിടെ പറയുന്നത് ഇതിന് സർക്കാർ വിജ്ഞാപനം വഴി നിശ്ചയിച്ചേക്കാവുന്ന തീയതി മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്. അപ്പോൾ ഇത് നിലവിൽവരുന്നത് സർക്കാർ നോട്ടിഫൈചെയ്യുന്ന സമയത്താണ്. ഈ നിയമം ഇപ്പോൾ നിലവിൽവരാൻ പോകുന്നില്ല. നമ്മൾ പാസ്സാക്കിക്കഴിഞ്ഞാലും ഇത് ഇങ്ങനെ നിൽക്കും. ആദ്യം ജില്ലാ കൗൺസിൽ നിയമം നിലവിൽവന്നത് 1978-ലാണ്. 1978-ൽ നിയമസഭയിൽ ജില്ലാ കൗൺസിൽ നിയമംവന്ന അവസരത്തിൽ നമ്മുടെ രാജ്യത്തിന്റെ ചരിത്രപരമായ മാറ്റത്തിന് വഴിതെളിക്കുന്ന ഒരു നിയമമാണിത്, പ്രത്യേകിച്ചും ഡെലിഗേഷൻ ഓഫ് പവ്വേഴ്സ്, അധികാര വികേന്ദ്രീകരണത്തിന്റെ മാഗ്നാകാർട്ടയാണ് എന്നു പറഞ്ഞാണ് ജില്ലാ കൗൺസിൽ നിയമം നമ്മൾ കൊണ്ടുവന്നത്. പക്ഷേ, ജില്ലാ കൗൺസിൽ നിയമത്തിനകത്തും പറ്റിയത് എന്താണ്? When it will come into force എന്നു അവിടെ പറഞ്ഞില്ല. അന്നും സർക്കാർ നോട്ടിഫൈ ചെയ്യുന്ന തീയതിയിൽ നിലവിൽ വരുമെന്ന് പറഞ്ഞു. പിന്നെ ഗവൺമെന്റുകൾ പലതും മാറി. അതിനുശേഷം എത്രയോപേർ മുഖ്യമന്ത്രിമാരായിട്ടു വന്നു. പാസ്സാക്കിയ ജില്ലാ കൗൺസിൽ നിയമം കോൾഡ് സ്റ്റോറേജിൽത്തന്നെ ഇരുന്നു. ഇപ്പോഴത്തെ സ്ഥിതിയെന്നു പറയുന്നത് ഈ ഗവൺമെന്റിന്റെ കാലാവധി ഏതാനും മാസങ്ങൾക്കുള്ളിൽ തീരാൻപോകുകയാണ്. അതിനുശേഷം വരാൻപോകുന്നത് വേറൊരു ഗവൺമെന്റാണ്. ഈ നിയമം നടപ്പിൽവരുത്തണമെങ്കിൽ ഒരുപാട് കടമ്പകൾ കടന്നുപോയേ പറ്റൂ. ഈ നിയമത്തിന്റെ ഓപ്പറേറ്റീവ് പാർട്ട് എന്നു പറയുന്നത് സെക്ഷൻ 6-ഉം, 7-ഉം ആണ്. അല്ലെങ്കിൽ ക്ലാസ്സ് 6-ഉം, 7-ഉം ആണ്. ക്ലാസ്സ് 6-ൽ പറയുന്നത് ഈ ആക്ട് പ്രാബല്യത്തിൽ വന്നതിനുശേഷം കഴിയുന്നത്രവേഗത്തിൽ ഓരോ കർഷകനും അയാളുടെ കൃഷി കൈവശഭൂമിയെ സംബന്ധിച്ച ഒരു കിസ്സാൻ പാസ് ബുക്ക് നൽകേണ്ടതും അത് നൽകിയതു സംബന്ധിച്ചുള്ള വിവരം ബന്ധപ്പെട്ട സബ്രജിസ്ട്രാറെ അറിയിക്കേണ്ടതുമാണ്. ഇതാണ് ഓപ്പറേറ്റീവ് പാർട്ട്. ഓരോ കൃഷിക്കാരനും കിസ്സാൻ പാസ് ബുക്ക് കിട്ടണം. ഈ നിയമത്തിൽ ഒരു സ്ഥലത്തും കിസ്സാൻ പാസ് ബുക്ക് എന്താണെന്നു പറയുന്നില്ല. ഇതിന് അനുബന്ധമില്ല. അതു പ്രിസ്ക്രൈബ് ചെയ്യണം.

LIBRARY ARCHIVES Kerala Legislative Assembly

കിസ്സാൻ പാസ് ബുക്ക് എന്തായിരിക്കും, അതിന്റെ ഘടന, അതിനകത്ത് എന്തെല്ലാം കണ്ടന്റ്സ് വരുന്നുണ്ട് എന്നുള്ളത് ഈ സഭയ്ക്ക് അവ്യക്തമാണ്. ഇപ്പോൾ നമ്മുടെ മുന്നിൽ നിൽക്കുന്നത് ഒരു നിയമം മാത്രമാണ്. നിയമപ്രകാരം കൊണ്ടുവരാൻപോകുന്ന ചട്ടത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് കിസ്സാൻ പാസ് ബുക്കിന്റെ രൂപം എന്താണെന്ന് സഭാംഗങ്ങളും കേരളത്തിലെ ആളുകളും അറിയാൻപോകുന്നത്. നേരത്തെ നമുക്കൊരു നടപടിക്രമമുണ്ടായിരുന്നു. നേരത്തെ ഉണ്ടായിരുന്ന നടപടിക്രമമനുസരിച്ച് റൂൾസിന്റെ ഡ്രാഫ്റ്റ് ഫോമിൽ നിയമസഭാ കമ്മിററി അത് പരിശോധിക്കണം. പിന്നീട് അത് അമെന്റ് ചെയ്തു. അമെന്റ് ചെയ്യാൻ ഇവിടെ വേറെ റീസൺസ് ഉണ്ടായി. ഗവൺമെന്റിന് വളരെ ഇൻകൺവീനിയന്റായിട്ടുള്ള ഒരു സിറ്റ്യുവേഷൻ വന്നപ്പോഴാണ് അത് അമെന്റ് ചെയ്തത്. അമെന്റ് ചെയ്തതുകൊണ്ട് എന്തു സംഭവിച്ചു? ഗവൺമെന്റിന് വേണമെങ്കിൽ ചട്ടങ്ങൾ പുറത്തിറക്കാം. എന്നിട്ട് അത് സ്ക്രൂട്ടിണിക്കായി സബ്ജക്ട് കമ്മിറ്റിക്ക് വിട്ടാൽമതി. അപ്പോഴേക്കും ഈ പറയുന്ന കാര്യങ്ങൾ പലതും നടപ്പിലാക്കിക്കഴിഞ്ഞിരിക്കും. ഈ സഭയെ സംബന്ധിച്ചിടത്തോളം ഈ ചട്ടങ്ങളുടെ ഒരു സ്ക്രൂട്ടിണി മാത്രമാണ് നടക്കാൻപോകുന്നത്. അത് ഈ പാസ് ബുക്കിന്റെ രീതിയും കാര്യങ്ങളും വന്നശേഷം മാത്രമാണ് ഒരു സ്ക്രൂട്ടിണിക്ക് വിധേയമാക്കാൻ കഴിയുക. അപ്പോൾ ഇതിനകത്ത് ഈ 6-ാം വകുപ്പിൽ പറയുന്ന കാര്യം അതുപോലെതന്നെ 7, ഞാൻ ആദ്യം പറഞ്ഞ മറ്റൊരു പ്രധാനപ്പെട്ട വകുപ്പാണ്. അതിന്റെ ഉള്ളടക്കം കിസ്സാൻ പാസ് ബുക്ക് കർഷകനെ സംബന്ധിച്ചുള്ള വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് നിർണ്ണയിക്കപ്പെടാവുന്ന മാതൃകയിൽ ആയിരിക്കേണ്ടതും അങ്ങനെയുള്ള കാലയളവിലേക്ക് സാധുവായിരിക്കുന്നതുമാണ്. ഇതിനകത്ത് ബേസിക് ആയിട്ടുവരുന്ന ഒരു ഇഷ്യു ഉണ്ട്. ഭൂമിയെ സംബന്ധിച്ച്, ബഹുമാനപ്പെട്ട മന്ത്രി ഒരു സന്ദർഭത്തിൽ പറഞ്ഞു, അല്ലെങ്കിൽ പ്രധാനമായിട്ട് ഇതിനകത്ത് പറയുന്നുണ്ട്. ഏതെല്ലാം നിയമങ്ങളിൽ പറയുന്ന, ഇപ്പോൾ ഡഫനിഷൻ ക്ലോസിനകത്ത് ധനകാര്യസ്ഥാപനമെന്നുള്ളത് ഒന്നു മുതൽ പതിനൊന്നുവരെയുള്ള ഭാഗങ്ങളിലായിട്ട് എന്തൊക്കെയാണ് ധനകാര്യ സ്ഥാപനങ്ങൾ എന്നും അവിടെയെല്ലാം ഈ കിസ്സാൻ പാസ് ബുക്കുമായിട്ട് അപ്രോച്ച് ചെയ്യാമെന്നുമാണ് ഡെഫനിഷൻ ക്ലോസിൽ പറഞ്ഞിരിക്കുന്നത്. അവിടെ ചെല്ലുന്ന അവസരത്തിൽ ഈ റവന്യു പാസ് ബുക്കിൽ, അല്ലെങ്കിൽ റവന്യു ഡിപ്പാർട്ടുമെന്റ് കൊടുക്കാൻ പോകുന്ന കിസ്സാൻ പാസ് ബുക്കിൽ രാജ്യത്തെ ഏറ്റവും അനിവാര്യമായിട്ടുള്ള എൻകമ്പറൻസ് സർട്ടിഫിക്കറ്റ് വരുന്നുണ്ടോ, ബാദ്ധ്യതാ സർട്ടിഫിക്കറ്റ്? സ്വാഭാവികമായിട്ടും ആളുകൾ ഇതിനകത്ത് കബളിപ്പിക്കപ്പെടരുത്. ബാദ്ധ്യതാസർട്ടിഫിക്കറ്റിനെക്കുറിച്ച് ഇതിനകത്ത് ഒരിടത്തും പറയുന്നില്ല. ഒരു ആധാരം നടത്തുന്ന സന്ദർഭത്തിൽ ബാദ്ധ്യതയെ സംബന്ധിച്ച് എന്താണ് പറഞ്ഞിരിക്കുന്നതെന്നുള്ള കാര്യം പരിശോധിക്കുന്നതാണ്. അപ്പോൾ ഒരു വസ്തു ഈടുവച്ച് ഒരു സ്ഥലത്തുനിന്ന് ഒരു വായ്പയെടുക്കുന്നു. പല ആവശ്യങ്ങൾക്കും

LIBRARY ARCHIVES Kerala Legislative Assembly

എടുക്കാമല്ലോ. കാർഷികാവശ്യത്തിനും എടുക്കാം. അതിനകത്ത് സഹകരണബാങ്കിന്റെ കാര്യത്തിൽ മാത്രമാണ് ഒരു ഇളവ് പറഞ്ഞിരിക്കുന്നത്. ബാക്കി ഏത് സ്ഥലത്ത് പോയാലും പല കാര്യങ്ങൾക്ക് ഭൂമി പണയപ്പെടുത്തി പൈസ എടുക്കേണ്ടിവരും. ഭൂമി പണയപ്പെടുത്തി പണം തരുമ്പോൾ ഈ പണം തരുന്നവർക്ക് ഇതെല്ലാം നോക്കാനുള്ള സൗകര്യം വേണ്ടേ? അതല്ലാതെ നിയമം എഴുതി വച്ചതുകൊണ്ടുമാത്രമായോ? ഒരു നിയമം പാസ്സാക്കിയാൽ അതിനെതിരെ കോടതിയിൽ പോകാം. അത് നടപ്പിലാക്കുന്നസമയത്ത് ഉണ്ടാകുന്ന വൈഷമ്യങ്ങളാണ് ഞാൻ പറയുന്നത്. ഇതൊന്നും ഈ നിയമനിർമ്മാണസന്ദർഭത്തിൽ ശ്രദ്ധിച്ചിട്ടില്ല. അത് അവ്യക്തമായിട്ട് ഇവിടെ നിലനിൽക്കുകയാണ്. പിന്നെ വേറൊന്ന് 9-ാം ക്ലാസ്സിൽ പറയുന്നതെന്താണ്? ഇവിടെ ഒരുപാട് ക്രയവിക്രയങ്ങൾ നടക്കുന്നുണ്ട്. കൈമാറ്റം ഇഷ്ടംപോലെ നമ്മുടെ കേരളത്തിൽ നടക്കുന്നു. ഏത് സബ്‌രജിസ്ട്രാർ ഓഫീസിൽ ആണെങ്കിലും ശരി എല്ലാ ദിവസവും ഭൂമിയുടെ വിൽപ്പനയും വാങ്ങലും നടക്കുന്നുണ്ട്. ഒരു പ്രധാനപ്പെട്ട ഭാഗം സബ്‌രജിസ്ട്രാർ ഓഫീസിലാണ്. ഇവിടെ എന്താണ് പറഞ്ഞിരിക്കുന്നത്? കിസ്സാൻ പാസ് ബുക്ക് ഹാജരാക്കാതെ ഇത് നടപ്പിലാക്കുന്ന തീയതി മുതൽ ഒരു തുണ്ടുഭൂമിയും വിൽക്കുവാനോ വാങ്ങുവാനോ സാദ്ധ്യമല്ല. ഇത് ഒരു സ്ഥലത്തേക്കുമാത്രം കോൺസൻട്രേറ്റ്ചെയ്ത് പോകാൻ പോകുകയാണ്. ഇത് ക്രയവിക്രയത്തെ കൂടുതൽ ബാധിക്കും. സർക്കാരിന്റെ റവന്യൂവിനെ ബാധിക്കും. അതിനെ സംബന്ധിച്ച് വ്യക്തമായിട്ടുള്ള കാര്യങ്ങൾ നമുക്ക് 9-ാം വകുപ്പിൽ രേഖപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ഇവിടെ അമെന്റ്മെന്റ് വന്നു. ബഹുമാനപ്പെട്ട മന്ത്രി അത് സ്വീകരിച്ചിട്ടില്ല. രജിസ്ട്രേഷനെ സംബന്ധിച്ചാണ് ഒമ്പതാം വകുപ്പിൽ പറയുന്നതെങ്കിലും പത്തിൽ പറയുന്നത് റവന്യൂ റിക്കോർഡിനെ സംബന്ധിച്ചാണ്. ഒമ്പതാം വകുപ്പിലും, പത്താംവകുപ്പിലും നമ്മുടെ ദൈനംദിന ജീവിതത്തെ പ്രകടമായിത്തന്നെ ബാധിക്കുന്ന കാര്യങ്ങളാണ് അടങ്ങിയിരിക്കുന്നത്. ഏതെങ്കിലും സന്ദർഭത്തിൽ ഈ ഓഫീസുകളിൽ നിങ്ങൾക്കും ബന്ധപ്പെടാതിരിക്കാൻ പറ്റില്ല. അതും പ്രധാനപ്പെട്ട ഇഷ്യു ആയിട്ട് നിൽക്കുകയാണ്. ഞാൻ മറ്റു വകുപ്പുകളിലേക്ക് പോകുന്നില്ല. മറ്റു ബിസിനസ്സുകളുള്ളതുകൊണ്ടാണ്. അല്ലെങ്കിൽ ചില കാര്യങ്ങൾകൂടി പറയേണ്ടതുണ്ട്. 9 നടപ്പിലാക്കുമ്പോൾ പ്രായോഗികമായ വൈഷമ്യങ്ങളുണ്ട്. 10 നടപ്പിലാക്കുമ്പോൾ പ്രായോഗികമായ വൈഷമ്യങ്ങളുണ്ട്, പാസ് ബുക്കിന്റെ കാലാവധിയെ സംബന്ധിച്ച് അത് എന്താണെന്ന് എനിക്ക് അറിയില്ല. ബഹുമാനപ്പെട്ട മന്ത്രി അത് വളരെ ലൈറ്റായിട്ട് വിട്ടു. കിസ്സാൻ പാസ് ബുക്കിന് മൂന്ന് വർഷത്തെ കാലാവധിയാണ് നിശ്ചയിച്ചിരിക്കുന്നത്. അത് ശരിയല്ല. ഇത് പെർമനന്റായി കൊടുക്കുന്ന ഒരു രേഖയാണ്. അതിനകത്ത് additions വരുത്താം. അത് എപ്പോഴും ആവശ്യമാണ്. അതിനുള്ള പ്രൊവിഷൻസ് ഇൻകോർപ്പറേറ്റ് ചെയ്യണം. ആ പാസ് ബുക്ക് 3 വർഷക്കാലത്തേക്കാണെന്ന് പറഞ്ഞാൽപ്പിന്നെ വേറെ പാസ് ബുക്ക് എടുക്കണം. കിസ്സാൻ പാസ് ബുക്ക് എത്ര കോടി അടിച്ചാൽ

LIBRARY ARCHIVES Kerala Legislative Assembly

അതിന് മതിയാകും? അതിനെക്കുറിച്ചൊരു വ്യക്തമായ രൂപം നമുക്കുണ്ടോ? ചുരുക്കി പറഞ്ഞാൽ റവന്യു കാർഡ് സിസ്റ്റം ഇൻട്രൊഡ്യൂസ് ചെയ്തപ്പോൾ ബഹുമാനപ്പെട്ട മന്ത്രി തന്നെ ആമുഖമായി പറഞ്ഞു, അത് നടപ്പിലാക്കാൻ ഇതുവരെ കഴിയാതെവന്നത് ധൃതി പിടിച്ച് തീരുമാനം എടുത്തതുകൊണ്ടാണെന്ന്. ഇടതുപക്ഷ സർക്കാരിന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയാണെന്ന് അങ്ങ് ഇവിടെ അൽപ്പം മുമ്പ് ഈ സഭയിൽ പ്രസ്താവിച്ച പ്പോൾ പറഞ്ഞതാണ്. ആ വാക്കുകൾകൂടി കണക്കിലെടുത്തുകൊണ്ട് പറയുമ്പോൾ കിസ്സാൻ പാസ് ബുക്കിനെ സംബന്ധിച്ചും ധൃതിപിടിച്ചുതന്നെ വന്നിരിക്കുന്നു. വളരെ വേഗത്തിൽ ഇത് പാസ്സാക്കാനുള്ള ശ്രമംനടന്നു. കിസ്സാൻ പാസ് ബുക്ക് നിയമം പാസ്സാക്കി കോൾഡ് സ്റ്റോറേജിൽ വയ്ക്കുന്ന നിയമനിർമ്മാണപട്ടികയിൽ ഒന്നായി മാറാൻ പാടില്ല. ഇത് കേരളത്തിലെ കർഷകർക്ക് പ്രയോജനം കിട്ടാൻവേണ്ടിയാണ് നമ്മൾ ഉദ്ദേശിക്കുന്നതെങ്കിൽ ഇതിനാവശ്യമായിട്ടുള്ള കാര്യങ്ങൾ വേണം. ഇക്കാര്യത്തിൽ എല്ലാപേരെയും കോൺഫിഡൻസിൽ എടുക്കണം എന്നാണ് ഒന്നുകൂടി ഞാൻ ആവർത്തിച്ചു പറയുന്നത്. ഇതിന്റെ ഉള്ളടക്കത്തിൽ എന്തെല്ലാം വേണം, കിസ്സാൻ പാസ് ബുക്ക് എങ്ങനെ ആയിരിക്കണം എന്നുള്ളത് കേരളത്തിലെ എല്ലാ രാഷ്ട്രീയ കക്ഷികൾക്കും അറിയാനുള്ള ആഗ്രഹമുണ്ട്. അതിനുള്ള അവസരം ഒരിക്കലും ഹനിക്കപ്പെടുന്ന ഒരു സാഹചര്യം ഉണ്ടാകരുതെന്നുകൂടി ഞാൻ പറയുകയാണ്. നമ്മൾ കൊണ്ടുവരുന്ന നിയമം ജനക്ഷേമത്തിനുവേണ്ടിയാണെങ്കിൽ അത് ജനക്ഷേമകരമായി നടപ്പിലാക്കാനുള്ള മുൻകരുതലുകൾ ഗവണ്മെന്റ് എടുക്കണം എന്നുകൂടി പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

റവന്യുവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി):* സർ, ബഹുമാനപ്പെട്ട പ്രതിപക്ഷം ഇതിനെ സ്വാഗതം ചെയ്തതിൽ അതിയായ സന്തോഷം ഉണ്ട്. വൃക്ഷ തൈകൾ വച്ചുപിടിപ്പിക്കുന്ന നിയമം ഇവിടെ പാസ്സാക്കിയപ്പോൾ ഞാൻ പറഞ്ഞു, ഇത് കർഷകന്റെ മാഗ്നാകാർട്ടയാണെന്ന്. ആ വാക്കുതന്നെ ഞാൻ ഇവിടെ ഉപയോഗിക്കു ന്നില്ല. ഇന്ന് പാസ്സാക്കുന്ന നിയമം കൃഷിക്കാരന്റെ രക്ഷാകവചമാണ്. ഇടുക്കിയിലെ മലയോരപ്രദേശങ്ങളിലുള്ള പതിനായിരക്കണക്കിന് ആളുകൾക്ക് അവരുടെ സ്വന്തം ഭൂമി ഈടുവച്ച് വായ്പയെടുക്കാനോ അല്ലെങ്കിൽ കൈമാറ്റം ചെയ്യാനോ അവകാശമില്ല. അവർക്ക് ഇത് ഈടുവച്ച് ധനകാര്യസ്ഥാപനങ്ങളിൽനിന്നും വായ്പ എടുക്കാൻ കഴിയു മായിരുന്നില്ല. നിയമം അവരെ വിലക്കിയിരിക്കുകയാണ്. അതിൽനിന്നും മലയോര കർഷകന് മോചനം കിട്ടി എന്നുള്ളത് ഒരു വലിയ കാര്യമല്ലേ? അതുകൊണ്ടാണ് കൃഷിക്കാരന്റെ രക്ഷാകവചമെന്ന് ഞാൻ പറയുന്നത്. അതുപോലെതന്നെ കേരളത്തിലെ മുഴുവൻ കൃഷിക്കാരെ സംബന്ധിച്ചും, ഇത് ഒരു പർപ്പസിനുവേണ്ടി മാത്രമാണ്. റവന്യു കാർഡ് പല പർപ്പസിനുവേണ്ടിയുള്ളതാണ്. റവന്യുകാർഡ് കോളേജ് അഡ്മിഷനുവേണ്ടി,

LIBRARY ARCHIVES Kerala Legislative Assembly

വരുമാന സർട്ടിഫിക്കറ്റ്, പൊസഷൻ സർട്ടിഫിക്കറ്റ് എന്നിവയ്ക്കുവേണ്ടിയൊക്കെ ഉപയോഗിക്കാം. ഇവിടെ ഒരു പർപ്പസ് മാത്രമേയുള്ളൂ. ധനകാര്യസ്ഥാപനങ്ങളിൽനിന്നും വായ്പ എടുക്കേണ്ടതിന്റെ ആവശ്യത്തിലേക്കായി രജിസ്റ്റർ കച്ചേരിയിൽപ്പോയി പണയപ്പെടുത്തുന്നതിനുപകരം പാസ് ബുക്കിന്റെ എൻട്രി ലയബിലിറ്റിയായി നിയമത്തിൽ പ്രഖ്യാപിക്കുകയാണ്. പാസ് ബുക്കിൽ എൻട്രി മതി. ഇതാണ് കാര്യം. ചട്ടങ്ങൾ ഉണ്ടാക്കുമ്പോൾ ഇതൊക്കെ സുതാര്യമാകും. കടങ്ങൾ ഒന്നും ഇതിലല്ല വരുന്നത്. അത് യു.ഡി.എഫ്. ഗവണ്മെന്റ് വന്ന ഉടനെതന്നെ അഗ്രിക്കൾച്ചർ ഡെബ്റ്റ് റിലീഫ് ആക്ടാണ് പാസ്സാക്കിയത്. കടാശ്വാസ നിയമം—സകല ബാങ്കുകളിൽനിന്നും 2001-ന് മുമ്പ് എടുത്തിരിക്കുന്ന കടങ്ങൾക്ക് ആറു മാസത്തെ മോറട്ടോറിയവും പലിശയിളവും കൊടുത്തു. പിന്നീട് കർഷകർ ആവശ്യപ്പെട്ടപ്പോൾ 2001-ന് ശേഷം എടുത്ത കടങ്ങൾക്കും ആറു മാസത്തെ മോറട്ടോറിയവും പലിശയിളവും കൊടുത്തു. വയനാട് ജില്ലയിൽ പ്രത്യേക പാക്കേജ് കൊടുത്തു. കടാശ്വാസത്തെ സംബന്ധിച്ചിടത്തോളം പ്രത്യേക നിയമനിർമ്മാണം ഈ സഭയിൽ വന്നിട്ടുണ്ട്. അതെല്ലാംകൂടി ഈ നിയമനിർമ്മാണത്തിനകത്തല്ല ചേർക്കുന്നതെന്ന് പ്രത്യേകിച്ച് ഞാൻ വിശദമാക്കാൻ ആഗ്രഹിക്കുന്നു. റവന്യുകാർഡ് നിയമം വരട്ടെ. ഹെയ്സ്റ്റിയായി എന്നല്ല ഞാൻ പറഞ്ഞത്. റവന്യു കാർഡ് നടപ്പിലാക്കണമെങ്കിൽ എല്ലാ കുടുംബങ്ങളിലുംപോയി സർവ്വേനടത്തി അവരുടെ ഭൂമി, കൈവശാവകാശം, അംഗങ്ങളുടെ വരുമാനം, കൈവശരീതി ഇതെല്ലാം കുറിച്ചെടുത്ത് അതിന്റെ അടിസ്ഥാനത്തിൽ റവന്യു പാസ് ബുക്ക് തയ്യാറാക്കിയതിനുശേഷം മാത്രമേ നിലവിൽ വരൂ. ഇടതുപക്ഷ മുന്നണി ഗവണ്മെന്റിന്റെ കാലത്ത് അവർ അത് ചെയ്തില്ല. ചെയ്യാതെ നിയമം നിലവിൽവന്നു എന്ന് പ്രഖ്യാപിച്ചു. രണ്ടാമത്തെ നോട്ടിഫിക്കേഷൻ നടത്തിയതുമില്ല. ഞാൻ വിവാദത്തിലേക്ക് പോകുന്നില്ല. ഇപ്പോൾ അതിന്റെ ഒന്നും ആവശ്യമില്ല. രണ്ടാമത്തെ നോട്ടിഫിക്കേഷൻ നടത്തിയുമില്ല. അതായിരുന്നു കുഴപ്പം. അപ്പോൾ തീർച്ചയായും റവന്യു കാർഡെന്ന കോൺസപ്റ്റ് ഗവണ്മെന്റ് കൈ ഒഴിഞ്ഞിട്ടില്ല. ആ കോൺസപ്റ്റ് വളരെ വ്യക്തമായി നല്ല നിലയിൽ നമുക്ക് നടപ്പിലാക്കാം. നമുക്കെല്ലാപേർക്കും യുണാനിമസായിട്ട് നടപ്പിലാക്കാൻ കഴിയും. വ്യാജപട്ടയം എങ്ങനെയാണ് ഇവിടെ ഉണ്ടാകുന്നത്? ഇതിന് വ്യാജപട്ടയവുമായിട്ട് ഒരു ബന്ധവുമില്ല. റിക്കോഡ് ഓഫ് റൈറ്റ്സ് ആക്ടനുസരിച്ച് ഓരോ താലൂക്ക് കച്ചേരിയിലും ഓരോ വ്യക്തിയുടെയും തണ്ടപ്പേരുണ്ട്. നമ്മുടെയൊക്കെ വസ്തുവിന്റെ ആധാരത്തിന്റെ അടിസ്ഥാനം അതാണ്. റവന്യു വകുപ്പിലുള്ള റവന്യു റിക്കോർഡ് ഓഫ് റൈറ്റ്സ് ആക്ടാണ് നമ്മുടെ വസ്തുവിന്റെ വാലിഡിറ്റി എന്നു പറയുന്നതിന്റെ ടൈറ്റിൽ. ആ തണ്ടപ്പേര് നോക്കിക്കൊണ്ട് റവന്യു ഓഫീസിൽനിന്നും ആ ആക്ടിനു വിധേയമായി ആ ബുക്കിനകത്ത് എന്റർ ചെയ്യുന്നു. ഇയാൾക്ക് ഇത്ര വസ്തുവുണ്ട്, അത് പട്ടയമാണ് അല്ലെങ്കിൽ ലീസാണ് എന്നുള്ളത് എന്റർ ചെയ്താൽ അതാണ് പാസ് ബുക്ക്. അവിടെ വ്യാജപട്ടയം ഉണ്ടാകില്ല. വ്യാജപട്ടയം തടയാൻ വേണ്ടിയാണ് ഇത് ചെയ്തിരിക്കുന്നത്. അതുപോലെതന്നെ ഇത് കൊണ്ടുപോയി ഹാജരാക്കണ്ടേ? ഇവിടെ ഒരു കൺഫ്യൂഷൻ വന്നിട്ടുണ്ട്. എന്തിനാണ് ഹാജരാക്കുന്നത്? ഇതിനു മുമ്പ്

LIBRARY ARCHIVES Kerala Legislative Assembly

എൻകമ്പ്രൻസ് സർട്ടിഫിക്കറ്റുണ്ട്. ഒരു വസ്തു കൈമാറ്റം ചെയ്യുമ്പോൾ രജിസ്റ്റർ കച്ചേരിയിൽപ്പോയി രജിസ്റ്റർ ചെയ്തിട്ടുള്ള പ്രമാണങ്ങളെ സംബന്ധിച്ചിടത്തോളം റിക്കോർഡ് ഉണ്ട്. ഉദാഹരണം എ.-യുടെ എൻകമ്പ്രൻസ് സർട്ടിഫിക്കറ്റ് തരണമെന്ന് പറഞ്ഞാൽ അപ് ടു ഡേറ്റ് ആയിട്ട് ഇതുവരെ ആ ഭൂമിയെ സംബന്ധിച്ച് നടത്തിയിട്ടുള്ള പ്രമാണങ്ങൾ തരും. ഇവിടെ അങ്ങനെയല്ല. ആ വ്യവസ്ഥയ്ക്ക് മാറ്റംവരാൻ പോകുകയാണ്. ഇനിമുതൽ രജിസ്റ്റർ കച്ചേരിയിൽപോയി രജിസ്റ്റർ ചെയ്യേണ്ട. കടം എടുക്കാൻ വസ്തു പണയപ്പെടുത്തണ്ട. അപ്പോൾ അതിന്റെ അർത്ഥം, കടം എടുക്കുന്ന കേസുകളിലുള്ള കൈമാറ്റം ഇനി മുതൽ സബ്രജിസ്ട്രാർ ഓഫീസിൽ ആദ്യം വരില്ല. ഈ പാസ്ബുക്കിന്റെ അടിസ്ഥാനത്തിൽ നമ്മൾ വായ്പ എടുക്കുമ്പോൾ ആ വായ്പ ഈ ബുക്കിനകത്ത് ധനകാര്യസ്ഥാപനം എന്റർ ചെയ്യുന്നു. ആ എൻട്രി തന്നെയാണ് ലയബിലിറ്റി എന്നു പറയുന്നത്. അത് വരുമ്പോൾ ഇയാൾ ഇതിനുമുമ്പ് പണയം വച്ചിട്ടുണ്ടോ, വായ്പ എടുത്തിട്ടുണ്ടോ എന്നുള്ള ആ ലിമിറ്റഡ് പർപ്പസിന് എൻകമ്പറൻസ് സർട്ടിഫിക്കറ്റ് ആവശ്യമില്ല. പാസ് ബുക്കാണ് ആവശ്യം. പഴയ വ്യവസ്ഥ മാറുകയാണ്. പ്രോസ്പെക്ടീവായിട്ട് വരുമ്പോൾ കടം എടുക്കുന്ന കാര്യങ്ങൾ സംബന്ധിച്ച് ഇനി പാസ് ബുക്കിലാണ് എന്റർ ചെയ്യുന്നത്. അപ്പോൾ പാസ് ബുക്കിന്റെ എൻട്രി പ്രധാനമാണ്. വസ്തു വിൽക്കുകയോ എന്തു ചെയ്താലും വസ്തുവിന്റെ കരണങ്ങളെ സംബന്ധിച്ചിടത്തോളം നടക്കുന്ന പ്രമാണങ്ങളുടെ സമയത്ത് ഈ പാസ് ബുക്ക് കൊണ്ടുപോയി സബ് രജിസ്ട്രാറുടെ മുമ്പിൽ ഹാജരാക്കിയാൽ മാത്രമേ യഥാർത്ഥമായ ബാദ്ധ്യത മനസ്സിലാകുകയുള്ളൂ. അതുകൊണ്ട് ഒരു പ്രിക്കോഷൻ എന്നുള്ള നിലയിൽ എടുത്തിരിക്കുന്നതാണത്. ഇവിടെ വ്യാജൻ ഒന്നും കടന്നു വരില്ല. അങ്ങനെയുള്ള സംശയമൊന്നും വേണ്ട. ഇത് വളരെ ഫുൾപ്രൂഫായിട്ട് തയ്യാറാക്കിയിരിക്കുന്ന ഒരു നിയമമാണ്. അതുപോലെതന്നെ ഈ കിസ്സാൻ പാസ് ബുക്കിലെ രണ്ട് ജി.-യിൽ വിശദീകരിക്കുന്നതുകൊണ്ട് അവ്യക്തതയുണ്ടെന്ന് ശ്രീ. ടി. എം. ജേക്കബ് പറഞ്ഞാൽ അത് അവ്യക്തതയാകുമോ? രണ്ട് ജി.-യിൽ കിസാൻ പാസ് ബുക്ക് നല്ല രീതിയിൽ ഡിഫൈൻ ചെയ്തിട്ടുണ്ട്. ഇതിൽ കൂടുതൽ എന്തു വേണം? കിസാൻ പാസ് ബുക്ക് എന്നാൽ ഒരു കർഷകന് തന്റെ കൃഷിഭൂമിയിലോ റവന്യൂ എസ്റ്റേറ്റിലോ ഭൂമിയിലോ ഉള്ള അവകാശത്തിന്റെ സ്വഭാവവും വ്യാപ്തിയും കാണിക്കുന്ന, 1968-ലെ കേരള അവകാശ രേഖകൾ ആക്ടിൽ നിന്നോ മറ്റു റവന്യൂ രേഖകളിൽനിന്നോ ഉള്ള സാക്ഷ്യപ്പെടുത്തിയ പ്രസക്ത ഭാഗങ്ങളും നിർണ്ണയിക്കപ്പെടാവുന്ന മറ്റു വിവരങ്ങളും അടങ്ങിയ 6-ാം വകുപ്പിൻകീഴിൽകൊടുത്ത പാസ്ബുക്ക് എന്നർത്ഥമാകുന്നു. പോസിബിളായ എല്ലാ രേഖകളും ഉൾപ്പെടുത്തിക്കൊണ്ട് എൻട്രി ചെയ്തെടുക്കുന്ന ഒരു പാസ് ബുക്കെന്ന് പറയുന്നത് ഒരു വാലിഡ് ഡോക്കുമെന്റാണ്. ഒരു വ്യാജവുമില്ല. അവിടെ അവ്യക്തതയില്ല. ഇത്രയും വ്യക്തമായ ഒരു ഡിസ്ക്രിപ്ഷൻ വേറെ നിയമങ്ങളിൽ ചുരുക്കമാണ്. അതുകൊണ്ട് ശ്രീ. ടി. എം. ജേക്കബിന്റെ വാദം ഞാൻ അംഗീകരിക്കുന്നില്ല. ഇതിനെ സംബന്ധിച്ചിടത്തോളം കുഴപ്പമില്ലാത്ത കാര്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ്: സർ, കിസ്സാൻ പാസ് ബുക്കിന്റെ കാര്യത്തിൽ വ്യാജം എന്ന ഒരു വാക്ക് എന്റെ സംസാരത്തിൽ ഞാൻ പറഞ്ഞിട്ടില്ല. ഞാൻ പറഞ്ഞത്, കിസ്സാൻ പാസ് ബുക്കിൽ ഇതിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളേക്കാൾ കൂടുതലുള്ള കാര്യങ്ങൾ മനസ്സിലാകണമെങ്കിൽ നിർണ്ണയിക്കപ്പെടുന്ന രണ്ടു ജി. യിൽത്തന്നെ പറയുന്നുണ്ട്— നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ—ഡീറ്റെയിൽസ് അപ്പോഴേ കിട്ടൂ. അത് റൂൾസിലാണ് വരുന്നത്. റൂൾസ് ആദ്യം സ്ക്രൂട്ടിനിക്ക് വിധേയമാകുന്നില്ല. ഗവണ്മെന്റ് ഇഷ്യു ചെയ്യും. ഇപ്പോഴത്തെ പട്ടം അനുസരിച്ച് വീണ്ടും പരിശോധനയ്ക്ക് വരും.

ശ്രീ. കെ. എം. മാണി: ഇത് വളരെ പ്രസക്തമല്ലേ? പ്രസക്തഭാഗങ്ങളും നിർണ്ണയിക്കപ്പെടാവുന്ന, ബഹുമാനപ്പെട്ട മുഖ്യമന്ത്രി എപ്പോഴും പറയും മനുഷ്യസാദ്ധ്യമായ എല്ലാം. അപ്പോൾ ഈ പ്രസക്തമായ ഭാഗങ്ങളും മനുഷ്യസാദ്ധ്യമായ മുഴുവൻ വിവരങ്ങളും ഇതിൽ ചേർക്കണം എന്നു പറഞ്ഞാൽ ഇങ്ങനെ സംശയിക്കരുത്. കയർ കണ്ടാൽ പാമ്പാണെന്ന് തോന്നും. നിഴലിനോട് യുദ്ധം ചെയ്യരുത്. ശ്രീ. ടി. എം. ജേക്കബ് പറഞ്ഞ നല്ല കാര്യങ്ങൾ സ്വീകരിച്ചു. ഇത് സ്വീകരിക്കാൻ ബുദ്ധിമുട്ടാണ്.

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2005-ലെ കേരള കിസ്സാൻ പാസ് ബുക്ക് ബിൽ പാസ്സാക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ.........................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

മി. സ്പീക്കർ: ഇതിന്റെ ചർച്ച വളരെ ഫലപ്രദമായി നടത്തിയ എല്ലാ അംഗങ്ങളെയും പാനൽ ഓഫ് ചെയർമാൻമാരെയും അഭിനന്ദിക്കുന്നു.

ഡോ. തോമസ് ഐസക്: റൂൾ 56-ലേക്ക് അങ്ങയുടെ ശ്രദ്ധ ഞാൻ ക്ഷണിക്കുകയാണ്. അതിൽ 2 മണിക്കൂർ ചർച്ച എന്നുള്ളത് വളരെ വ്യക്തമാണ്. 12.30-ന് തുടങ്ങി 2.30 വരെ, അല്ലെങ്കിൽ രണ്ട് മണിക്കൂർ. സാധാരണഗതിയിൽ അടിയന്തിരപ്രമേയം അവതരിപ്പിക്കുകയാണെങ്കിൽ പതിനഞ്ചോ ഇരുപതോ മിനിട്ട് സംസാരിക്കും. പ്രതിപക്ഷത്തെ മുഴുവൻ കക്ഷിനേതാക്കൻമാരും വാക്കൗട്ട് നടത്താൻ സംസാരിക്കും. ഇവിടെ 10 മിനിട്ടായി ചുരുക്കുക, കക്ഷിനേതാക്കൻമാർക്കെല്ലാം സംസാരിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

അവസരമുണ്ടാകാതിരിക്കുക, എന്നാൽ ഭരണകക്ഷിയിലുള്ളവർക്ക് സംസാരിക്കാൻ അവസരമുണ്ടാവുക. അങ്ങാണെങ്കിൽ രണ്ട് മണിക്കൂർ അവകാശമുള്ളത് ഒരു മണിക്കൂറായി ചുരുക്കി. അത് ശരിയല്ല. എനിക്ക് 10 മിനിട്ട് സമയം പോരാ.

മി. സ്പീക്കർ: ഒരു കാര്യം ഞാൻ പറയാം, സാധാരണ അടിയന്തിരപ്രമേയത്തിന്റെ നടപടിക്രമം നമുക്കറിയാം. ഇതൊരു ഭരണകക്ഷിയുടെയോ പ്രതിപക്ഷത്തിന്റെയോ പ്രശ്നമല്ല. ഈ സംസ്ഥാനത്തിന്റെ പൊതുവായ പ്രശ്നമെന്നനിലയ്ക്ക് അതിന്റെ ഗൗരവവശങ്ങൾ കണക്കിലെടുത്ത് വിവിധ നിയോജകമണ്ഡലങ്ങളിലെ പ്രതിനിധികൾക്ക് പറയാനുള്ള അവസരം എന്നുള്ള നിലയ്ക്കാണ് സമയം അനുവദിച്ചിരിക്കുന്നത്. ഒരു ഹെൽത്തി സ്പിരിറ്റിൽ കാര്യങ്ങൾ കൊണ്ടുപോവുക. പിന്നെ റൂളും ചട്ടങ്ങളും പറഞ്ഞ് 2 മണിക്കൂർ എന്നുള്ളത് 3 മണിക്കൂറാക്കി ഇതിന്റെ ഗൗരവം കുറച്ചിട്ട് കാര്യമില്ല. പക്ഷേ, ന്യായമായി പറയാനുള്ള അവസരമുണ്ടാകും. സംയമനം എല്ലാവരും പാലിച്ച് കൃത്യസമയത്ത് നിർത്തുക. പറയാനുള്ള അവസരം എന്നത് വലിയൊരു gesture ആണ്. ഒരു പ്രസംഗ മത്സരം നടത്തി വിജയിക്കാനുള്ള സന്ദർഭമായി നോക്കരുത്. ഇതിന്റെ ഗൗരവം ഡൈല്യൂട്ട് ചെയ്യരുത്.

ശ്രീ. ടി. എം. ജേക്കബ്: ഒരു പത്ത് മിനിട്ട് ബ്രേക്ക് തരരുതോ? ഞങ്ങളൊക്കെ ഇവിടെയിരുന്ന് ഈ ബില്ലിലെ ചർച്ചയിൽ പങ്കെടുക്കുകയായിരുന്നു. ഊണ് കഴിക്കണ്ടേ?

മി. സ്പീക്കർ: സാധാരണ ഇങ്ങനെ നടക്കാറുണ്ട്. ഓരോ പ്രശ്നങ്ങൾ ഉണ്ടാക്കരുത്. എല്ലാ ദിവസവും തുടർച്ചയായി നടക്കാറുണ്ട്. പത്ത് മിനിട്ട് ചോദിച്ചിട്ട് തന്നില്ല എന്ന് പറയിപ്പിക്കരുത്. ചെയറിനെ സംബന്ധിച്ചിടത്തോളം അരമണിക്കൂർ തരാനും വിരോധമില്ല. കാരണം നിങ്ങളാണ് ഇരിക്കേണ്ടത്. പക്ഷേ, ഞാൻ പറയുന്നത്, പ്രസിഡന്റിന്റെ വരവാണ്, കഴിയുന്നതും വേഗത്തിൽ തീർക്കണം. പലരും പോയി ഊണ് കഴിച്ചു. അങ്ങനെയൊരു അഡ്ജസ്റ്റുമെന്റിൽ പോവുക. അതല്ലേ ശരി?

XIII. അടിയന്തിരപ്രമേയ ചർച്ച

മൂന്നാറിലും ദേവികുളത്തുമുണ്ടായ മണ്ണിടിച്ചിൽ

ഡോ. തോമസ് ഐസക്: സർ, ഈ പ്രമേയത്തെ അതീവ ഗൗരവമായിട്ട് സമീപിക്കുന്നു എന്നുള്ളതുകൊണ്ടാണ് ഈ 10 മിനിട്ട് സമയം അപര്യാപ്തമാണെന്ന് ഞാൻ തുടക്കത്തിൽ പറഞ്ഞത്. എങ്കിലും പരമാവധി സമയം ചുരുക്കുന്നതിനുവേണ്ടി ഇടുക്കി ജില്ലയിൽ കാലവർഷക്കെടുതികളുടെ ഫലമായി മൂന്നാറിലുണ്ടായ ദുരന്തത്തിന്റെ വിവരണത്തിലേക്ക് ഞാൻ കടക്കുന്നില്ല. ടെലിവിഷൻ മുഖേനയും പത്രങ്ങളിലൂടെയും നമ്മളെല്ലാവരും അറിഞ്ഞിട്ടുള്ളതാണ്. പ്രതിപക്ഷ ഉപനേതാവ്

GPM. 2/588/2012—44

LIBRARY ARCHIVES Kerala Legislative Assembly